രാജമാർഗം

തിക്കോടിയൻ

രാജമാർഗം

തിക്കോടിയൻ

Rajamaragam (രാജമാർഗം)
(Malayalam: Play)
Thikkodiyan

Sayahna digital edition published in 2022.

Copyright © 2022, M. Pushpakumari

These electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *Landscape with millstones* (1919), by Paul René Schützenberger (1860-1916). The image has been taken from Wikimedia Foundation and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

1 രാജമാർഗം 1
2 രംഗം 1 2
3 രംഗം 2 12
4 രംഗം 3 22
5 രംഗം 4 34
6 രംഗം 5 44

— 1 —

രാജമാർഗം

1 കഥാപാത്രങ്ങൾ

1. വേണു
2. ഡോക്ടർ ശ്രീധരൻ
3. വൃദ്ധൻ
4. ശങ്കരൻ
5. ഭാസി
6. ശങ്കുണ്ണിനായർ
7. പ്രൊപ്രൈറ്റർ
8. ജയശ്രീ
9. ഗൗരി
10. കാർത്ത്യായനി അമ്മ
11. പ്രോംപ്റ്റർ

രംഗം 1

ഡോക്ടർ ശ്രീധരന്റെ വീട്. മുൻപിലത്തെ പോർട്ടിക്കോ. ഇരുട്ടുകൊണ്ട് ഒന്നും വ്യക്തമല്ല. വികാരതീവ്രതയോടെ വേണു സംസാരിക്കുന്നുണ്ട്.

വേണു: നിനക്ക് മാപ്പുതരാൻ വയ്യ (കിതയ്ക്കുന്നു). നിന്റെ കുറ്റം അത്ര ഭയങ്കരമാണ്... നീ ഒളിച്ചതുകൊണ്ട് കാര്യമില്ല. ഈ പ്രപഞ്ചത്തിന്റെ ഏതു കോണിൽ ചെന്ന് തങ്ങിയാലും എന്റെ പ്രതികാരം നിന്നെ കണ്ടെത്തും... അതത്ര ഭയങ്കരമാണ്. അതിന്റെ ചാടിപ്പുളയുന്ന ജ്വാലകളേറ്റ് നീ കരിക്കട്ടയാവണം... (വീണ്ടും കിതയ്ക്കുന്നു. തീപ്പെട്ടിക്കോൽ ഉരസി ഒരു മെഴുകുതിരി കത്തിക്കുന്നു. അതു മുഖത്തിനുനേരെ ഉയർത്തിപ്പിടിച്ച് മുന്നോട്ട് തുറിച്ചു നോക്കുന്നു. ആ കണ്ണുകളിൽ പൈശാചികത്വം വിരിഞ്ഞു നില്പുണ്ട്. മുഖത്ത് ഒരു കൊലപാതകിയുടെ ഭാവം. പതുങ്ങിയ കാൽവെപ്പോടെ മുന്നോട്ട് നീങ്ങുന്നു.) നീ മരിക്കണം. അതോടെ ഉള്ളിൽ കാപട്യവും വഞ്ചനയും ഒളിപ്പിച്ചുവെച്ച നിന്റെ ചരിത്രം അവസാനിക്കണം. (ഇടതു കൈ മുന്നോട്ട് നീട്ടി, വിരലുകൾ വളച്ചുപിടിച്ച്, കഴുത്തു ഞെരിക്കാനെന്ന ഭാവത്തിൽ പതുക്കെ നീങ്ങുന്നു.) നിന്റെ ശ്വാസനാളം ഈ കൈപ്പിടിയിൽക്കിടന്ന് ഞെരിയണം... ശ്വാസകോശം കാറ്റ് നിറഞ്ഞ സഞ്ചിപോലെ വീർത്തുവീർത്ത് പൊട്ടണം... സിരാകൂടം കൊടുമ്പിരികൊള്ളണം... നീ മരിക്കണം.

പെട്ടെന്ന് മുറിയിൽ ആകമാനം വെളിച്ചം വീഴുന്നു. സ്വിച്ച് ബോർഡിൽനിന്ന് ഒരു കൈ പതുക്കെ താഴുന്നു. അറുപതിനോടടുത്ത വൃദ്ധന്റെ കൈയാണത്. മുഖത്ത് ശാന്തിയും സമാധാനവും കളിയാടുന്നു. വെളിച്ചം വന്നപ്പോൾ അല്പം അമ്പരന്നുവെങ്കിലും വേണു കൊലപാതകിയുടെ ഭാവം വിട്ടിട്ടില്ല. എന്തുചെയ്യണമെന്നറിയാതെ നില്ക്കുന്നു. വൃദ്ധൻ അല്പം മുന്നോട്ട് വന്ന് വിളിക്കുന്നു.

വൃദ്ധൻ: വേണു! (വേണു മുഖഭാവം മാറ്റാൻ ശ്രമിക്കുന്നു. തിരിഞ്ഞുനോക്കുന്നില്ല) ആരാണ് മരിക്കേണ്ടത്?

വേണു: ആരും മരിയ്ക്കേണ്ടച്ഛാ. (വൃദ്ധന്റെ നേർക്ക് തിരിയുന്നു.)

വൃദ്ധൻ: ആരോ മരിക്കണമെന്ന് നിനക്ക് നിർബന്ധമുള്ളതുപോലെ തോന്നി. (വേണുമിണ്ടുന്നില്ല. സാവകാശം വൃദ്ധന്റെ അരികിലേക്ക് നീങ്ങുന്നു. കൈയിൽ കത്തുന്ന മെഴുകുതിരി.) പറയൂ, ആരാണ് മരിക്കേണ്ടത്? (ഇരിക്കുന്നു)

വേണു: ജീവിച്ചിരിക്കുന്നവരാരുമല്ലച്ഛാ.

വൃദ്ധൻ: പിന്നെ?

വേണു: ഒരു കഥാപാത്രമാണ്.

വൃദ്ധൻ: ഇവിടെയെങ്ങാനും വന്നിട്ടുണ്ടോ?

വേണു: ഞാൻ നാടകത്തിലെ ഒരു ഭാഗം അഭിനയിച്ചതാണ്.

വൃദ്ധൻ: നാടകത്തിൽ കൊലപാതകവുമുണ്ടോ?

വേണു: ഉണ്ട്.

വൃദ്ധൻ: നീയാണോ കൊല്ലുന്നത്?

വേണു: അതെ.

വൃദ്ധൻ: നീ ആരെയാണ് കൊല്ലുന്നത്?

വേണു: ഒരു സ്ത്രീയെ.

വൃദ്ധൻ: ഓഹോ, നല്ല കാര്യം! അവളും നീയുമായുള്ള ബന്ധം?

വേണു: ഞങ്ങൾ തമ്മിൽ ബന്ധമൊന്നുമില്ല.

വൃദ്ധൻ: നാടകത്തിലെ ബന്ധമാണ് ചോദിച്ചത്.

വേണു: നാടകത്തിൽ അവളെന്റെ ഭാര്യയാണ്.

വൃദ്ധൻ: നിങ്ങൾക്ക് മക്കളുണ്ടോ?

വേണു: ഇല്ല.

വൃദ്ധൻ: ഭാഗ്യം. ഉണ്ടെങ്കിൽ നിർദോഷികളായ ആ മക്കൾ കഷ്ടപ്പെടുമായിരുന്നു. അച്ഛൻ അമ്മയെ കൊല്ലുക-അച്ഛനെ ഗവണ്മെന്റ് തൂക്കിക്കൊല്ലുക-

വേണു: ആ ഭാഗമൊന്നും നാടകത്തിൽ വരുന്നില്ലച്ഛാ.

വൃദ്ധൻ: പിന്നെ?

വേണു: അവളെ കൊല്ലുന്നതോടുകൂടി നാടകം അവസാനിക്കുന്നു.

വൃദ്ധൻ: പക്ഷേ, നിങ്ങളുടെ നാടകം കാണാൻ വരുന്നവർ മുഴുവനും കഴുതകളാവില്ലല്ലോ! അപ്പുറത്തുള്ള കാര്യം അവരാലോചിക്കില്ലേ! ഉടനെ കൊലപാതകസ്ഥലത്ത് പോലീസുവരും, ഇൻക്വസ്റ്റ് നടത്തും, ശവം പോസ്റ്റ്മോർട്ടത്തിനയയ്ക്കും. നിന്നെ പോലീസ് അറസ്റ്റ് ചെയ്യും.

വേണു: എന്നെ എന്തിനറസ്റ്റുചെയ്യണം?

വൃദ്ധൻ: നിന്നെയല്ല, ആ കൊലപാതകം നടത്തിയ ഭർത്താവിനെ... അതിരിക്കട്ടെ കൊലചെയ്യാൻ നിന്നെ പ്രേരിപ്പിക്കുന്ന കാരണം?

വേണു: പ്രേമവഞ്ചന.

വൃദ്ധൻ: വലിയ കുറ്റംതന്നെ! ഇരിക്കട്ടെ; വിവാഹമോചനമെന്ന ഒരേർപ്പാടുണ്ടല്ലോ-അത് നാടകത്തിൽ പറ്റില്ലേ?

വേണു: അതെന്തിനച്ഛാ?

വൃദ്ധൻ: കൊലപാതകം കൂടാതെകഴിക്കാൻ പറഞ്ഞതാണ്. അവനവന് നിരക്കാത്ത ഭാര്യയെ 'എന്നാൽ പിന്നെക്കാണാം' എന്ന് യാത്രയുംപറഞ്ഞ് അവളുടെ വീട്ടിലേക്കയയ്ക്കുക-എന്താ?

വേണു: ജീവിതത്തിലാവുമ്പോൾ അത് പറ്റും. നാടകത്തിൽ അത് പറ്റില്ല.

വൃദ്ധൻ: കാരണം?

വേണു: നാടകത്തിന് ചില ടെക്നിക്കെല്ലാമുണ്ടച്ഛാ.

വൃദ്ധൻ: ഓ! അതിനുമുണ്ടോ ടെക്നിക്ക്? കേൾക്കട്ടെ എന്തൊക്കെയാണ്?

വേണു: അവസാനരംഗത്തിൽ നാടകത്തിലെ വികാരം 'ക്ലൈമാക്സിൽ' എത്തണം.

വൃദ്ധൻ: എന്ത് മാക്സ്.

വേണു: ക്ലൈമാക്സ്.

വൃദ്ധൻ: ഓ! ഞാൻ വിചാരിച്ച് കത്തിച്ച തൂക്കുന്ന വിളക്കാവുമെന്ന്. നാടകത്തിലത് ധാരാളം വേണമല്ലോ.

വേണു: തെറ്റുചെയ്ത ഭാര്യയെ പുറത്ത് തട്ടി. 'എന്നാൽ പിന്നെ കാണാം.' എന്ന് നല്ലവാക്കും പറഞ്ഞയച്ചാൽ കാണാൻ വന്നവർ കൂവും. അവർക്കത് രസിക്കില്ല.

വൃദ്ധൻ: കൊലപാതകമാണെങ്കിൽ?

വേണു: അതവരെ ആവേശംകൊള്ളിക്കും.

വൃദ്ധൻ: തരക്കേടില്ല! (എഴുന്നേല്ക്കുന്നു. ആലോചനാപൂർവം നടക്കുന്നു.) തമ്മിൽത്തല്ലും വഴക്കും കൊലപാതകവും. നിത്യ ജീവിതത്തിൽ ഇന്ന് വേണ്ടുവോളമുണ്ട്. അത് നിങ്ങൾ നാടകത്തിൽ പകർത്തിയും ജനങ്ങളെ കാണിക്കുക! (വേണുവിന്റെ നേർക്ക് തിരിഞ്ഞ്) വേണു, ജീവിതത്തിലെ എല്ലാ പ്രശ്നങ്ങളേയും പരിഹരിക്കാൻ സ്നേഹത്തിന്റെ ഒരു മാർഗമുണ്ട്. നാടകത്തിലൂടെ നിങ്ങൾക്കതൊന്ന് പരീക്ഷിച്ചുകൂടേ?

വേണു: അച്ഛാ, കാണാനാളുകളില്ലെങ്കിൽ നാടകം പ്രദർശിപ്പിക്കുന്നതെന്തിനാണ്?

വൃദ്ധൻ: സ്നേഹം ആളുകൾക്കിഷ്ടമല്ലേ?

വേണു: വാക്കിൽ മാത്രം.

വൃദ്ധൻ: ജീവിതത്തിലും നാടകത്തിലും നീയൊരു കൊലപാതകിയായിക്കാണാൻ

എനിക്കിഷ്ടമില്ല. നീ അഭിനയിക്കുന്ന നാടകത്തിലെ കഥാപാത്രങ്ങളൊക്കെ കൊലപാതകികളാണോ?

വേണു: അല്ലച്ഛാ-പ്രധാന നടൻ മാത്രം.

വൃദ്ധൻ: അത് ഭംഗിയായി! എന്നാലല്ലേ കൊലപാതകം വേണ്ടത്ര പ്രചരിക്കുകയുള്ളൂ! വല്ലാത്ത ലോകം… (മിണ്ടാതെ നടക്കുന്നു) ആട്ടെ, നീയിന്ന് റിഹേഴ്സലിന്ന് പോകുന്നുണ്ടോ?

വേണു: ഉണ്ട്.

വൃദ്ധൻ: പിന്നെ എന്തിനിത്ര താമസിക്കുന്നു? വേഗം പോയിട്ട് വരരുതേ? ഉറക്കൊഴിച്ച് വല്ല രോഗവും വരുത്തും.

വേണു: ഞാൻ പോവുകയാണ് (പോകാൻ തുടങ്ങുന്നു.)

വൃദ്ധൻ അകത്തേക്ക് പോകാൻ ഭാവിക്കുന്നു. അകത്തുനിന്ന് ഒരു ശോകഗാനത്തിന്റെ ഈരടി കേട്ട് രണ്ടുപേരും തെല്ലിട നില്ക്കുന്നു. ഗാനത്തിന്റെ അവസാനത്തിൽ കാറിന്റെ ഹോൺ കേൾക്കുന്നു. വൃദ്ധൻ അകത്തേക്ക് പോകുന്നു. പോകുമ്പോൾ പറയുന്നു: ‘നിന്റെ ജേഷ്ഠൻ വരുന്നുണ്ട്,’ വേണു ശ്രദ്ധിക്കുന്നില്ല. അയാൾ പുറത്തേക്ക് കടക്കാൻ തുടങ്ങുമ്പോൾ അഭിമുഖമായി ഡോക്ടർ ശ്രീധരനും, അദ്ദേഹത്തിന്റെ ഡ്രൈവറും കാര്യസ്ഥനുമെല്ലാമായ ശങ്കരനും പ്രവേശിക്കുന്നു. വഴിമാറി നില്ക്കുന്ന വേണുവിനെ ശ്രീധരൻ അല്പം രൂക്ഷമായി ഒന്നു നോക്കുന്നു. വേണു മുൻപോട്ടു വന്നു നില്ക്കുന്നു. കൈയിൽ പെട്ടിയും ചുമന്ന് ശങ്കരൻ മുൻനടന്ന് അകത്തേക്കു പോകുന്നു. ഡോക്ടർ ശ്രീധരൻ മേശപ്പുറത്തു കാൽ ഏറ്റിവെച്ച് പകുതിയിരുന്ന് ഒരു സിഗരറ്റ് കൊളുത്തുന്നു. അപ്പോഴും നോട്ടവും ശ്രദ്ധയും വേണു കടന്നുപോയ ഭാഗത്തേക്കാണ്. ധൃതിയിൽ ഒരു പുകയെടുത്ത് അത് പുറത്തേക്ക് വിട്ടുകൊണ്ട് ഉറക്കെ വിളിക്കുന്നു-ശബ്ദത്തിന് അല്പം ഒരിടർച്ച.

ഡോക്ടർ ശ്രീധരൻ: വേണൂ, വേണൂ… (പുറത്തേക്ക് ശ്രദ്ധിച്ച്, വേണു വിളികേട്ട് വരുന്നുണ്ടെന്ന് മനസ്സിലാക്കി അസ്വസ്ഥയോടെ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.)

വേണു തിരിച്ചുവരുന്നു.

വേണു: എന്നെ വിളിച്ചോ?

ഡോക്ടർ ശ്രീധരൻ: (അല്പം പുച്ഛഭാവത്തിൽ) ഉവ്വ്, എങ്ങട്ടാ എഴുന്നള്ളത്ത്.

വേണു: പുറത്തേക്കു പോവുകയാണ്.

ഡോക്ടർ ശ്രീധരൻ: അത് കണ്ടപ്പോൾ മനസ്സിലായി. രാത്രി പത്തുമണിക്കുശേഷം പുറത്തെന്താണ് നിനക്ക് ജോലി.

വേണു: കലാലയത്തിലോളം ഒന്ന് പോകണം.

ഡോക്ടർ ശ്രീധരൻ: (കൂടുതൽ പുച്ഛത്തോടെ) കലാലയത്തിൽ! ഏതാണെടാ നിന്റെ ഈ കലാലയം? എന്റെ മുഖത്തുനോക്കി നിനക്കത് പറയാൻ ഭയമില്ലേ?

വേണു: ഏത്?

ഡോക്ടർ ശ്രീധരൻ: നിന്റെ കലാലയത്തിന്റെ പേര്.

വേണു: അത് പറയാൻ ഞാനെന്തിന് ഭയപ്പെടണം?

ഡോക്ടർ ശ്രീധരൻ: ഞാനാരാണെടാ? ഞാനാരെന്ന് നിനക്ക് മനസ്സിലായിട്ടുണ്ടോ?

വേണു: എന്റെ ജ്യേഷ്ഠൻ.

ഡോക്ടർ ശ്രീധരൻ: (പുച്ഛമായി ചിരിക്കുന്നു.) നിന്റെ ജ്യേഷ്ഠൻ. നീയങ്ങനെ കരുതുന്നതുതന്നെ എനിക്കപമാനമാണ്.

വേണു: അത് ഞാനറിഞ്ഞില്ല.

ഡോക്ടർ ശ്രീധരൻ: നീയെന്തിനാടാ പഠിച്ചത്? വല്ല ജോലിയുമന്വേഷിക്കാതെ നാടകക്കാരുടെ പിന്നാലെ നടക്കുക! എന്റെ വിലയും നിലയും നീ കെടുത്തും...

വേണു: നാടകം അത്ര വിലകെട്ടതാണോ?

ഡോക്ടർ ശ്രീധരൻ: അല്ല, പരിപൂജ്യമാണ്! എടാ നിന്റെ ആ കലാലയത്തിന്റെ നാറ്റംകൊണ്ട് ഈ പട്ടണത്തിൽ ജീവിക്കാൻ വയ്യാതായിരിക്കുന്നു.

വേണു: കലാലയത്തിന് അങ്ങനെയൊരു നാറ്റമുള്ളതായി ഞാൻ മനസ്സിലാക്കീട്ടില്ല.

ഡോക്ടർ ശ്രീധരൻ: നീ മനസ്സിലാക്കില്ല. അവനവന്റെ നാറ്റം അവനവനറിയില്ല.

വേണു: അത് പരമാർഥമാണ് (അല്പമൊന്ന് ചിരിക്കുന്നു).

ഡോക്ടർ ശ്രീധരൻ: (കലശലായ ശുണ്ഠിയോടെ അടുത്തുചെന്ന്) നീയെന്താ ചിരിച്ചത്.

വേണു: ഒന്നുമില്ല.

ഡോക്ടർ ശ്രീധരൻ: അല്ല; പറ!

വേണു: ഞാൻ പറഞ്ഞത് ജ്യേഷ്ഠന് രസിക്കില്ല.

ഡോക്ടർ ശ്രീധരൻ: എനിക്ക് രസിക്കാത്ത കാര്യം പോട്ടെ; നിനക്കിത്രവലിയ സന്തോഷമെന്തുണ്ടായി?

വേണു: (കുറച്ച് ഗൗരവത്തോടെ) അവനവന്റെ നാറ്റം അവനവനറിയില്ലെന്ന് പറഞ്ഞത് ജ്യേഷ്ഠൻ മറക്കരുത്.

ഡോക്ടർ ശ്രീധരൻ: എന്ത്? നീയിപ്പറഞ്ഞതിന്റെ അർത്ഥം?

വേണു: ഇനിയും വ്യക്തമാക്കണോ

ഡോക്ടർ ശ്രീധരൻ: വേണം.

വേണു: ജ്യേഷ്ഠനെ നാറുന്നുണ്ട്. (ഡോക്ടർ ശ്രീധരൻ പാന്റിന്റെ കീശയിൽനിന്ന് ടവ്വലെടുത്ത് മുഖം തുടയ്ക്കുന്നു.) ഇനിയും വ്യക്തമാക്കണോ? കള്ള് നാറുന്നുണ്ട്, കള്ള്! ഈ നാറ്റം പരത്തിക്കൊണ്ടാണ് ജ്യേഷ്ഠൻ കലാലയത്തെ കുറ്റം പറയുന്നത്.

ഡോക്ടർ ശ്രീധരൻ: (ഉത്തരം മുട്ടിയ ഇളിഭ്യതയോടെ) എടാ, മാന്യന്മാരെ അങ്ങനെ ചിലത് നാറും. ഈ പട്ടണത്തിൽ എന്നേക്കാൾ മാന്യതയുള്ളവരെ നാറുന്നുണ്ട്.

വേണു: എന്നാൽ ആ നാറുന്ന മാന്യതയുംകൊണ്ട് വായ തുറക്കാത്തതാണ് ഭേദം. മറ്റുള്ളവർ അവരവരുടെ പാട്ടിന് ജീവിച്ചോട്ടെ.

ഡോക്ടർ ശ്രീധരൻ: അത് നിന്റെ വ്യാമോഹമാണ്. നിന്റെ പാട്ടിന് നിന്നെ ഞാൻ വിടാൻ വിചാരിച്ചിട്ടില്ല. എനിക്ക് നിന്റെ പേരിൽ ചില അധികാരങ്ങളെല്ലാമുണ്ട്.

വേണു: ഞാൻ ചെയ്യേണ്ടതെന്തെന്ന് പറയൂ.

ഡോക്ടർ ശ്രീധരൻ: നീ കലാലയവുമായി നിനക്കുള്ള ബന്ധം മുഴുവൻ വിടണം.

വേണു: സാദ്ധ്യമല്ല.

ഡോക്ടർ ശ്രീധരൻ: നീയിനി നാടകത്തിൽ വേഷമെടുക്കരുത്.

വേണു: അതും സാധ്യമല്ല.

ഡോക്ടർ ശ്രീധരൻ: ഇവിടെ മാന്യന്മാരുടെ ക്ലബ്ബിൽ ഞാൻ പ്രസിഡന്റാണ്. എനിക്ക് എന്നേപ്പോലുള്ള നാലുപേരുടെ കൂട്ടത്തിൽ തലയുയർത്തി നില്ക്കണം.

വേണു: ഞാൻ അതിന് തടസ്സമല്ല.

ഡോക്ടർ ശ്രീധരൻ: ആണ്. നിന്നേയും നിന്റെ കലാലയത്തേയും പറ്റി നാറുന്ന കഥകളാണ് പ്രചരിക്കുന്നത്. അവിടെ നടക്കുന്നതെന്താണെടാ?

വേണു: കലാപരിപാടികൾ-നൃത്തം, സംഗീതം, നാടകം…

ഡോക്ടർ ശ്രീധരൻ: മതിമതി. എല്ലാവരും ചേർന്നുള്ള നൃത്തം… ആണും പെണ്ണും ഭേദമില്ലാതെ.

വേണു: (സഹികെട്ട്) അത് മാന്യന്മാരുടെ ക്ലബ്ബിലാവും.

ഡോക്ടർ ശ്രീധരൻ: അല്ലെടാ; നിന്റെ കലാലയത്തിൽ. ആ പെണ്ണെന്തുചെയ്യുന്നു.

വേണു: ഏത് പെണ്ണ്?

ഡോക്ടർ ശ്രീധരൻ: കുമാരി ഗൗരിയില്ലേ? നിങ്ങളുടെ സ്റ്റാർ. നീയവളുടെ എത്രാമത്തെ കാമുകനാണ്?

വേണു: (ക്ഷുണ്ണിയെടുത്ത്) ജ്യേഷ്ഠാ, ജ്യേഷ്ഠൻ നിലവിട്ട് സംസാരിക്കരുത്.

ഡോക്ടർ ശ്രീധരൻ: (മുൻപോട്ടടുത്ത്) എന്താ സംസാരിച്ചാൽ? ഏങ്? എന്താ?

ഡോക്ടർ ശ്രീധരൻ മുമ്പോട്ടു നീങ്ങുമ്പോൾ മറുവശത്തുകൂടെ അവരുടെ രണ്ടുപേരുടേയും അനുജൻ ഭാസി പ്രവേശിക്കുന്നു. ഫുട്ബോൾ വേഷം. ഒരു ചെറുനാരങ്ങ കടിച്ച് അതിന്റെ രസം മുത്തിക്കുടിച്ചാണ് വരവ്. നേരേ അകത്തേക്ക് പോകുന്നു. ഡോക്ടർ ശ്രീധരൻ രൂക്ഷമായി നോക്കുന്നു.

ഡോക്ടർ ശ്രീധരൻ: ഭാസീ... ഭാസീ... (ഭാസി തിരിച്ചു വരുന്നു.) ഇത്ര താമസിക്കുന്നതുവരെ നീ പുറത്തെവിടെയായിരുന്നു?

ഭാസി: ഇന്നൊരു ഫുട്ബോൾ മേച്ചുണ്ടായിരുന്നു.

ഡോക്ടർ ശ്രീധരൻ: രാത്രിയാണോ മേച്ച്? ഇപ്പോൾ സമയമെന്തായി? എടാ, പത്തുമണിക്ക് മുമ്പെങ്കിലും വീട്ടിലെത്താൻ വയ്യേ? എന്താണെടാ നിന്റെയൊക്കെ ലക്ഷ്യം?

ഭാസി: ഗോൾപോസ്റ്റ്.

വേണു പെട്ടെന്ന് ചിരിക്കുന്നു.

ഡോക്ടർ ശ്രീധരൻ: (കലശലായ ശുണ്ഠിയോടെ) നിങ്ങളൊക്കെ കുടുംബം നശിപ്പിക്കാൻ പിറന്നതാണ്. ഒരുത്തന്റെ ലക്ഷ്യം ഗോൾപോസ്റ്റ്. മറ്റവന്റേത് കലാലയം. എടാ, ഇനി രാത്രി പുറത്തിറങ്ങരുത്. എട്ടുമണിക്ക് മുമ്പെ ഇവിടെ എത്തിക്കൊള്ളണം. ഉം... പൊയ്ക്കോളൂ.

ഭാസി പോകുന്നു.

ഡോക്ടർ ശ്രീധരൻ: (വീണ്ടും വേണുവിന്റെനേർക്ക് തിരിഞ്ഞ്) ഇന്നു രണ്ടിലൊന്ന് തീരുമാനിക്കണം.

വേണു: എന്ത് തീരുമാനിക്കാൻ?

ഡോക്ടർ ശ്രീധരൻ: ഒന്നുകിൽ നീ ആ കലാലയവുമായുള്ള ബന്ധം അവസാനിപ്പിക്കണം. അല്ലെങ്കിൽ ഈ വീടുമായുള്ളത്.

വേണു മറുപടി പറയാൻ അല്പം പരുങ്ങുന്നു. അകത്തുനിന്ന് ആദ്യത്തെ ശോകഗാനം വീണ്ടും കേട്ടുതുടങ്ങുന്നു. ഡോക്ടർക്ക് അത് കേട്ട് വിറളിപിടിക്കുന്നു.

ഡോക്ടർ ശ്രീധരൻ: (വിളിക്കുന്നു) ശങ്കരാ... എടാ ശങ്കരാ!

ശങ്കരൻ ഓടിവരുന്നു.

ശങ്കരൻ: ഓ!

ഡോക്ടർ ശ്രീധരൻ: അവളോട് ആ സംഗീതമൊന്ന് നിർത്താൻ പറേടാ. ഇവിടെക്കിടന്ന് മനുഷ്യൻ പൊറുത്തോട്ടെ. (ശങ്കരൻ അനുസരിച്ച് പോകുന്നു.) ഒരു നാടകക്കാരനെ ഇവിടെ വെച്ചുപൊറുപ്പിക്കാൻ ഞാനുദ്ദേശിക്കുന്നില്ല.

വേണു: ജ്യേഷ്ഠാ, നാടകം പകർച്ചവ്യാധിയൊന്നുമല്ല.

ഡോക്ടർ ശ്രീധരൻ: ആണെങ്കിൽ ഞാൻ ചികിത്സിച്ച് മാറ്റുമായിരുന്നു.

വേണു: സഹോദരബന്ധം തകർക്കാൻ മാത്രമുള്ള അപകടമൊന്നും അതിലില്ല.

ഡോക്ടർ ശ്രീധരൻ: നീയെന്നെ പഠിപ്പിക്കാൻ തുടങ്ങരുത്. ചോദിച്ചതിനുത്തരം പറയൂ.

വേണു: ഇപ്പഴതിന്നു പറ്റിയ സന്ദർഭമല്ല.

ഡോക്ടർ ശ്രീധരൻ: ഈ സന്ദർഭത്തിലെന്താണ് കുറ്റം?

വേണു: സ്വബോധമുള്ളപ്പോൾ പറയേണ്ട കാര്യമാണത്.

ഡോക്ടർ ശ്രീധരൻ: ആർക്കാണ് സ്വബോധമില്ലാത്തത്?

വേണു: ജ്യേഷ്ഠന്...

ഡോക്ടർ ശ്രീധരൻ: എടാ, നിന്റെ അധികപ്രസംഗമുണ്ടല്ലോ. അത് ഇന്ന് അവസാനിപ്പിക്കണം... (ഓടിച്ചെന്ന് ഷർട്ടിൽ പിടിക്കുന്നു.) ധിക്കാരം പറയുന്നത് കുറച്ച് സൂക്ഷിച്ചുവേണം. പറേടാ, ഒരു പ്രാവശ്യംകൂടി നീയതു പറ. നീയെന്നെ പഠിപ്പിക്കരുത്.

വേണു: ജ്യേഷ്ഠൻ സ്വയം പഠിച്ചാൽ മതി.

ഡോക്ടർ ശ്രീധരൻ: എന്ത്? ഞാനിനിയെന്ത് പഠിക്കാൻ? ഈ ജ്യേഷ്ഠന്റെ പഠിപ്പുകൊണ്ടാണ് നിന്നെയും മറ്റുള്ളവരെയും പോറ്റുന്നത്. എടാ, എന്റെ മുഖത്ത് നോക്കി അധികപ്രസംഗം പറയാനുള്ള ചങ്കൂറ്റം നിനക്കുണ്ടാക്കിത്തന്നത് ആ പഠിപ്പാണ്.

വേണു: കണക്കുകൂട്ടരുത്.

ഡോക്ടർ ശ്രീധരൻ: എന്ത്!

വേണു: അങ്ങനെ കണക്കുകൂട്ടിയാൽ...

ഡോക്ടർ ശ്രീധരൻ: കൂട്ടിയാൽ?

വേണു: പലർക്കും പല കണക്കും കൂട്ടാനുണ്ടാവും. അപ്പോൾ നമ്മുടെയൊക്കെ ബന്ധം പലചരക്കുകടയിലെ ബന്ധമാവും.

ഡോക്ടർ ശ്രീധരൻ: എന്നോടൊരുത്തനും കണക്കുപറയില്ല.

വേണു: അകത്തിരിക്കുന്ന അച്ഛനെ മറക്കരുത്.

ഡോക്ടർ ശ്രീധരൻ: അച്ഛനോടുള്ള ചുമതലയുടെ പേരിൽ നിന്നെയും മറ്റും പോറ്റേണ്ട ആവശ്യമെനിക്കില്ല.

വേണു: ഇല്ലെങ്കിൽ വേണ്ട. എനിക്കിങ്ങനെ വർത്തമാനം പറയാൻ വയ്യ. മടുത്തു. (പോകാൻ തുടങ്ങുന്നു.)

ഡോക്ടർ ശ്രീധരൻ: (കലശലായ ശുണ്ഠിയോടെ ഓടിച്ചെന്ന് പിടിച്ച്) ഇവിടെ വാടാ. ഇത്രനേരവും പറഞ്ഞത് നിന്നോടല്ലേ? (വേണുവിനെപ്പിടിച്ച് രംഗമധ്യേ കൊണ്ടുവരുന്നു.) കുറച്ചൊരനുസരണം കാണിച്ചാൽ ഒരബദ്ധവുമില്ല. ധിക്കാരം! അതിരു കടന്ന ധിക്കാരം!

പിടിവിട്ട് മാറിനിന്ന് വേണുവിനെ രൂക്ഷമായി നോക്കുന്നു. ഡോക്ടർ ശ്രീധരന്റെ ഭാര്യ ജയശ്രീ, അകത്തുനിന്നു വരുന്നു. അല്പമൊന്ന് ഞെട്ടുന്നു. ഇരുവരുടേയും നടുവിലായി നില്ക്കുന്നു. ഡോക്ടർ ശ്രീധരൻ രണ്ടു പേരേയും മാറിമാറി, ദഹിപ്പിക്കാൻ മട്ടിൽ നോക്കുന്നു.

ജയശ്രീ: (മുഖത്തുള്ള സ്ഥായിയായ ദീനഭാവം മാറ്റി മന്ദഹസിക്കാൻ ശ്രമിച്ച്) എന്താണിവിടെ നടക്കുന്നത്?

ഡോക്ടർ ശ്രീധരൻ: നീയാരാണ് ചോദിക്കാൻ ഇപ്പഴെന്തിനിങ്ങട്ടു കടന്നുവന്നു?

ജയശ്രീ: ഈ ബഹളമൊക്കെ എന്തിന്റെ പേരിലാണ്.

ഡോക്ടർ ശ്രീധരൻ: നീ വീട്ടുകാര്യമന്വേഷിക്കാൻ വന്നതാണോ? നിനക്കതിനൊക്കെ നേരമുണ്ടോ? (പുച്ഛഭാവം) ഇക്കാര്യത്തിൽ തലയിട്ട് വിഷമിക്കണ്ട. അകത്തുചെന്നിരുന്ന് പാടിക്കോളൂ.

ജയശ്രീ: പാടുന്നതൊരപരാധമാണോ?

ഡോക്ടർ ശ്രീധരൻ: തുടങ്ങി, ഇനി നിന്റെവകയാവട്ടെ. നാടകത്തിന്റെ ഗുണം കേട്ടുകഴിഞ്ഞതേയുള്ളൂ. ഇനി സംഗീതത്തിന്റെ ഗുണമായി.

ജയശ്രീ: നല്ല കാര്യങ്ങളൊന്നും കേൾക്കാൻ പാടില്ലേ?

ഡോക്ടർ ശ്രീധരൻ: (അലറുന്നു) ജയേ! അധികപ്രസംഗം പറയാതെ അകത്തേക്ക് കടന്നുപൊക്കോളൂ! ഞാൻ വളരെ ചീത്തയായ സമയമാണ്.

ജയശ്രീ: ഇയ്യിടെ എപ്പോഴും അങ്ങനെയാണ്.

ഡോക്ടർ ശ്രീധരൻ: നീയകത്ത് പോകുന്നുണ്ടോ?

ജയശ്രീ: (ചിരിക്കാൻ ശ്രമിച്ചുകൊണ്ട്) പോയില്ലെങ്കിൽ?

ഡോക്ടർ ശ്രീധരൻ: അടിച്ച് ഞാൻ പുറത്തിറക്കും. നിന്റെ നോട്ടവും കലാലയത്തിലേക്കാണെങ്കിൽ ഇവന്റെ പിറകെ നീയും ഇറങ്ങിക്കോളൂ.

ജയശ്രീ ചെവിപൊത്തുന്നു. വേണു എന്തോ പറയാൻ ഭാവിച്ച് ഡോക്ടർ ശ്രീധരനെ നോക്കുന്നു. വൃദ്ധൻ പിറകിൽനിന്ന് വരുന്നു.

വൃദ്ധൻ: (അല്പമൊരു കണ്ഠമിടർച്ചയോടെ) നിങ്ങളെല്ലാം കൂടി ഇവിടെയൊരു കുരുക്ഷേത്രമാക്കും. ശ്രീധരാ, നീ അകത്തു പോവുന്നുണ്ടോ? ആ ഉടുപ്പൊക്കെ മാറ്റി ചെന്ന് കുളിക്കൂ… (ഡോക്ടർ ശ്രീധരൻ ഒന്നും പറയാതെ അകത്തേക്ക് പോകുന്നു.) റിഹേഴ്സൽ ഇന്ന് ഇവിടെവെച്ചായിരുന്നു, ഇല്ലേ? എന്റെ ഭാഗ്യത്തിന് കൊലപാതകം മാത്രം നടന്നില്ല.

വേണു: ഞാൻ നിർദ്ദോഷിയാണച്ഛാ.

വൃദ്ധൻ: ഞാൻ കുറ്റക്കാരെ കണ്ടുപിടിക്കാൻവേണ്ടി പറഞ്ഞതല്ല നീതിന്യായ ക്കോടതിയിലെത്തുമ്പോൾ ആ ചുമതല അധികാരികൾ നിർവഹിച്ചുകൊള്ളും. (അസ്വസ്ഥതയോടെ നടക്കുന്നു.) ഇതൊക്കെ നിന്റെ കൊള്ളരുതായ്മയാണ്.

വേണു: അച്ഛാ...

വൃദ്ധൻ: വല്ല ജോലിയും സമ്പാദിച്ചാൽ മറ്റുള്ളവരുടെ ആക്ഷേപം കേൾക്കാതെ മാനമായി ജീവിക്കാം. അത് നിനക്കാവില്ലല്ലോ. കേട്ടോളൂ, വേണുത്ര.

വേണു ഒന്നും മിണ്ടാതെ വിചാരമഗ്നനായി കടന്നുപോകുന്നു. ജയശ്രീ മുഖം പൊത്തി അല്പാല്പം വിങ്ങുന്നു.

വൃദ്ധൻ: നിയെന്തിനാ ജയേ കരയുന്നത്? ഈ വഴക്കുകളിലൊക്കെ തലയിടാൻ എന്തിനു വരണം?

ജയശ്രീ: എപ്പോഴും സഹിക്കാൻ പാടില്ലാത്ത വാക്കുകളാണച്ഛാ പറയുന്നത്.

വൃദ്ധൻ: നിന്റെ ആവലാതിയതാണ്. ഈ വീട്ടിൽ ആവലാതിയില്ലാത്തവർ ചുരുങ്ങും. അകത്തേക്ക് ചെല്ലൂ. അവന്റെ ആവശ്യങ്ങളെന്തെന്നന്വേഷിക്കൂ. മുഖം വീർപ്പിച്ച് നിന്ന് ഇനിയും വഴക്കുണ്ടാക്കേണ്ട.

ജയശ്രീ: ഞാനങ്ങ് ചെന്നാൽ വഴക്ക് മൂക്കുകയേ ഉള്ളൂ.

വൃദ്ധൻ: നിനക്കത് പരിചയമില്ലാത്തതല്ലല്ലോ. ചെല്ലൂ അങ്ങട്ട്.

ജയശ്രീ പോകുന്നു. വൃദ്ധൻ ആലോചനാമഗ്നനായി നടക്കുന്നു.

— യവനിക —

— 3 —

രംഗം 2

കലാലയത്തിലെ റിഹേഴ്സൽ വിഭാഗം. അവിടവിടെ ഒന്നുരണ്ട് ബെഞ്ചുകൾ, കസേരകൾ, ഒരു മേശ. കണ്ടാൽ ഒരനാഥാലയത്തിന്റെ ഛായ. കസേരകളിലൊന്നിലിരുന്ന് ഗൗരി വായിക്കുകയാണ്. ഇടയ്ക്കിടെ കൈകൊണ്ടും മുഖംകൊണ്ടും ചില അഭിനയങ്ങളുമുണ്ട്. ശങ്കരൻ കടന്നുവന്ന് ചുമയ്ക്കുന്നു.

ഗൗരി: ഓ, ശങ്കരനോ?

ശങ്കരൻ: അതെ.

ഗൗരി: ഉം? എന്താ വിശേഷം? നിന്റെ യജമാനന് സുഖംതന്നെയല്ലേ?

ശങ്കരൻ: എന്ത് സുഖം! മൂപ്പര് മെലിഞ്ഞുപോയി. (ചെറുവിരൽ നിവർത്തിക്കാട്ടി) ഈർക്കിലിന്റെ വണ്ണം.

ഗൗരി: ഏങ്! എന്തുപറ്റി?

ശങ്കരൻ: വിചാരം... വിചാരമാണ്.

ഗൗരി: വിചാരംകൊണ്ട് മനുഷ്യനിങ്ങനെ മെലിയാറുണ്ടോ? വല്ല രോഗവുമായിരിക്കും.

ശങ്കരൻ: ഛെ! ഛെ! വിഷഹാരിയെ പാമ്പുകടിക്കാറുണ്ടോ? ഡോക്ടർമാർക്ക് രോഗം വരാറില്ല.

ഗൗരി: (ആലോചനാപൂർവം) ആഹാ!

ശങ്കരൻ: മൂപ്പര് ഇന്നലെ എന്നോടു പറഞ്ഞു

ഗൗരി: എന്ത്?

ശങ്കരൻ: 'ശങ്കരാ ഞാനിങ്ങനെയാണെങ്കിൽ മരിച്ചുപോകും.' അത് കേട്ടപ്പോൾ എനിക്കും കരച്ചിൽ വന്നു. ഇത്ര ചെറുപ്പത്തിൽ മരിച്ചാലോ!

ഗൗരി: ശങ്കരൻ നല്ലപോലെ അഭിനയിക്കുന്നുണ്ടല്ലോ.

ശങ്കരൻ: വിചാരം വല്ലാത്ത ഒന്നാണ്.

ഗൗരി: എന്നാൽ നിന്റെ മൂപ്പരോടിനി വിചാരിക്കേണ്ടെന്ന് പറയൂ.

ശങ്കരൻ: അത് നടപ്പില്ലല്ലോ. വേണ്ടെന്നുവെക്കുന്തോറും ഈ വിചാരം എരമ്പിക്കയറും.

ഗൗരി: ആഹാ? (വീണ്ടും വായിക്കുന്നു.)

ശങ്കരൻ: ഇന്നലെ ഒരു സ്ത്രീ വന്നു.

ഗൗരി: എവിടെ?

ശങ്കരൻ: ഡിസ്പെൻസറീല്.

ഗൗരി: അവിടെ സ്ത്രീകൾ വരാറുണ്ടോ?

ശങ്കരൻ: നല്ല ചോദ്യം! അവിടെ സ്ത്രീകളാണധികം. ഇന്നലെ ഒരിരുപത്തഞ്ച് സ്ത്രീകളെ പരിശോധിച്ചുകാണും.

ഗൗരി: അതുകൊണ്ട്?

ശങ്കരൻ: മൂപ്പര് വൈകുന്നേരം കാറിൽ വന്നു കയറിയ ഉടനെ എന്നെ വിളിച്ച പറഞ്ഞു: 'ശങ്കരാ, ഈ സ്ത്രീകൾക്ക് ഹൃദയമെന്നൊരു വസ്തുവില്ലെടാ...' പരിശോധിച്ച് കണ്ടതാവും.

ഗൗരി: ആവും. (വായന തുടരുന്നു.)

ശങ്കരൻ: ചെവിട്ടില് വെച്ചുനോക്കുന്ന കൊഴലില്ലേ? (ഗൗരി പുസ്തകത്തിൽനിന്ന് തലയുയർത്തുന്നു.) അതുവെച്ച് നോക്കീട്ടറിഞ്ഞതാവും.

ഗൗരി: (അലസമായി) ഉം.

ശങ്കരൻ: ഹൃദയം ഇല്ലെങ്കില് ജീവിക്ക്വോ?

ഗൗരി: സുഖമായി ജീവിക്കാൻ വിചാരിക്കുന്നവർക്ക് ഹൃദയം പാടില്ല.

ശങ്കരൻ: അങ്ങനെ വരട്ടെ...

ഗൗരി: ഉം, എന്താ?

ശങ്കരൻ: എന്നാൽ മൂപ്പർക്കും അത് കഷ്ട്യാണ്.

ഗൗരി: (ചിരിച്ച്) ആട്ടെ, എന്തേ വന്നത്?

ശങ്കരൻ: ഇവിടെ നാടകക്കാരനും എത്തീട്ടില്ലേ?

ഗൗരി: അപ്പുറത്താരൊക്കെയോ ഉണ്ട്.

ശങ്കരൻ: (കീശയിൽനിന്ന് പതുങ്ങിപ്പിടിച്ചൊരു കത്തെടുത്ത് കൊടുത്തിട്ട്) ഇത് മൂപ്പര് തന്നതാണ്.

ഗൗരി: മേൽവിലാസം ശരിക്ക് വായിച്ച് നോക്കിയാണോ പറയുന്നത്?

ശങ്കരൻ: മേൽവിലാസമൊന്നും എഴുതീട്ടില്ല. ഇതിവിടെ തരാൻ എന്നോട് പറഞ്ഞതാണ്.

ഗൗരി: ശരി (വാങ്ങുന്നു. നിവർത്തി വായിക്കുന്നു. വായന തീർന്നശേഷം) ഇത് ഡോക്ടർ അയാളുടെ ഭാര്യയ്ക്കെഴുതിയ കത്താവും.

ശങ്കരൻ: അയ്യയ്യെ... മൂപ്പരുടെ ഭാര്യയുടെ പേര് കുമാരി ഗൗരീന്നാണോ?

ഗൗരി: എനിക്കറിയില്ല.

ശങ്കരൻ: കത്ത് തന്ന് എന്നോട് പറഞ്ഞു, 'ശങ്കരാ, ഇതൊന്ന് കുമാരി ഗൗരിക്ക് കൊണ്ടക്കൊടുക്കണം; ആരും കാണരുത്; മറുപടിയും അപ്പോൾത്തന്നെ വാങ്ങിക്കൊണ്ടുവരണം,' എന്ന്.

ഗൗരി: ഓഹോ! എന്നാൽ നിനക്ക് പിഴച്ചതാവില്ല.

ശങ്കരൻ: വേഗത്തിലൊരു മറുപടി തരണം.

ഗൗരി: അത് കൊടുത്തത് ആരും കണ്ടില്ലെന്ന് പറഞ്ഞേയ്ക്കൂ

ശങ്കരൻ: ഇതാണോ മറുപടി?

ഗൗരി: എന്താ, പോരേ?

ശങ്കരൻ: മതി (തല ചൊറിഞ്ഞ്, പിന്നെ...

ഗൗരി: എന്താ?

ശങ്കരൻ: ഇതെന്റെ സ്വന്തം കാര്യമാണ്.

ഗൗരി: ഇതുവരെ മൂപ്പരുടെ കാര്യം. ഇനി നിന്റെ കാര്യം. എന്താ കേൾക്കട്ടെ.

ശങ്കരൻ: പ്രൊപ്രൈറ്ററോട് പറഞ്ഞിട്ട്... (നിർത്തുന്നു.)

ഗൗരി: പറഞ്ഞിട്ട്?

ശങ്കരൻ: നാടകത്തിലൊരു വേഷം എനിക്ക് വാങ്ങിത്തരണം.

ഗൗരി: (ചിരിക്കുന്നു) നീ മുൻപ് അഭിനയിച്ചിട്ടുണ്ടോ?

ശങ്കരൻ: ഓ... ധാരാളം... ഞാൻ കോമിക്കായിട്ടുണ്ട്.

ഗൗരി: ആഹാ!

ശങ്കരൻ: മൂന്ന് കമ്പനികളിൽ കോമിക്കായിട്ടുണ്ട്.

ഗൗരി: തരക്കേടില്ലല്ലോ?

ശങ്കരൻ: അന്നൊക്കെ സ്റ്റേജിൽ എന്റെ തല കണ്ടാൽ മതി, ജനങ്ങൾ കൂവും.

ഗൗരി: അത്ര സ്നേഹമാണ് നിന്നെ; ഇല്ലേ ശങ്കരാ?

ശങ്കരൻ: മാത്രോ? കോമിക്ക് വരുമ്പോൾ ഒരു പാട്ടുണ്ട്... കേൾക്കണോ?

ഗൗരി: കേൾക്കട്ടെ.

ശങ്കരൻ: (കോമിക്ക്, പാടിക്കൊണ്ട് പ്രവേശിക്കുന്നതായി അഭിനയിച്ച്)

> കാറ്റടിക്കിത് കാറ്റടിക്കിത്
> കതകില്ലാത്ത സങ്കടം
> കരുക്ക്ണീളെ നായ് പട്ക്കത്
> വടിയില്ലാത്ത സങ്കടം...
> മാമൻ വീട്ടി പൊണ്ണിരിക്കിത്
> പണമില്ലാത്ത സങ്കടം,

ഇതിന്നൊക്കെ ഹാർമ്മോണ്യം വേണം... ചവിട്ടാർമ്മോണ്യം.

ഗൗരി: ഏതെങ്കിലും ഒന്ന് പോരേ? ഒന്നുകിൽ ചവിട്ട്, അല്ലെങ്കിൽ ഹാർമ്മോണിയം?

ശങ്കരൻ: ഇനിയൊരു കോമിക്ക് ഡാൻസുംകൂടി കാണിക്കാം.

ഗൗരി: വേണമെന്നില്ല.

ശങ്കരൻ: പ്രൊപ്രൈറ്ററോട്ട് പറഞ്ഞ് കമ്പനീലെന്നെ എടുപ്പിക്കണം. എന്നാൽ വല്ലതും നാലുകാശിന്റെ വക...

ഗൗരി: ഞാൻ പറയാം.

ശങ്കരൻ: എന്റെ കോമിക്ക് ഡാൻസ് കണ്ടാൽ ചിരിച്ച് മണ്ണുകപ്പും... (ഒരുമട്ടിൽ വികൃതമായി ഡാൻസ് ചെയ്യുന്നു.)

മാരീചം സാഫല്യം പേരാരേ രാജ്യം
മാരീചം സാഹല്യം പേരാരേ...

വേണു ഡാൻസ് കണ്ടുകൊണ്ട് പ്രവേശിക്കുന്നു. ഗൗരി എഴുന്നേല്ക്കുന്നു. ശങ്കരൻ ഇളിഭ്യനാകുന്നു. വേണു കസേരയിൽ ഇരിക്കുന്നു. ശങ്കരൻ വല്ലാതെ പരുങ്ങുന്നു. ഗൗരി ഇരിക്കുന്നു.

വേണു: ശങ്കരൻ എപ്പഴ് വന്നു?

ശങ്കരൻ: (തല ചൊറിഞ്ഞ്) ഇപ്പഴ് വന്നതേയുള്ളു.

വേണു: ഇപ്പഴല്ലേ നിന്നെ വീട്ടിൽ കണ്ടത്? (ശങ്കരൻ തല ചൊറിഞ്ഞുകൊണ്ട് പോവുന്നു.) റിഹേഴ്സലിന് ആരും എത്തിയില്ലേ?

ഗൗരി: ആരൊക്കെയോ കുറച്ചുപേർ വന്നിട്ടുണ്ട്. അപ്പുറത്തിരുന്ന് ശീട്ടുകളിക്കുകയാണ്.

വേണു: പ്രൊപ്രൈറ്റർ വന്നില്ലേ?

ഗൗരി: ഇല്ല... പിന്നേയ്, ഒരുപകാരം ചെയ്യണം.

വേണു: എന്താണ്?

ഗൗരി: (കൈയിലുള്ള പുസ്തകം കൊടുത്ത്) ഇതഭിനയിച്ചൊപ്പിക്കാൻ വളരെ വിഷമം?

വേണു: ഏത് ഭാഗമാണിത്രയൊക്കെ വിഷമം?

ഗൗരി: നായകനും നായികയും കൂടി രണ്ടാമതും കണ്ടുമുട്ടുന്നില്ലേ?

വേണു: ഉം.

ഗൗരി: ആ ഭാഗം.

വേണു: അവിടെ ഇത്രയൊക്കെ വിഷമിക്കാനെന്തിരിക്കുന്നു?

ഗൗരി: എനിക്ക് ആ ഭാഗമൊന്ന് പറഞ്ഞുതരണം.

വേണു: നമുക്കാ ഭാഗമൊന്നെടുക്കാം. മറ്റുള്ളവർ വരുമ്പോഴേക്കും ആ സംശയമൊന്ന് തീർത്തുകളയാം... ആരാണ് ആദ്യം വരുന്നത്? ശരി നായകൻ... ഞാൻ പ്രവേശിക്കാം, ഇവിടെയിരുന്നോളൂ. (എഴുന്നേറ്റ് പോകുന്നു.)

ഗൗരി: മനോരാജ്യം വിചാരിച്ചുകൊണ്ട് വരണം.

വേണു മനോരാജ്യം വിചാരിച്ചുകൊണ്ട് വരുന്നു.

ഗൗരി: നമസ്കാരം!

വേണു: നമസ്കാരം!

ഗൗരി: ഇരിക്കൂ.

വേണു: (ഒന്നും കേൾക്കാതെ) ഈ വിശാലമായ പ്രപഞ്ചം മണലാരണ്യംപോലെ ശൂന്യമായിക്കിടക്കുന്നു. അതിലുള്ള ഒരേയൊരു നീരുറവ ഭവതിയാണ്.

ഗൗരി: ഞാനങ്ങയുടെ ദാസിയാണ്.

വേണു: ഭാഗ്യം! പരമഭാഗ്യം?

ഗൗരി: ഒരുതവണകൂടി പറയൂ...

വേണു: ഭാഗ്യം! പരമഭാഗ്യം!

ഗൗരി: ഞാനങ്ങയുടെ ദാസിയാണ്.

വേണു: ഞാൻ ഭവതിയുടെ ദാസനും.

ഗൗരി: (അറിയാതെ കുറച്ചടുത്ത് നിന്ന്) വേണു, എന്തൊരാനന്ദമാണ്!

വേണു: ഇത് നാടകത്തിലുള്ള വാക്കല്ലേ.

ഗൗരി: ജീവിതത്തിലുള്ള വാക്കാണ്. (വേണു ഞെട്ടുന്നു. ഒന്നും പറയാതെ ചെന്നിരിക്കുന്നു. വേണുവിന്റെ സമീപത്തേക്ക് നീങ്ങി.) നാടകത്തിലെന്നപോലെ ജീവിതത്തിലും ഈ വാക്കുകളൊക്കെ സത്യമായിരിക്കട്ടെ.

വേണു: (മുഖം താഴ്ത്തി) സാധ്യമല്ല.

ഗൗരി: (ഞെട്ടി) എന്ത്!

വേണു: സാധ്യമല്ലെന്ന്. അല്ലെങ്കിൽത്തന്നെ ഈ കലാലോകത്ത് നിറച്ചും അപവാദമാണ്. ഇല്ല ഗൗരീ, നാടകക്കമ്പനികളിൽ വിവാഹവും ചാടിപ്പോക്കും നടന്നുകൂടാ. രംഗത്തഭിനയിക്കുന്നത് ജീവിതത്തിൽ പകർത്തുന്നവരാണെന്ന് ലോകം നമ്മെ പഴിപറയുന്നു.

ഗൗരി: കലോപാസകർക്ക് ജീവിതം പാടില്ലേ?

വേണു: സ്വകാര്യജീവിതം കലാവേദിയോട് കൂട്ടിക്കെട്ടാൻ ഞാനനുവദിക്കില്ല. നാടകവേദിക്കപ്പുറത്ത് എത്രയോ യുവാക്കന്മാരുണ്ട്! അവരിലാരെയെങ്കിലും വിവാഹം കഴിച്ച് സുഖമായി ജീവിച്ചോളൂ.

ഗൗരി: അങ്ങേയ്ക്ക് ഹൃദയമെന്നൊന്നില്ലേ?

വേണു: അനുനിമിഷം വിങ്ങിവിങ്ങി പൊട്ടിക്കൊണ്ടിരിക്കുന്ന ഒരു ഹൃദയമെനിക്കുണ്ട്. പക്ഷേ, അത് നാടകവേദിക്കപ്പുറത്തുവെച്ചേ പ്രവർത്തിക്കൂ.

ഗൗരി: എന്നാൽ നമുക്കീ നാടകവേദിയോട്ട് യാത്രപറയാം.

വേണു: നമ്മെ സംബന്ധിക്കുന്ന അപവാദവും വൃത്തികേടും നാടകവേദിക്ക് സമ്മാനിക്കുക; നാം സുഖിക്കുക... ഞാനൊന്ന് ചോദിക്കട്ടെ... ഇത് ഗൗരിയുടെ ആദ്യത്തെ പ്രേമാഭ്യർത്ഥനയാണോ? (ഗൗരി മിണ്ടുന്നില്ല) എന്താ മിണ്ടാത്തത്? (ഗൗരി കരയുന്നു.) കരയുകയാണോ? നാടകരംഗം ജീവിതത്തിലേക്ക് പകർത്തുകയല്ല, ജീവിതം നാടകരംഗത്തിലേക്ക് പകർത്തുകയാണ് വേണ്ടത്. തെറ്റുപറ്റീട്ട് കണ്ണുനീരൊഴുക്കുന്നതെന്തിന്? പശ്ചാത്താപമാണോ?

ഗൗരി: (തേങ്ങിക്കൊണ്ട്) വേണുവിൽനിന്നു ഞാനിതു പ്രതീക്ഷിച്ചതല്ല.

വേണു: വേണുവിൽ നിന്നു ഇതുമാത്രമേ പ്രതീക്ഷിക്കേണ്ടൂ. വികാരത്തിന്റെ കടിഞ്ഞാണറ്റു കണ്ടവഴിക്കു പായുന്ന ഒരു പടക്കുതിരയല്ല കലാകാരൻ. അവന് അന്തസ്സോടെ ജീവിക്കാനറിയാം. പ്രലോഭനങ്ങൾക്കും ദുർബലവികാരങ്ങൾക്കും കീഴടങ്ങാതെ ധീരനായി ജീവിക്കാനറിയാം. വൃത്തികേടുകളിൽനിന്ന്-ബോധശൂന്യതയിൽനിന്ന്-പ്രചോദനം തേടുന്നവനല്ല കലാകാരനെന്ന് ലോകം മനസ്സിലാക്കണം.

ഗൗരി: എന്റെ ഹൃദയത്തിലെ കോളിളക്കങ്ങൾ വേണു മനസ്സിലാക്കുന്നില്ല.

വേണു: ഈ വികാരത്തിന്റെ കാറ്റ് തണിയുമ്പോൾ കോളിളക്കം താനേ അവസാനിച്ചുകൊള്ളും. ആട്ടെ, അഭിനയിക്കാൻ തുടങ്ങിയ ഭാഗം പൂർത്തിയാക്കണോ...? അതല്ലാ...

ഗൗരി: എനിക്കുവേണ്ടി പൂർത്തിയാക്കണമെന്നില്ല.

വേണു: വേണ്ട... പക്ഷേ, ഒരു കാര്യം മനസ്സിലാക്കണം; നാം കലാകാരന്മാരാണ്. മറ്റുള്ളവർക്ക് മാർഗ്ഗദർശനം നല്കേണ്ടവരാണ്. നാടകവും കഥയും കവിതയുമൊക്കെ, അതു കാണുകയും കേൾക്കുകയും വായിക്കുകയും ചെയ്യുന്നവർക്ക് മനസ്സിൽ എന്തെങ്കിലും വികാരമോ, കോരിത്തരിപ്പോ ഉണ്ടാക്കിയാൽ പോരാ. അത്തരം വികാരങ്ങളും കോരിത്തരിപ്പുകളും ഇവിടെ കള്ളും കഞ്ചാവും വില്ക്കുന്നവർ ജനങ്ങൾക്ക് കൊടുക്കുന്നുണ്ട്. നാം കഞ്ചാവുവില്പനക്കാരല്ല, കലാകാരന്മാരാണ്. നമ്മുടെ മാർഗ്ഗവും ലക്ഷ്യവും ശുദ്ധമായിരിക്കണം.

ഗൗരി: ഇതൊക്കെ പ്രസംഗമല്ലേ?

വേണു: പ്രവൃത്തിയും പ്രസംഗവും ഇണക്കിക്കൊണ്ടുപോകാനാണ് എന്റെ ശ്രമം. (അടുത്തു ചെന്ന്) ഗൗരി ഇത് നാടകവേദിയാണ്; വിവാഹവേദിയല്ല... ഗൗരിയോടിതൊക്കെ പറയുമ്പോൾ ഞാനെന്തുമാത്രം വേദനയനുഭവിക്കുന്നുണ്ടെന്നറിയാമോ? ലോകത്തിൽ മറ്റെന്തഭ്യർത്ഥനയും പുല്ലുപോലെ തള്ളാൻ പുരുഷന് കഴിയും... പക്ഷേ, ഒരു യുവതിയുടെ മുഖത്തുനിന്ന് വരുന്ന പ്രേമാഭ്യർഥന... ഗൗരീ, നിരസിക്കാൻ ഏറ്റവുമധികം വിഷമമുള്ള കാര്യമാണത്.

ഗൗരി: (പതുക്കെ) പ്രൊപ്രൈറ്റർ, പ്രൊപ്രൈറ്റർ...

വേണു: (ശ്രദ്ധിക്കാതെ) എന്നും എവിടെയും പ്രേമാഭ്യർത്ഥനയുംകൊണ്ട് സ്വൈര്യംകെടുന്നതു പുരുഷനാണ്... പുരുഷൻ...

പ്രൊപ്രൈറ്റർ പ്രവേശിക്കുന്നു.

പ്രൊപ്രൈറ്റർ: ഭേഷ്! എല്ലാവരും എത്തിയില്ലെങ്കിൽ, എത്തിയവർ അവരവരുടെ ഭാഗം പഠിക്കുക... വളരെ നല്ലകാര്യം... അപ്പോൾ, മറ്റാരും വന്നില്ലേ...? (ഗൗരിയെ നോക്കി മന്ദഹസിക്കുന്നു.)

ഗൗരി: ഇല്ല.

പ്രൊപ്രൈറ്റർ: ഇരിക്കണം. രണ്ടുപേരും ഇരിക്കണം. എനിക്കിന്ന് കാര്യമായി ചിലത് പറയാനുണ്ട്.

വേണു ഒന്നും കേൾക്കാതെ ഗൗരവമായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.

പ്രൊപ്രൈറ്റർ: ഇരിക്കണം മിസ്റ്റർ വേണു.

വേണു: വേണ്ട, പറഞ്ഞോളൂ.

പ്രൊപ്രൈറ്റർ: നമ്മുടെ ഈ കമ്പനി ഒന്ന് പരിഷ്കരിക്കണം.

വേണു മിണ്ടുന്നില്ല.

പ്രൊപ്രൈറ്റർ: (അല്പമൊരു പരുങ്ങലോടെ മുഖം തിരിക്കുന്നു. ഗൗരിയെ നോക്കി മന്ദഹസിക്കുന്നു.) എന്താ ഗൗരിയുടെ അഭിപ്രായം?

ഗൗരി: വേണ്ടതാണ്.

പ്രൊപ്രൈറ്റർ: ഞാനതിന് പുതിയ ചില പ്ലാനൊക്കെ തയ്യാറാക്കീട്ടുണ്ട്.

വേണു അസ്വസ്ഥതയോടെ നടക്കുന്നു.

പ്രൊപ്രൈറ്റർ: നമ്മൾ നാടകം കളിക്കുന്നത് മോക്ഷത്തിനല്ല. നിങ്ങൾക്കൊക്കെ നാലുകാശിന്റെ വരുമാനമുണ്ടാകണം. ഇന്നത്തെത്തോതിൽ പോയാൽ അതുണ്ടാവാൻ ഞെരുക്കമാണ്. അതുകൊണ്ട് ആദായത്തിനുള്ള മാർഗ്ഗം ചിന്തിക്കണം.

വേണു: (പെട്ടെന്ന് തിരിഞ്ഞ്) എന്നാൽ മരക്കച്ചവടം തുടങ്ങരുതോ?

പ്രൊപ്രൈറ്റർ: അതിന് മൂലധനമിറക്കണം.

വേണു: ഇതിന്നോ?

പ്രൊപ്രൈറ്റർ: ഇതിന് കുറെ മനുഷ്യരെ മുതലിറക്കിയാൽ മതി. ഒരെഴുത്തുകാരൻ, കുറച്ച് പാട്ടുകാർ, പിന്നെ അഭിനയക്കാർ.

വേണു: മിസ്റ്റർ പ്രൊപ്രൈറ്റർ! കുറച്ച് തെക്കോട്ട് മരക്കച്ചവടത്തിന് തടിക്കച്ചവടമെന്ന് പേരുണ്ട്. നിങ്ങളുടെ ബിസ്നസ്സും ഏതാണ്ടതാണ്. നിങ്ങൾ മുതലിറക്കുന്നത് തടികളാണ്.

പ്രൊപ്രൈറ്റർ: മിസ്റ്റർ വേണൂ, ക്ഷോഭിക്കാതെ മുഴുവൻ കേൾക്കൂ. പ്രായോഗിക ജീവിതത്തിൽ ആദർശത്തിന് വലിയ സ്ഥാനമില്ല.

വേണു: ആദർശം ബലികഴിച്ച് എന്താണാവോ നേടാൻ പോകുന്നത്!

പ്രൊപ്രൈറ്റർ: (അല്പം അസുഖത്തോടെ മുഖം തിരിച്ച്, വീണ്ടും ഗൗരിയെ നോക്കി മന്ദഹസിക്കുന്നു.) എന്റെ പ്ലാൻ എന്തെന്ന് പറയാം. കുമാരി ഗൗരിയെങ്കിലും ശ്രദ്ധിച്ചുകേൾക്കണം... എന്താ?

ഗൗരി: ഒന്നുമില്ല.

പ്രൊപ്രൈറ്റർ: നമ്മുടെ കമ്പനി ഒന്ന് വലുതമാക്കണം. കുറെ പാട്ടുകാർ, പിന്നെ നല്ലൊരു കോമേഡിയൻ, ഒരു ഓർക്കസ്ട്രാ വിഭാഗം... ഇത്രയുമായാൽ നമ്മൾ ജയിച്ചു.

വേണു: ആ ജയം ഏതർത്ഥത്തിലാണെന്ന് കേട്ടാൽ വേണ്ടില്ല.

പ്രൊപ്രൈറ്റർ: ജനങ്ങൾക്ക് കുറെ പാട്ട് കേൾക്കണം.

വേണു: കേൾപ്പിച്ചുകൊടുക്കൂ.

പ്രൊപ്രൈറ്റർ: കുറെ ചിരിക്കണം.

വേണു: വേണ്ടത്ര ചിരിപ്പിച്ചുകൊടുക്കൂ.

പ്രൊപ്രൈറ്റർ: ഇത് രണ്ടുമുണ്ടായാൽ നാടകം ജയിച്ചു. ഏതു കഥ വേണമെങ്കിലും നമുക്ക് കൈകാര്യം ചെയ്യാം.

വേണു: കഥയില്ലെങ്കിലും പറ്റിക്കാം.

പ്രൊപ്രൈറ്റർ: അത്രവേഗത്തിൽ വിധിയെഴുതരുത്. മിസ്റ്റർ വേണുവിനെപ്പോലെ നല്ല ഒരു കലാകാരൻ സ്വന്തം മനസ്സിലേക്ക് മാത്രം നോക്കിയാൽ പോരാ, ചുറ്റുപുറവും കണ്ണോടിക്കണം. ഇന്ന് എത്ര നാടകക്കമ്പനികൾ വിജയത്തിന്റെ കൊടിയും പറപ്പിച്ച് മുന്നേറുന്നു!

വേണു: കൊടി പറപ്പിക്കുന്നത് സ്വന്തം കാറിന്റെ ബോണറ്റിലാണെന്നുകൂടി പറയൂ.

പ്രൊപ്രൈറ്റർ: നമുക്കും വാനൊക്കെ വാങ്ങാൻ കഴിയും. എന്നല്ല, പ്രധാന നടൻ എന്ന നിലയിൽ മിസ്റ്റർ വേണുവിനൊരു കാറും വാങ്ങാൻ കഴിയും.

വേണു: വേണ്ട.

പ്രൊപ്രൈറ്റർ: അങ്ങനെ നിരസിക്കരുത്. നമുക്കിഷ്ടപ്പെട്ടത് കൊടുക്കുമ്പോൾ ജനങ്ങൾ വാങ്ങിയില്ലെന്നു വരും. അവരുടെ അഭിരുചിയും ആവശ്യവും നോക്കി നാം പ്രവർത്തിക്കണം.

വേണു: (പുച്ഛഭാവത്തിൽ) ജനങ്ങളിൽ ഭൂരിപക്ഷത്തിന് കള്ളാണാവശ്യമെങ്കിൽ നിങ്ങളത് കൊടുക്കാൻ തയ്യാറുണ്ടോ? മിസ്റ്റർ പ്രൊപ്രൈറ്റർ! നിങ്ങൾ ബിസിനസ്സുകാരനാണ്. കലാകാരനല്ല. നിങ്ങളുടെ നോട്ടത്തിനനുസരിച്ച് പോകാൻ

തുടങ്ങിയാൽ കാലക്രമത്തിൽ കല നാമാവശേഷമാവുകയും ബിസ്സിനസ്സ് ശേഷിക്കുകയും ചെയ്യും.

പ്രൊപ്രൈറ്റർ: അങ്ങനെയാണെങ്കിൽ നിങ്ങളൊരു പ്ലാൻ നിർദ്ദേശിക്കൂ.

വേണു: ഞാൻ നിങ്ങളോടെന്നും പറയാറില്ലേ, ജനങ്ങളുടെ അഭിരുചിക്കനുസരിച്ച് കല കൈകാര്യംചെയ്യാൻ എന്നാലാവില്ലെന്ന്! ജനങ്ങളിൽ പുതിയ അഭിരുചി സൃഷ്ടിക്കാനും, അവരിൽ പുതിയ ആവേശമുളവാക്കാനും കഴിവുള്ളവരാണ് യഥാർത്ഥകലാകാരന്മാർ. വാനും പാട്ടും ചിരിയും വാടകയ്ക്കെടുത്ത് ജനങ്ങളുടെ പണം തട്ടാനാണ് നിങ്ങളുടെ മോഹമെങ്കിൽ ഒരുങ്ങിക്കോളൂ; ഒരു വിരോധവുമില്ല. പക്ഷേ, ഈ കൂട്ടായ്മക്കവർച്ചയിൽ എനിക്ക് പങ്കുണ്ടാവില്ല.

പ്രൊപ്രൈറ്റർ: ആദർശം പ്രസംഗിച്ച് ദീവാളികുളിക്കാൻ ഞാനൊരുക്കമില്ല.

വേണു: വേണ്ട.

പ്രൊപ്രൈറ്റർ: ഒരു മാർഗം കൂടിയേ കഴിയൂ.

വേണു: നല്ലതിലേക്കാണെങ്കിൽ ഞാനുണ്ട്. ജനങ്ങളെ വഞ്ചിക്കാൻ എന്നോട് പറയരുത്... ആട്ടെ ഈ നിലയിൽ ഇവിടെ ഇന്ന് നാടകം റിഹേഴ്സ് ചെയ്യാനുദ്ദേശിക്കുന്നുണ്ടോ?

പ്രൊപ്രൈറ്റർ: എന്റെ പുതിയ പ്ലാനനുസരിച്ചില്ലെങ്കിൽ ഈ നാടകം റിഹേഴസ് ചെയ്തിട്ട് പ്രയോജനമില്ല.

വേണു: സന്തോഷം! വെറുതെ വാദിച്ച് സമയം കളഞ്ഞിട്ടാവശ്യമില്ലല്ലോ. ഈ നിലയിൽ റിഹേഴ്സലാരംഭിക്കുന്നുണ്ടെങ്കിൽ അപ്പോഴൊരു വിവരമറിയിക്കൂ. ഞാൻ വരാം. (പോകുന്നു.)

പ്രൊപ്രൈറ്റർ: (മന്ദസ്മിതത്തോടെ ഗൗരിയെ നോക്കി) അവൻ നല്ലൊരു നടനാണ്. പക്ഷേ, ആർക്കും വേണ്ടാത്ത ഈ ആദർശം കുടുങ്ങിയത് കഷ്ടമായി... അപ്പോൾ ഗൗരിക്ക് എന്റെ പ്ലാനിനെപ്പറ്റി എന്താണഭിപ്രായം?

ഗൗരി: എനിക്ക് ഒന്നുമറിയില്ല.

പ്രൊപ്രൈറ്റർ: സഹകരിക്കാൻ തയ്യാറുണ്ടോ?

ഗൗരി: മറ്റൊരു ജോലിയും എനിക്കറിയില്ല.

പ്രൊപ്രൈറ്റർ: അപ്പോൾ ജോലിയും ജോലിക്ക് തക്ക പ്രതിഫലവും വേണമെങ്കിൽ എന്റെ വഴിയാണുത്തമം... ഇക്കാര്യം ബാക്കിയുള്ളവരോടും ഒന്നന്വേഷിക്കാം.

ഗൗരി: കുറേപ്പേർ അകത്തുണ്ട്.

പ്രൊപ്രൈറ്റർ: വരൂ. നമുക്കവരെക്കണ്ട് വിവരം ചോദിക്കാം. (എഴുന്നേല്ക്കുന്നു.) നമുക്കൊരു നല്ല കമ്പനിയുണ്ടാക്കണം... ‘പാട്ടു വേണ്ട, ചിരി വേണ്ട’ എന്നൊക്കെ പറഞ്ഞാൽ കമ്പനി കുളത്തിലിറങ്ങും. (നടക്കുന്നു.) ജനങ്ങൾക്കാവശ്യമുള്ളതൊക്കെ വേണം... ഈ മണ്ണുപിടിച്ച ആദർശം മനുഷ്യനെ തെരുവുതെണ്ടിക്കും.

രണ്ടുപേരും അകത്തേക്കു് പോകുന്നു.

— യവനിക —

— 4 —

രംഗം 3

ഒന്നാം രംഗത്തിലെ സജ്ജീകരണങ്ങൾ. ഒരു മേശപ്പുറത്തു കിടന്ന് ഉറങ്ങുകയാണ്, ഭാസി. കൂർക്കം വലി. വേണു ഏതോ പുസ്തകവും വായിച്ചുകൊണ്ടു വരുന്നു. ഒരു കസേരയിൽച്ചെന്നിരുന്നു വായന തുടങ്ങുന്നു. ഭാസിയുടെ കൂർക്കംവലി ഗംഭീരമായിത്തീരുന്നു. വേണു എഴുന്നേറ്റുചെന്ന് ഭാസിയെ തട്ടിവിളിക്കുന്നു.

വേണു: ഭാസീ... ഭാസീ...

ഭാസി: (പിറുപിറുക്കുന്നു) പാസ്... പാസ്...

വേണു: (ഉരുട്ടിവിളിക്കുന്നു.) ഭാസീ... ഭാസീ...

ഭാസി: (എഴുന്നേറ്റ്) കോർണർ കിക്ക്. കോർണർ കിക്ക്... (കണ്ണു തിരുമ്മി അമ്പരന്ന് ചുറ്റും നോക്കുന്നു.)

വേണു: നിനക്ക് വേണ്ടതു് (ചിരിച്ചുകൊണ്ട്) കോർണർ കിക്കല്ല, ബ്ലഡീ കിക്കാണ്.

ഭാസി: (ടൈംപീസിൽ നോക്കി പരിഭ്രമത്തോടെ) മണി എട്ടേ പതിനഞ്ചായി!

വേണു: എന്താ, നീ പറയുന്നതു്?

ഭാസി: ഇന്ന് മൈതാനിയിൽ പ്രാക്ടീസ് ചെയ്യേണ്ടതായിരുന്നു.

വേണു: ഉറക്കത്തിലും നിനക്കു പ്രാക്ടീസായിരുന്നില്ലേ?

ഭാസി: കഷ്ടായി! ആർക്കെങ്കിലും എന്നെ വിളിക്കായിരുന്നു.

വേണു: നിന്നെ നിന്റെ കിടക്കയിൽ കണ്ടില്ലല്ലോ!

ഭാസി: ചൂടുകൊണ്ട് വയ്യാഞ്ഞിട്ട് ഞാൻ ഇവിടെ വന്ന് കിടന്നതാണ്.

വേണു: അവിടെ കണ്ടെങ്കിൽ ഞാൻ വിളിച്ചേനേ.

ഭാസി: കാര്യം പറ്റിപ്പോയി! (ധൃതിയിൽ അകത്ത് പോകുന്നു.)

വേണു കസേരയിൽ വന്നിരുന്ന് വായന തുടരുന്നു. ജയശ്രീയുടെ അച്ഛൻ ശങ്കുണ്ണിനായർ പുറത്തുനിന്ന് വരുന്നു. കൈയിൽ കുട. പ്രാ

യത്തിന്നനുസരിക്കാത്ത അവശതയുണ്ട് മുഖത്ത്. ശങ്കുണ്ണിനായരെ കണ്ട് വേണു എഴുന്നേല്ക്കുന്നു.

ശങ്കുണ്ണിനായർ: അച്ഛനില്ലേ ഇവിടെ?

വേണു: ഉണ്ട്.

ശങ്കുണ്ണിനായർ: ജ്യേഷ്ഠൻ ആസ്പത്രിക്ക് പോയോ?

വേണു: ഇല്ല; പുറപ്പെടാറായി. എട്ടുമണിക്ക് അവിടെ എത്താറുണ്ട്... വിശേഷിച്ചൊന്നുമില്ലല്ലോ?

ശങ്കുണ്ണിനായർ: ഹേയ്, ഒന്നുമില്ല. എല്ലാവരേയുമൊന്ന് കണ്ടുപോകാമെന്നുവെച്ചു.

വേണു: ഇങ്ങോട്ട് വന്നിട്ട് കുറച്ചായല്ലോ!

ശങ്കുണ്ണിനായർ: ഉവ്വ്.

വേണു: ഞാൻ അച്ഛനോട് പറയാം. (അകത്തേക്ക് പോകുന്നു.)

ശങ്കുണ്ണിനായർ: ധൃതിപ്പെടേണ്ട. (ചുറ്റുപാടും കണ്ണോടിക്കുന്നു. കുട മേശപ്പുറത്ത് വെക്കുന്നു. രണ്ടാംമുണ്ടെടുത്ത് കഴുത്തും മുഖവും തുടയ്ക്കുന്നു.)

വൃദ്ധൻ അകത്തുനിന്ന് ഒരു പത്രവും നോക്കിക്കൊണ്ട് വരുന്നു. അല്പം ചിരിയോടെ

വൃദ്ധൻ: എന്താ, എന്തേ ഇങ്ങനെയൊരു തെറ്റുപറ്റിയത്?

ശങ്കുണ്ണിനായർ: ആർക്ക്?

വൃദ്ധൻ: ശങ്കുണ്ണിനായർക്ക്.

ശങ്കുണ്ണിനായർ: മനസ്സിലായില്ല.

വൃദ്ധൻ: ഇങ്ങോട്ടൊന്നും വരാറ് പതിവില്ലല്ലോ?

ശങ്കുണ്ണിനായർ: തെറ്റുപറ്റുമെന്ന് വിചാരിച്ചിട്ടല്ല.

വൃദ്ധൻ: പിന്നെ?

ശങ്കുണ്ണിനായർ: വരണമെന്ന് ദിവസവും വിചാരിക്കും.

വൃദ്ധൻ: ഭാഗ്യം! ആ വിചാരമെങ്കിലും നിലനില്ക്കട്ടെ!

ശങ്കുണ്ണിനായർ: സത്യം പറഞ്ഞാൽ ഒന്നിനും ഒരുന്മേഷമില്ല.

വൃദ്ധൻ: എങ്ങനെ ഉന്മേഷമുണ്ടാവും? മനുഷ്യൻ ഒറ്റയ്ക്കായാൽ ക്രമേണ മൗഢ്യം തുടങ്ങും.

ശങ്കുണ്ണിനായർ: ഒറ്റയ്ക്കാവണമെന്ന് ഞാൻ കൊതിച്ചിട്ടല്ലല്ലോ?

വൃദ്ധൻ: കൊതിച്ചാലും ഇല്ലെങ്കിലും ഇന്ന് അതല്ലേ ഫലം.

ശങ്കുണ്ണിനായർ: (നെടുവീർപ്പോടെ) കർമഫലമാവും.

വൃദ്ധൻ: വിഡ്ഢിത്തം! അങ്ങനെ വിചാരിച്ച് ഒരിടത്ത് അടങ്ങിക്കൂടിയാൽ ഗതിയില്ല... ഇരിക്കട്ടെ. ഇടയ്ക്കൊക്കെ ഒന്നിവിടെ വന്ന് മകളെയെങ്കിലും കണ്ട് പൊയ്ക്കൂടെ?

ശങ്കുണ്ണിനായർ: ഞാൻ പറഞ്ഞില്ലേ, എന്നുമങ്ങനെ വിചാരിക്കുമെന്ന്.

വൃദ്ധൻ: പിന്നെന്തേ അതിന്നൊരു തടസം?

ശങ്കുണ്ണിനായർ: എനിക്കതുതന്നെ അറിഞ്ഞുകൂടാ. ഇങ്ങനെ ചൂളിപ്പിടിച്ച് ഒരിടത്ത് ഇരിക്കാനാണ് മോഹം. ഒക്കെ വിചാരിച്ചുകഴിക്കും.

വൃദ്ധൻ: ഒന്നും പ്രവർത്തിക്കില്ലെന്നർത്ഥം.

ശങ്കുണ്ണിനായർ: എന്നു പറയാൻ വയ്യ. വളരെ അത്യാവശ്യമെന്ന് തോന്നുന്നത് പ്രവർത്തിക്കും.

വൃദ്ധൻ: എന്നുവെച്ചാൽ പല്ലുതേപ്പ്, കുളി, ഭക്ഷണം ഇതൊക്കെ.

ശങ്കുണ്ണിനായർ: അതും മുഴുവനായി സമ്മതിക്കാൻ വയ്യ.

വൃദ്ധൻ: പിന്നെ?

ശങ്കുണ്ണിനായർ: ഭക്ഷണത്തിന്നീയിടയായിട്ട് രുചിയില്ല.

വൃദ്ധൻ: നിങ്ങളുടെ ഈ സ്വഭാവം ആരോടോ പകവീട്ടുമ്പോലുണ്ട്.

ശങ്കുണ്ണിനായർ: എനിക്ക് ആരോടും പകയില്ല.

വൃദ്ധൻ: ഇല്ലായിരിക്കാം; എന്നാൽ നിങ്ങളോടുതന്നെയുള്ള പകയാണ്. സത്യം പറയട്ടെ, ഇനിയങ്ങട്ട് ഈ അശ്രദ്ധയൊന്നും പറ്റില്ല. വയസ്സുകാലമാണ്. വല്ല രോഗവും വന്നുകൂടിയാൽ വിഷമിക്കും.

ശങ്കുണ്ണിനായർ: ഇതൊന്നും എനിക്കറിയായ്കയല്ല.

വൃദ്ധൻ: അറിഞ്ഞതുകൊണ്ടായില്ലല്ലോ?

ശങ്കുണ്ണിനായർ: ഇതിനെപ്പറ്റി കൂടുതൽ പറയാത്തതാണ് നല്ലത്... അതിരിക്കട്ടെ; ശ്രീധരൻ പോകാറായോ?

വൃദ്ധൻ: പുറപ്പെട്ട് കഴിഞ്ഞല്ലോ-എന്തായിരുന്നു?

ശങ്കുണ്ണിനായർ: എനിക്കൊരു കാര്യം അന്വേഷിക്കാനുണ്ടായിരുന്നു.

വൃദ്ധൻ: ഇത്ര തിരക്കിട്ട് വേണോ?

ശങ്കുണ്ണിനായർ: തിരിച്ചുവരാൻ താമസിക്കില്ലേ?

വൃദ്ധൻ: രാത്രിയാവും.

ശങ്കുണ്ണിനായർ: അത്ര താമസിക്കാൻ വയ്യ. എനിക്ക് വേഗത്തിൽ തിരിച്ചുപോണം.

വൃദ്ധൻ: അതാ നന്നായത്! വളരെ ദിവസംകൂടി ഒന്ന് വരാൻ ദയവുണ്ടായി. വന്നു കേറുമ്പോൾത്തന്നെ പോവാനുള്ള ക്രൂരതയും! ഇതു രണ്ടും ഒരാൾക്കു പറ്റില്ല.

ശങ്കരൻ പെട്ടിയും തൂക്കിപ്പിടിച്ച് പുറത്തേക്ക് പോകുന്നു.

ശങ്കുണ്ണിനായർ: പുറപ്പെട്ടു കഴിഞ്ഞല്ലോ!

വൃദ്ധൻ: അതെ; ധൃതിയിൽ പറഞ്ഞാൽ അവന്റെ ചെവിട്ടിൽ കേൾക്കും.

ശങ്കുണ്ണിനായർ: അത്ര വലിയ കാര്യമൊന്നുമല്ല. തുറന്ന് തന്നെ അങ്ങനെ പറഞ്ഞുകളയാം.

ഡോക്ടർ ശ്രീധരൻ വാച്ച് വൈന്റ് ചെയ്തുകൊണ്ട് ആരെയും നോക്കാതെ ഈർഷ്യയോടെ വരുന്നു. പുറത്തേക്ക് പോകാൻ തുടങ്ങുന്നു. ആരേയും ശ്രദ്ധിക്കുന്നില്ല. നേരേ പുറത്തേക്ക് നടക്കുന്നു.

വൃദ്ധൻ: ശ്രീധരാ… (ഡോക്ടർ ശ്രീധരൻ തിരിഞ്ഞുനോക്കുന്നു. മുഖത്ത് ഭാവഭേദമൊന്നുമില്ല.) ഇദ്ദേഹം നിന്നെ കാത്തിരിക്കയാണ്.

ഡോക്ടർ ശ്രീധരൻ: (അലക്ഷ്യമായി) എന്തിന്?

ശങ്കുണ്ണിനായർ: (എഴുന്നേറ്റ് അടുത്തുകൊണ്ട്) എനിക്ക് കുറച്ചു ദിവസമായി നല്ല സുഖമില്ല.

ഡോക്ടർ ശ്രീധരൻ: പരിശോധിക്കാനാണെങ്കിൽ ഡിസ്പെൻസറിയിൽ വരണം

ശങ്കുണ്ണിനായർ ഞെട്ടുന്നു.

ഡോക്ടർ ശ്രീധരൻ: അച്ഛൻ ഇതിൽ ഇടപെടേണ്ട ആവശ്യമില്ല; എനിക്കറിയാം; ഇയാൾ എന്റെ ഭാര്യയുടെ അച്ഛനാണ്.

വൃദ്ധൻ: ഇയാളോ? എന്നെപ്പോലെ നിനക്ക് ഇദ്ദേഹത്തോട് ബന്ധമുണ്ട്.

ഡോക്ടർ ശ്രീധരൻ: അതിന് ഞാനെന്തുവേണം? കാല്ക്കൽ സാഷ്ടാംഗം നമസ്കരിക്കണോ?

ശങ്കുണ്ണിനായർ: (അതുവരെയുള്ള അമ്പരപ്പ് മുഴുവൻ മാറ്റി) വേണ്ട ഡോക്ടരേ, കാല്ക്കൽ സാഷ്ടാംഗം നമസ്കരിക്കേണ്ടതു് ഞാനാണ്. എന്റെ മകളെ സംരക്ഷിക്കാനുള്ള വലിയ ചുമതല നിങ്ങൾ എറ്റെടുത്തിരിക്കയാണല്ലോ?

ഡോക്ടർ ശ്രീധരൻ: ഓ, പരിഹസിക്കാനുള്ള പുറപ്പാടാണോ?

ശങ്കുണ്ണിനായർ: ഒരിക്കലുമല്ല; എന്റെ മകളോട് സ്നേഹമുള്ള കാലത്തോളം എനിക്കതു് വയ്യ.

ഡോക്ടർ ശ്രീധരൻ: എന്താണാവശ്യം? അതു് ചുരുക്കിപ്പറയൂ.

വൃദ്ധൻ: (അക്ഷമനായി എഴുന്നേറ്റ് അടുത്തുചെന്ന്) വീട്ടിൽ വന്നവരോട് മര്യാദ ദീക്ഷിക്കാനെങ്കിലും നീ പഠിക്കേണ്ടതായിരുന്നു.

ഡോക്ടർ ശ്രീധരൻ: അച്ഛനവിടെ അടങ്ങിയിരിക്കാൻ വയ്യേ?

വൃദ്ധൻ: എടാ നിന്റെ ഈ വേഷവും പഠിപ്പും പത്രാസ്സുമൊക്കെ എന്തിനുകൊള്ളും?

ഡോക്ടർ ശ്രീധരൻ: നിങ്ങളെയൊക്കെ തീറ്റിപ്പോറ്റാൻ.

വൃദ്ധൻ: (ഞെട്ടി) എന്ത്! നിന്റെ മനുഷ്യത്വമെവിടെപ്പോയെടാ!

ഡോക്ടർ ശ്രീധരൻ: എങ്ങും പോയിട്ടില്ല. അതാണ് നിങ്ങൾക്ക് ദിവസവും ചോറുതരുന്നത്-ആ മനുഷ്യത്വം. അതില്ലെങ്കിൽ എന്റെ പാട്ട് എനിക്ക് നോക്കാമായിരുന്നു.

വൃദ്ധൻ: നിന്റെ പാടോ! നിനക്കിന്നുള്ള ഈ പദവി ആരുണ്ടാക്കിത്തന്നതാണെടാ?

ഡോക്ടർ ശ്രീധരൻ: എന്റെ പരിശ്രമം... എന്റെ ബുദ്ധി.

വൃദ്ധൻ: നിന്റെ ബുദ്ധി! നിന്റെ ബുദ്ധി (അരിശത്തോടെ ഡോക്ടർ ശ്രീധരനെ സമീപിക്കുന്നു.)

ശങ്കുണ്ണിനായർ: നിങ്ങളെന്തിനു വഴക്ക് കൂടുന്നു? എന്റെ കാര്യം ഞാൻ തന്നെ പറയാം.

ഡോക്ടർ ശ്രീധരൻ: എന്നാൽ വേഗം അത് പറഞ്ഞുതീർക്കു.

വൃദ്ധൻ: (പിന്നെയും ശുണ്ഠിയോടെ) ശ്രീധരാ!

ശങ്കുണ്ണിനായർ: ഇക്കാര്യത്തിൽ നിങ്ങളിടപെടേണ്ടതില്ല. ഞാൻ തന്നെ സാവധാനത്തിൽ പറയാം... അവിടെച്ചെന്നിരിക്കു.

വൃദ്ധൻ: ഇവന്റെ ഈ നന്ദികെട്ട പെരുമാറ്റം എനിക്ക് കാണാൻ വയ്യ. (അകത്തേക്ക് പോകുന്നു.)

ഡോക്ടർ ശ്രീധരൻ: ഇനി എന്നെത്തന്നെ കാണാൻ വയ്യാതാവും.

ശങ്കുണ്ണിനായർ: അച്ഛനോടിങ്ങനെ പറയരുത്.

ഡോക്ടർ ശ്രീധരൻ: നിങ്ങൾ ഉപദേശിക്കാൻ വന്നതാണോ? എന്താ കാര്യമെന്നുവെച്ചാൽ അത് പറയൂ.

ശങ്കുണ്ണിനായർ: കുറച്ചുദിവസമായി എനിക്ക് നല്ല സുഖമില്ല. (ഡോക്ടർ ശ്രീധരൻ അസ്വസ്ഥനായി നോക്കുന്നു.) വീട്ടിലെ ഏകാന്തത സഹിക്കാൻ കഴിയുന്നില്ല.

ഡോക്ടർ ശ്രീധരൻ: ഒരു വിവാഹം കഴിക്കരുതോ?

ശങ്കുണ്ണിനായർ: (ഞെട്ടുന്നു. തീവ്രമായ അസ്വസ്ഥത) നിർദ്ദേശം തരക്കേടില്ല.

ഡോക്ടർ ശ്രീധരൻ: അല്ലാതെ നിങ്ങളുടെ വീട്ടിലെ ഏകാന്തത മാറ്റുവാൻ എന്നെക്കൊണ്ടാവില്ല.

ശങ്കുണ്ണിനായർ: അതു പറയാൻ ഞാനുദ്ദേശിച്ചിട്ടില്ല. ഈ പ്രായത്തിൽ തനിച്ചാവുക; സ്നേഹിക്കുന്ന ഒരു മുഖം കാണാതിരിക്കുക; അരിവെപ്പുകാരന്റെ ചോറും കറിയും ആശ്രയിച്ച് ജീവിക്കുക-പ്രയാസമുള്ള കാര്യമാണ്.

ഡോക്ടർ ശ്രീധരൻ: അതുകൊണ്ട്?

ശങ്കുണ്ണിനായർ: കുറച്ച ദിവസം ജയശ്രീ അവിടെ വന്ന് താമസിക്കട്ടെ.

ഡോക്ടർ ശ്രീധരൻ: സാദ്ധ്യമല്ല.

ശങ്കുണ്ണിനായർ: എനിക്ക് ഈ ലോകത്തിൽ മറ്റാരുമില്ലെന്നറിയാമല്ലോ?

ഡോക്ടർ ശ്രീധരൻ: ഇതൊക്കെ കുറച്ച് നേരത്തേ ആലോചിക്കേണ്ട കാര്യമായിരുന്നു.

ശങ്കുണ്ണിനായർ: ആലോചിക്കാത്ത കുഴപ്പം എനിക്കിതുവരെ പറ്റീട്ടില്ല.

ഡോക്ടർ ശ്രീധരൻ: എനിക്കു ഡിസ്പെൻസറിയിൽ പോകാൻ നേരമായി. വെറുതെ നിന്ന് വാദിക്കാൻ സമയമില്ല.

ശങ്കുണ്ണിനായർ: വാദിക്കാൻ ഞാനുദ്ദേശിച്ചിട്ടില്ല.

ഡോക്ടർ ശ്രീധരൻ: എന്നാൽ ചുരുക്കമങ്ങ് പറഞ്ഞുതരാം. ജയശ്രീയെ അയയ്ക്കാൻ പറ്റില്ല... എന്റെ സമ്മതമില്ലാതെ നിങ്ങളവളെ വിളിക്കാനുദ്ദേശിക്കുന്നുണ്ടെങ്കിൽ വിരോധവുമില്ല. അതവളുടെ അവസാനത്തെ പോരലാവും. (ധൃതിയിൽ നടന്ന് മറയുന്നു.)

ശങ്കുണ്ണിനായർ അസ്വസ്ഥനായി തെല്ലിട നില്ക്കുന്നു. ചുറ്റുപുറവും നോക്കുന്നു. മേശപ്പുറത്തുവെച്ച കുട കാണുന്നു. അതെടുത്ത് ആരും കാണാതെ പോയ്ക്കളയാമെന്നുദ്ദേശിക്കുന്നു. പതുക്കെച്ചെന്ന് കുടയെടുക്കുന്നു. ജയശ്രീ വാതിലിന്റെ പുറകിൽ പ്രത്യക്ഷപ്പെടുന്നു.

ജയശ്രീ: അച്ഛാ... (ശങ്കുണ്ണിനായർ പെട്ടെന്ന് കുട മേശപ്പുറത്തുവെച്ച് അല്പം പരുങ്ങലോടെ തിരിയുന്നു. ജയശ്രീ അടുത്തുവരുന്നു. ശങ്കുണ്ണിനായർ ഒന്നും മിണ്ടാതെ കസേരയിൽ ഇരിക്കുന്നു.) എല്ലാം ഞാൻ കേട്ടു അച്ഛാ.

ശങ്കുണ്ണിനായർ: (ഭാവം മാറ്റാൻ ശ്രമിച്ച്) ഓ, അതൊന്നും സാരമില്ല മോളേ.

ജയശ്രീ: ആർക്കുവേണ്ടി അച്ഛൻ ഈ ത്യാഗം മുഴുവൻ സഹിച്ചു?

ശങ്കുണ്ണിനായർ: ഇതിലെന്ത് ത്യാഗം?

ജയശ്രീ: ഒരാൾക്കുവേണ്ടി ഇത്രയധികം സഹിക്കുക! സ്നേഹത്തിന് ഇതിലധികം വലുതാവാൻ കഴിയുമോ? (ശങ്കുണ്ണിനായർ മിണ്ടുന്നില്ല.) സർവസ്വവും എനിക്കുവേണ്ടി ത്യജിച്ച അച്ഛൻ, ജീവിതത്തിലെ എല്ലാ സുഖങ്ങളും ഒരു മകൾക്കുവേണ്ടി വലിച്ചെറിഞ്ഞത് ഒടുവിൽ നിരാശ്രയനാവുക...

ശങ്കുണ്ണിനായർ: ജയേ, വിഡ്ഢിത്തം പറയാതിരിക്കൂ.

ജയശ്രീ: ഇത് വിഡ്ഢിത്തമല്ലച്ഛാ.

ശങ്കുണ്ണിനായർ: മോളേ, നിന്റെ സുഖം മാത്രമേ അച്ഛൻ ചിന്തിച്ചിട്ടുള്ളൂ. ഇന്ന് ഈ നിമിഷത്തിലും അച്ഛന്റെ ചിന്തയതാണ്.

ജയശ്രീ: അവിടെയും അച്ഛന് രക്ഷയില്ല.

ശങ്കുണ്ണിനായർ: (സംശയഭാവത്തിൽ മുഖത്തുനോക്കി) എന്ത്?

ജയശ്രീ: അതേ, അച്ഛാ...

ശങ്കുണ്ണിനായർ: ശ്രീധരൻ നിന്റെ കാര്യത്തിലും അശ്രദ്ധനാണോ?

ജയശ്രീ: അദ്ദേഹത്തെ മാത്രം ഇതിൽ കുറ്റപ്പെടുത്താൻ വയ്യ. ഈ പട്ടണം ഇന്ന് അതാണ്.

ശങ്കുണ്ണിനായർ: ഏത്?

ജയശ്രീ: സുഖമേതാണ് സന്തോഷമേതാണ് എന്നറിയാതെ പോക്കറ്റിൽ പണവും വാരിയിട്ട് എല്ലാവരും ഓടുന്നു. നിയമം കൈയിലെടുത്ത് അവർ അമ്മാനമാടുകയാണ്. ഞാനെങ്ങനെ ഇതൊക്കെ അച്ഛനോട് പറയും.

ശങ്കുണ്ണിനായർ: ശ്രീധരൻ അധഃപതിക്കുകയാണോ?

ജയശ്രീ: അദ്ദേഹം മാത്രമല്ല; പകൽ മാന്യത നടിച്ച് പദവിയിലും പ്രതാപത്തിലും കഴിയുന്ന ഒട്ടേറെ മനുഷ്യർ.

ശങ്കുണ്ണിനായർ: കഷ്ടം! ഞാനിത് വിചാരിച്ചതല്ല.

ജയശ്രീ: അച്ഛൻ വിചാരിക്കാത്ത പലതും ഇവിടെ നടക്കുന്നു.

ശങ്കുണ്ണിനായർ: എനിക്കിത് വിശ്വസിക്കുവാൻ കഴിയുന്നില്ല.

ജയശ്രീ: ചൂതുകളി... മദ്യപാനം...

ശങ്കുണ്ണിനായർ: മതി മതി എനിക്ക് കേട്ടത് മതി. എന്റെ മോളേ, ഞാനെന്തൊക്കെ ആശിച്ചതായിരുന്നു! ഈ വയസ്സുകാലത്ത് നിങ്ങളുടെ ഒരുമിച്ച് സന്തോഷിച്ച് ഒരിത്തിരി വിശ്രമിക്കാൻ കൊതിച്ചതായിരുന്നു. (എഴുന്നേറ്റ് ആലോചനാപൂർവം) എനിക്കുചുറ്റും നിന്റെ പൊന്നോമനകൾ നൃത്തം വെയ്ക്കും; എന്റെ ചുളിവീണ നെറ്റിയിലവർ ചുംബിക്കും വെളുത്ത നീണ്ട താടി പിടിച്ച് അവർ വലിക്കും... എന്തൊക്കെ സ്വപ്നങ്ങൾ...

ജയശ്രീ: അച്ഛാ, അച്ഛൻ വ്യസനിക്കരുത്. ഞാൻ അച്ഛന്റെ കൂടെ വരാം. എന്റെ കടമ ഞാൻ മറക്കില്ല. അച്ഛൻ എനിക്കുവേണ്ടി ചെയ്ത ത്യാഗത്തിന്റെ നൂറിലൊരംശമെങ്കിലും എനിക്ക് മടക്കിത്തരാൻ കഴിഞ്ഞെങ്കിൽ?

ശങ്കുണ്ണിനായർ: ശ്രീധരന്റെ സമ്മതമില്ലാതെ നീയെങ്ങട്ട് വരാൻ?

ജയശ്രീ: അദ്ദേഹം സമ്മതിക്കില്ലച്ഛാ!

ശങ്കുണ്ണിനായർ: സമ്മതിച്ചില്ലെങ്കിൽ നീ വരാനും പാടില്ല.

ജയശ്രീ: പിന്നെ അച്ഛന്റെ കാര്യം? (ശങ്കുണ്ണിനായർ പ്രയാസപ്പെട്ട് ചിരിക്കാൻ ശ്രമിക്കുന്നു.) എന്റെ ഏറ്റവും വലിയ കടമ നിർവഹിക്കാൻ അച്ഛനെന്നെ സമ്മതിക്കണം.

ശങ്കുണ്ണിനായർ: ഈ വയസ്സായ അച്ഛന് ഇനിയെന്ത് കാര്യം? ഇത് നിങ്ങളുടെ കാലമാണ്. വയസ്സന്മാരുടെ വാശിയും ശുണ്ഠിയും നിങ്ങളുടെ സുഖസന്തോഷങ്ങളിൽ കറചേർക്കരുത്. (നടക്കുന്നു)

ജയശ്രീ: (പിന്നാലെ ചെന്ന്) എന്റെ ഏറ്റവും വലിയ കടമ നിർവഹിക്കാൻ അച്ഛനെന്നെ സമ്മതിക്കണം.

ശങ്കുണ്ണിനായർ: നിന്റെ വലിയ കടമ ഭർതൃശുശ്രൂഷയാണ്.

ജയശ്രീ: ഞാൻ തുറന്നുപറയട്ടെ-അദ്ദേഹത്തിന് എന്റെ ശുശ്രൂഷ ആവശ്യമില്ല... കാലത്തെ പോകും... രാത്രി വൈകീട്ട് ബോധമില്ലാതെ തിരിച്ചുവരും.

ശങ്കുണ്ണിനായർ: ഓ, അക്രമം... മോളേ, മതി തല്ക്കാലം നീയെന്തുപറഞ്ഞാലും അച്ഛന് മനസ്സിലാവില്ല. അച്ഛനിപ്പോൾ പോട്ടെ... രണ്ടു ദിവസം കഴിഞ്ഞ് അച്ഛനി

ങ്ങട്ട് വരാം. അപ്പോൾ നമുക്ക് വേണ്ടതാലോചിച്ച് ചെയ്യാം.

ജയശ്രീ: അയ്യോ! ഇനി ഊണൊക്കെ കഴിച്ച് വെയിലാറീട്ട് പോകാം... അച്ഛനിവിടെ വന്നിരിക്കു.

ശങ്കുണ്ണിനായർ: എന്തിനാണ് മോളേ?

ജയശ്രീ: അച്ഛൻ മെലിഞ്ഞിട്ടുണ്ടോ എന്ന് നോക്കട്ടെ.

ശങ്കുണ്ണിനായർ: അച്ഛനെങ്ങനെ മെലിയാൻ?

ജയശ്രീ: കാണട്ടെ അച്ഛാ...

ശങ്കുണ്ണിനായർ: നീയിന്നും ആ കുട്ടിക്കളി വിട്ടിട്ടില്ല.

ജയശ്രീ: ഞാനിന്നും അച്ഛന്റെ കുട്ടിയല്ലേ?

ശങ്കുണ്ണിനായർ: അതേ.

ജയശ്രീ: അച്ഛന്റെ ശരീരമൊന്ന് കാണട്ടെ.

ശങ്കുണ്ണിനായർ: (കുപ്പായം പൊക്കി കാണിച്ചുകൊടുക്കുന്നു.) ഇതാ

ജയശ്രീ: അച്ഛൻ ക്ഷീണിച്ചിട്ടുണ്ട്. (ശങ്കുണ്ണിനായരുടെ തലമുടി ഇരുഭാഗത്തേക്കും കൈകൊണ്ട് പകുത്തു നിർത്തി) അച്ഛൻ ഒന്നും ശ്രദ്ധിക്കാറില്ല. അരിവെപ്പുകാരനവിടെയില്ലേ?

ശങ്കുണ്ണിനായർ: ഇല്ലാതെ?

ജയശ്രീ: അവനോട്ട് നല്ല കറികളൊക്കെ ഉണ്ടാക്കിത്തരാൻ പറയരുതോ? അച്ഛനിപ്പോൾ മാംസം കഴിക്കാറില്ലേ?

ശങ്കുണ്ണിനായർ: വയറിന്ന് പിടിക്കില്ല മോളേ.

ജയശ്രീ: എന്നാൽ പിടിക്കുന്നത് വല്ലതും കഴിക്കണം. (തലമുടി ഇരുഭാഗത്തേക്കും വകഞ്ഞുനിർത്തി) അച്ഛാ, ഇങ്ങനെ മുടി ചീകിവെച്ചാൽ അച്ഛന് നല്ല ഭംഗീണ്ട്.

ശങ്കുണ്ണിനായർ: എന്നിട്ടൊരു ചുവപ്പുറിബണും കെട്ടണം, ഇല്ലേ? (രണ്ടുപേരും ചിരിക്കുന്നു.)

ജയശ്രീ: ഞാൻ സത്യം പറഞ്ഞതാണച്ഛാ! (മേശപ്പുറത്തെ കണ്ണാടിയെടുത്ത് കാണിക്കുന്നു.) ഇതാ ഈ കണ്ണാടിയിലേക്ക് നോക്കു. നല്ല ഭംഗിയില്ലേ!

ശങ്കുണ്ണിനായർ: നളൻ-നളൻതന്നെ- (രണ്ടുപേരും ചിരിക്കുന്നു. അകത്തുനിന്ന് ഭാസി ഒരു കപ്പ് ചായയും കുടിച്ചുകൊണ്ട് വരുന്നു. ഉണർന്നെണീറ്റ ഭാവം.) ഇപ്പഴെഴുന്നേറ്റതേയുള്ളൂ?

ഭാസി: ഒന്നും പറയണ്ട. ഈ ഏട്ടത്തി എന്നെ പറ്റിച്ചു.

ജയശ്രീ: ആര്, ഞാനോ?

ഭാസി: ഇല്ലാതെ? ഇന്ന് രാവിലെ മൈതാനിയിൽ പ്രാക്ടീസിന് ചെല്ലാമെന്ന് പറഞ്ഞതാ. നേരം ഒരുപടി താമസിച്ചു. ഏട്ടത്തിക്കൊന്ന് വിളിക്കാമായിരുന്നില്ലേ?

ജയശ്രീ: ഇന്നലെ ഉറങ്ങാൻ പേകുമ്പോൾ എന്നെ എല്പിക്കായിരുന്നില്ലേ?

ഭാസി: ഞാൻ എല്പിക്കണമെന്ന് വിചാരിച്ചു. അപ്പോഴേക്കും ബഹളായില്ലേ?

ശങ്കുണ്ണിനായർ: എന്ത് ബഹളം?

ജയശ്രീ: (വിഷയം മാറ്റി) ഇവിടെ എല്ലാവരുംകൂടി ഒത്തുചേരുന്ന ദിവസം വലിയ ബഹളമാണ്.

ഭാസി: എല്പിച്ചില്ലെങ്കിലും ഏട്ടത്തിക്കൊന്നു വിളിക്കാമായിരുന്നു. ഇത് എ ട്ബോൾ സീസണല്ലേ? ടൂർണമെന്റാരംഭിക്കാൻ ഒന്നരരണ്ടാഴ്ചയേയുള്ളൂ.

ജയശ്രീ: ഭാസി ഇത്തവണ കളിക്കുന്നുണ്ടോ?

ഭാസി: ഇല്ലാതെ! കാലത്ത് ഞാനിന്നൊരു സ്വപ്നം കണ്ടു. പത്തിരുപതിനായിരം പേരുടെ ഒരു ഘോഷയാത്ര. മുമ്പിൽ കഴുത്തു നിറയെ പൂമാലയിട്ട ഈ ഭാസി യെ ജനങ്ങൾ പൊക്കിയെടുത്തു നടക്കുന്നു.

ജയശ്രീ: പരമഭാഗ്യവാൻ!

ഭാസി: ഒരു ദിവസം അതു സംഭവിക്കും. ഏട്ടത്തി നോക്കിക്കോളൂ, (ചായ തീർന്ന കപ്പ് മേശപ്പുറത്തുവെച്ച് ഓടുന്നു.) അടുത്തൊരു ഹാട്രിക്ക് ഞാൻ നേടും. (പോകുന്നു.)

തെല്ലിട നിശ്ശബ്ദത.

ശങ്കുണ്ണിനായർ: നിനക്കിവിടെ മറ്റസുഖങ്ങളൊന്നുമില്ലല്ലോ?

ജയശ്രീ: എല്ലാവർക്കും എന്നെ വല്യ കാര്യമാണ്. അച്ഛനും അമ്മയ്ക്കും അനുജന്മാർ ക്കുമൊക്കെ. എല്ലാവരുടെ സ്വഭാവും നല്ല പട്ടുപോലെ!

ശങ്കുണ്ണിനായർ: ഈ കുട്ടിയുടെ ജ്യേഷ്ഠനില്ലേ ഒരുത്തൻ?

ജയശ്രീ: എല്ലാവരും നല്ലവരാണച്ഛാ. അതുപോലെ അദ്ദേഹവും. പക്ഷേ...

ശങ്കുണ്ണിനായർ: പക്ഷേ?

ജയശ്രീ: കൂട്ടുകെട്ടാണദ്ദേഹത്തെ വഷളാക്കുന്നത്. നശിച്ച കൂട്ടുകെട്ട്. ക്ലബ്ബും മാ ന്യന്മാരുമെന്ന് പറഞ്ഞാൽ കഴിഞ്ഞു.

ശങ്കുണ്ണിനായർ: ഈ കൂട്ടുകെട്ടൊരു ശാപമാണല്ലോ!

ജയശ്രീ: അതാ അമ്മായി ഇങ്ങട്ട് വരുന്നുണ്ട്.

കാർത്ത്യായനി അമ്മ ഒരു കപ്പിൽ ചായയും പ്ലേറ്റിൽ പലഹാരവുമാ യി വരുന്നു.

കാർത്ത്യായനി അമ്മ: ശങ്കുണ്ണിനായര് വന്നെന്ന് കുട്ടികള് പറഞ്ഞു. രാവിലെ അടുക്കളയിൽനിന്ന് തിരിയാനും മറിയാനും കഴിയില്ല. വന്നിട്ടധികമായോ?

ശങ്കുണ്ണിനായർ: ഇല്ല.

കാർത്ത്യായനി അമ്മ: രാവിലെ ശ്രീധരന്റെ കാര്യങ്ങളൊരുക്കാൻതന്നെ പത്താളുണ്ടായാൽ മതിയാവില്ല.

ശങ്കുണ്ണിനായർ: ഇങ്ങനെ വിഷമിക്കണോ? അടുക്കളയിലെ കാര്യങ്ങളൊക്കെ ജയശ്രീയെ ഏല്പിക്കരുതോ?

കാർത്ത്യായനി അമ്മ: അവരൊക്കെ കുട്ടികളല്ലേ ശങ്കുണ്ണിനായരേ. ഒന്നും വേണ്ടപോലെ അറിയാറായിട്ടില്ലല്ലോ. ഇതൊന്നും ഒറ്റ ദിവസംകൊണ്ട് വശത്താക്കേണ്ട കാര്യമല്ല.

ശങ്കുണ്ണിനായർ: ശരിയാണ്.

കാർത്ത്യായനി അമ്മ: ഇവിടെ ശ്രീധരന്റെകൂടെ പൊറുപ്പിക്കാനാണ് വിഷമം... അവനാകെക്കൂടി വെറിയും ശുണ്ഠിയും... ഒന്നു നോക്കുമ്പോൾ അവനെ പറഞ്ഞിട്ട് കാര്യമില്ല. ഒരാളധ്വാനിക്കാനും മറ്റുള്ളവർ അനുഭവിക്കാനുമാവുമ്പോൾ അങ്ങനെയൊക്കെ ഉണ്ടാവും...

ശങ്കുണ്ണിനായർ: ശ്രീധരൻ ആദ്യമൊക്കെ ഒരു പാകതയുള്ള കുട്ടിയായിരുന്നല്ലോ?

കാർത്ത്യായനി അമ്മ: അതെ; അതൊക്കെ അവസാനിച്ചു. ശങ്കുണ്ണിനായരേ. വേണുവും ഭാസിയും വെറുതേ നടക്കുന്നതാണ് ശ്രീധരനെ വിഷമിപ്പിക്കുന്നത്. ഒരുത്തന് നാടകഭ്രാന്ത്! മറ്റവന് കളി ഭ്രാന്ത്! വല്ല ജോലിയുമന്വേഷിക്കാൻ പറഞ്ഞാൽ ചെവിട്ടു പൊട്ടന്മാരെപ്പോലെ.

ശങ്കുണ്ണിനായർ: ശ്രീധരന്റെ ശുണ്ഠികൊണ്ട് ഇതിലെന്താണ് പ്രയോജനം?

കാർത്ത്യായനി അമ്മ: അങ്ങനെ വേഗത്തിലങ്ങ് പറഞ്ഞൊഴിഞ്ഞാൽ പറ്റില്ല. ശ്രീധരൻ അദ്ധ്വാനിക്കുക; ഞങ്ങളൊക്കെ കാലുംനീട്ടിയിരുന്ന് സുഖിക്കുക! അവൻ ശുണ്ഠിയെടുക്കുന്നതിൽ തെറ്റില്ല. മനുഷ്യസ്വഭാവം അങ്ങനെയല്ലേ?

ശങ്കുണ്ണിനായർ: എന്തോ?

വൃദ്ധൻ അകത്തുനിന്ന് വരുന്നു.

വൃദ്ധൻ: അമ്മതിച്ചുകൊടുക്കു ശങ്കുണ്ണിനായരേ. കാർത്ത്യായനിക്ക് ഈയിടെ മനുഷ്യസ്വഭാവത്തെക്കുറിച്ച് നല്ല പരിജ്ഞാനം വന്നിട്ടുണ്ട്. (ഇരിക്കുന്നു.) എന്താ ജയേ, നീ ഇങ്ങനെ അന്തംവിട്ട് നില്ക്കുന്നത്? നിനക്കും പറയരുതോ വല്ല വിദഗ്ദ്ധാഭിപ്രായവും?

ജയശ്രീ: ഇങ്ങനെ എല്ലാവരും പറയണമെന്നുണ്ടോ?

വൃദ്ധൻ: എല്ലാവരേയും ബാധിക്കുന്ന കാര്യമാവുമ്പോൾ എല്ലാവരും പറയണം... ഞാനൊന്ന് പറയട്ടേ? (എല്ലാവരും അദ്ദേഹത്തെ നോക്കുന്നു.) എന്താ ആരും ഒന്നും പറയാത്തത്?

ശങ്കുണ്ണിനായർ: അവനവന്റെ അഭിപ്രായം പറയാൻ മറ്റുള്ളവരുടെ സമ്മതം വേണോ?

വൃദ്ധൻ: സമ്മതം ചോദിക്കാതെ പറഞ്ഞാൽ ചിലപ്പോൾ കുഴപ്പമുണ്ടാവും. എല്ലാവർക്കും എന്റെ അഭിപ്രായം രസിക്കണമെന്നില്ലല്ലോ.

ശങ്കുണ്ണിനായർ: അങ്ങനെയാവുമ്പോൾ കഴിയുന്നതും എല്ലാവരെയും രസിപ്പിക്കാൻ പറ്റിയ അഭിപ്രായം പറയുക.

വൃദ്ധൻ: ഇവിടെയാണ് കാർത്ത്യായനിയുടെ സഹായം വേണ്ടത്. മനുഷ്യസ്വഭാവമെന്ന് കാർത്ത്യായനി പറഞ്ഞില്ലേ? അതൊരു വിചിത്രവസ്തുവാണ്. ശങ്കുണ്ണിനായരേ, നമ്മുടെയൊക്കെ ജീവിതത്തിലെ അനുഭവം വെച്ചല്ലേ ഈവക കാര്യങ്ങൾ ചിന്തിക്കേണ്ടത്?

ശങ്കുണ്ണിനായർ: അതെ.

വൃദ്ധൻ: അങ്ങനെ ചിന്തിക്കുമ്പോൾ ഈ മനുഷ്യസ്വഭാവമെന്നത് പാലുപോലെയാണ്.

കാർത്ത്യായനി അമ്മ: പാലുപോലെ?

വൃദ്ധൻ: അതെ, പാലുപോലെ. അത് പഞ്ചസാരചേർത്ത് കുടിക്കാം; ബഹുരസം. ഉറയൊഴിച്ച് തൈരാക്കാം; ബഹുവിശേഷം. കടഞ്ഞ് വെണ്ണയെടുക്കാം, ബലേ ഭേഷ്! എന്നാൽ ഒരു കട്ട ഉപ്പ് അതിൽ വീഴട്ടെ. കഴിഞ്ഞു; ആകപ്പാടെ അറുവഷളായി! നാറ്റമോ? (മൂക്കു പിടിക്കുന്നു.)

ശങ്കുണ്ണിനായർ എന്തോ ആലോചിച്ചിരിക്കുകയാണ്.

വൃദ്ധൻ: എന്താ മിണ്ടാത്തത്?

ശങ്കുണ്ണിനായർ പിന്നെയും ആലോചന. കേൾക്കുന്നില്ല.

ജയശ്രീ: അച്ഛനോടാണ് ചോദിച്ചത്. അച്ഛൻ കേട്ടില്ലേ?

ശങ്കുണ്ണിനായർ: ഏങ്? പിന്നെ... (പരുങ്ങുന്നു.)

വൃദ്ധൻ: അതല്ലേ നിങ്ങളുടെ അഭിപ്രായം.

ശങ്കുണ്ണിനായർ: എനിക്കിങ്ങനെ കൂടിയിരുന്ന് ചിന്തിച്ചാൽ ഒരു തീരുമാനമെടുക്കാൻ കഴിയില്ല. ഒറ്റയ്ക്കിരുന്ന് ആലോചിക്കണം. (എഴുന്നേല്ക്കുന്നു.) ഞാൻ അധികനേരവും ഒറ്റയ്ക്കാണല്ലോ.

വൃദ്ധൻ: ഇരിക്കു ശങ്കുണ്ണിനായരേ, ഇനി ഉണ്ടിട്ട് പോകാം.

കാർത്ത്യായനി അമ്മ: അതല്ലേ പറയുന്നത്? ഊണുകഴിഞ്ഞ് വെയിലാറീട്ട് പോകാം.

ശങ്കുണ്ണിനായർ: പിന്നെ വരാം (നടക്കുന്നു)

ജയശ്രീ: (മുൻപോട്ട് നടന്ന് വിളിക്കുന്നു) അച്ഛാ!

ശങ്കുണ്ണിനായർ മിണ്ടാതെ, തിരിഞ്ഞുനോക്കാതെ, പോകുന്നു. ജയശ്രീ സ്തംഭിച്ചു നില്ക്കുന്നു.

കാർത്ത്യായനി അമ്മ: (എഴുന്നേറ്റ്) അല്ല ശങ്കുണ്ണിനായർ ചായ കഴിക്കാനും മറന്നോ (പാത്രങ്ങളെടുത്ത് പോകുന്നു.)

വൃദ്ധൻ: മോളേ, ജയേ... (ജയശ്രീ തിരിഞ്ഞുനോക്കുന്നു. കണ്ണ് തുടയ്ക്കുന്നു.) കാർത്ത്യായനി വിചാരിക്കുംപോലെ, മനുഷ്യസ്വഭാവം നിർവചിക്കുക അത്ര എളുപ്പമല്ല. അടുത്തുചെന്ന് മൂർധാവിൽ തലോടുന്നു.

— യവനിക —

— 5 —

രംഗം 4

ഒരു നാടകശാലയിലെ ഗ്രീൻ റൂം. സാധനങ്ങൾ താറുമാറായും അട്ടിതെറ്റിയും കിടക്കുന്നു. മെയ്ക്കപ്പിനുള്ള സാധനങ്ങൾ അവിടവിടെ വാരിവലിച്ച് ഇട്ടിട്ടുണ്ട്: ഒന്നുരണ്ട് വലിയ കണ്ണാടി-ഒന്നു രണ്ടു മേശ-കുറച്ച് കസേരകൾ. ഒരു ചെറിയ കണ്ണാടിയും നോക്കി ഒരു നടൻ തന്റെ മെയ്ക്കപ്പിനു ഭംഗി കൂട്ടുന്നു. രംഗത്തിന്റെ ഇടത്തെ മൂലയിൽ തല അകത്തേക്കിട്ട് ഒരു പുസ്തകവും മലർത്തിപ്പിടിച്ച് പ്രോപ്രൈറ്റർ വായ് പൊളിച്ച് എന്തൊക്കെയോ പറയുന്നുണ്ട്. പ്രൊപ്രൈറ്റർ അസ്വസ്ഥനായി അങ്ങുമിങ്ങും നടക്കുന്നു; ഇടയ്ക്ക് ഒരു പഴുതിൽക്കൂടി പിന്നിലുള്ള രംഗത്തേക്ക് നോക്കുന്നുണ്ട്. അകത്തുനിന്ന് വേണു 'നീ മരിക്കണം' എന്നു തുടങ്ങി നാടകത്തിലെ ആദ്യരംഗത്ത് പറഞ്ഞ ഭാഗങ്ങൾ ക്രമപ്രകാരം, വികാരാധീനനായി പതുക്കെ ഉച്ചരിക്കുന്നത് കേൾക്കാം.

പ്രൊപ്രൈറ്റർ: (പ്രോംപ്റ്ററോട്) ശബ്ദമല്പം കുറച്ച് പ്രോംപ്റ്റ് ചെയ്യൂ. ഓഡിയൻസ് കേൾക്കും. (പ്രോംപ്റ്റർ വായ കൂടുതൽ പൊളിച്ച് അവ്യക്തശബ്ദങ്ങളുണ്ടാക്കുന്നു.) അടുത്ത രംഗത്തിൽ പോകേണ്ടവർ ആരൊക്കെയാണ്?

പ്രോംപ്റ്റർ: (ഓടിവന്ന്) ഈ സീനോടെ നാടകം കഴിയും.

പ്രൊപ്രൈറ്റർ: ഓ, ശരി. ഞാൻ മറന്നു. (കണ്ണാടിനോക്കിയിരിക്കുന്ന നടനോട്) പിന്നെ താനെന്തിനാടോ ഭംഗിയും നോക്കി ഇവിടെയിരിക്കുന്നത്? ആ വേഷമൊക്കെ ഒന്നഴിച്ചുവെയ്ക്കൂ... ഇനി ഇക്കണ്ട സാധനങ്ങളൊക്കെ ഒതുക്കിവെച്ച് വെളുപ്പാൻകാലത്തുള്ള വണ്ടിക്ക് പോകണ്ടേ! (നടൻ ഇളിഭ്യതയോടെ എഴുന്നേറ്റ് പോകുന്നു.)

വേണുവിന്റെ ശബ്ദം: 'നിന്റെ ഞരമ്പുകൾ വീർത്ത് വീർത്ത് പൊട്ടണം. നിന്റെ ശ്വാസകോശം...'

പെട്ടെന്ന് ജനങ്ങളുടെ പൊട്ടിച്ചിരിയും, ആർപ്പുവിളിയും, കൂവലും, ചൂളംവിളിയും. വേണു ബഫൂണിന്റെ വേഷത്തിലുള്ള ഡ്രൈവറെ കഴുത്തു പിടിച്ച് കൊണ്ടുവരുന്നു. മുഖം പരിഭ്രാന്തമായിട്ടുണ്ട്.

പ്രൊപ്രൈറ്റർ: (ഓടി അടുത്തു ചെന്ന്) എന്താണ് സംഭവിച്ചത്? ജനങ്ങൾ കൂവിയതെന്തിനാണ്? (വേണു മിണ്ടുന്നില്ല.) അവസാനരംഗത്ത് അടിക്കടി അപ്ലാസ് കിട്ടാറുണ്ടല്ലോ. ഇന്നെന്തുപറ്റി?

വേണു: ഹേ മനുഷ്യാ! അവനവന് ബുദ്ധിയില്ലെങ്കിൽ മറ്റുള്ളവർ പറയുന്നതനുസരിക്കാനുള്ള തന്റേടമെങ്കിലും കാട്ടണം. എന്തുപറ്റി എന്നാണ് ചോദിക്കുന്നത്?

പ്രൊപ്രൈറ്റർ: പറയൂ മിസ്റ്റർ വേണൂ.

വേണു: പറയാനല്ല പ്രവർത്തിക്കാനാണുദ്ദേശിക്കുന്നത്. ഇവനെ ഞാനിന്ന് കൊല്ലും.

പ്രൊപ്രൈറ്റർ: ഏങ്? ഏങ്? എന്തുണ്ടായി?

വേണു: ചോദിക്കൂ ഇവനോട്. (ശങ്കരനെ കഴുത്തിൽപ്പിടിച്ച് തള്ളി പ്രൊപ്രൈറ്ററുടെ അടുത്തേക്കയയ്ക്കുന്നു…)

ഗൗരി കടന്നുവരുന്നു. കഴുത്തിലെ പതക്കവും മറ്റും അഴിച്ചുമാറ്റിയിട്ടുണ്ട്. ഒരു സ്ഥലത്ത് ചെന്നിരുന്ന്, കൈയിലും കാലിലും ഉള്ള ചമയങ്ങൾ ഓരോന്നായി മാറ്റുന്നു.

പ്രൊപ്രൈറ്റർ: (വേണുവിനെ സമീപിച്ച്) ദയവുചെയ്ത് പറയൂ.

വേണു: അവനാണ് പറയേണ്ടത്. (തിരിഞ്ഞ് മറ്റൊരു ഭാഗത്ത് നോക്കി നില്ക്കുന്നു) (പ്രൊപ്രൈറ്റർ ശങ്കരനെ നോക്കുന്നു.)

ശങ്കരൻ: ഞാനൊന്നും ചെയ്തിട്ടില്ല.

പ്രൊപ്രൈറ്റർ: പിന്നെ?

ശങ്കരൻ: (ആംഗ്യം കാണിച്ച്) കൈപൊക്കി 'നീ മരിക്കണം' എന്നു പറഞ്ഞ് മുൻപോട്ട് നീങ്ങിയപ്പോൾ ഞാൻ രംഗത്തേക്ക് ചാടി 'പോലീസ്, പോലീസ്' എന്ന് വിളിച്ചു. ജനങ്ങൾ ചിരിച്ച് കുന്തം മറിഞ്ഞു.

പ്രൊപ്രൈറ്റർ: ഫലിതം കുറിക്കുകൊണ്ടു.

ശങ്കരൻ: ഞാൻ വിട്ടില്ല.

വേണു ശങ്കരനെ ദഹിപ്പിക്കാൻമട്ടിൽ നോക്കുന്നു. ശങ്കരൻ പരുങ്ങുന്നു.

പ്രൊപ്രൈറ്റർ: എന്നിട്ട്?

ഗൗരി: ഹോ, ഞാൻ ചിരിയടക്കാൻ പെട്ട പാട്!

ശങ്കരൻ: അതുകഴിഞ്ഞ് പിന്നെ ഞാൻ ഫോണെടുത്തു.

ശങ്കരൻ: അവിടെ ഫോണുണ്ടായിരുന്നോ?

ശങ്കരൻ: ഇല്ല. ഒക്കെ സങ്കല്പം. (അഭിനയിച്ച് കാണിക്കുന്നു.) ഹല്ലോ-ഹല്ലോ-യെസ്സ്-പോലീസ്സ്-ഇൻസ്പെക്ടർ സ്പീക്കിങ്-യെസ്സ്-യെസ്സ്-മർഡർ... മർഡർ... ഇമ്മിഡിയറ്റ്ലി... സ്റ്റാർട്ട്... പച്ചക്കറി മാർക്കറ്റ്... ഓഡിറ്റോറിയം. യെസ്... യെസ്... യെസ്... താങ്ക്യൂ (ഫോണ് താഴെ വെക്കുന്നതായി നടിക്കുന്നു.)

വേണു: (ഗൗരവത്തിൽ ഒന്നുരണ്ടടി മുൻപോട്ടുവെച്ച്) മിസ്റ്റർ പ്രൊപ്രൈറ്റർ! അന്നും ഞാൻ നിങ്ങളോട് പറഞ്ഞു.

പ്രൊപ്രൈറ്റർ: എന്ത്?

വേണു: നിങ്ങൾക്ക് ബുദ്ധിയില്ലെന്ന്. നിങ്ങൾ നാടകക്കമ്പനി നടത്തേണ്ടവനല്ല. നിങ്ങൾക്ക് കലയെപ്പറ്റി ഒരു ചുക്കും അറിയില്ല. നാടകത്തിന്റെ തുടക്കത്തിൽ നിങ്ങളിന്ന് അർദ്ധനഗ്നകളായ കുറെ യുവതികളെ നൃത്തം ചെയ്യാനയച്ചില്ലേ?

പ്രൊപ്രൈറ്റർ: ഇന്നത്തെ കലക് ഷൻ എത്രയെന്നറിഞ്ഞിട്ടുണ്ടോ? ഹോളിൽ സൂചികുത്താൻ പഴുതില്ല.

വേണു: കഴിഞ്ഞോ

പ്രൊപ്രൈറ്റർ: നമ്മുടെ ലക്ഷ്യമെന്താണ്?

വേണു: എന്താണ്?

പ്രൊപ്രൈറ്റർ: കിട്ടാവുന്നത്ര കാശുണ്ടാക്കണം.

വേണു: (പുച്ഛമായി ചിരിച്ച്) പിന്നെ?

പ്രൊപ്രൈറ്റർ: ജനങ്ങളെ തൃപ്തിപ്പെടുത്തുകയും വേണം. കാശു വാങ്ങി അവരെ വഞ്ചിക്കരുത്.

വേണു: ഇത് വഞ്ചനയാണ്. കാശു മുതലിറക്കി ടിക്കറ്റു വാങ്ങി അകത്ത് കേറുന്നവർക്ക് അർധനഗ്നകകളായ കുറെ പെൺകുട്ടികളെ കാഴ്ചവെക്കുക! അവനവന്റെ മകളോ പെങ്ങളോ ആ കൂട്ടത്തിലുണ്ടെങ്കിൽ ആ കാഴ്ച കണ്ട് രസിക്കാൻ എത്രപേരെ കിട്ടും? മിസ്റ്റർ പ്രൊപ്രൈറ്റർ! ഇത് നാടകമാണ്; മാംസവില്പന സ്ഥലമല്ല.

പ്രൊപ്രൈറ്റർ: ജനങ്ങൾക്കിഷ്ടമാണെങ്കിൽ നിങ്ങളെന്തിന്ന് വാശി പിടിക്കണം.

വേണു: പിന്നെയും നിങ്ങൾ ജനങ്ങളുടെ കാര്യം പറയുന്നു! തെരുവിലിറങ്ങിയ ഭ്രാന്തന്റെ പിന്നിൽ പുരുഷാരം കൂടുന്നത് നിങ്ങൾ കണ്ടിട്ടില്ലേ? പുരുഷാരത്തെ ആകർഷിക്കാൻ കഴിയുമെന്നുവെച്ച് നിങ്ങൾ ഭ്രാന്തനാവാൻ ഒരുക്കമുണ്ടോ? നിങ്ങളുടെ മനഃസ്ഥിതി അത്രമാത്രം നശിച്ചിരിക്കുന്നു.

പ്രൊപ്രൈറ്റർ: മിസ്റ്റർ വേണു, നിങ്ങളിങ്ങനെ ക്ഷോഭിക്കരുത്.

വേണു: എങ്ങനെ ക്ഷോഭിക്കാതിരിക്കും? ഒരു തവണ ഞാൻ നിങ്ങളോട് പിണങ്ങിപ്പിരിഞ്ഞതാണ്. ജനങ്ങളുടെ പേരും പറഞ്ഞ് സ്ഥാനത്തും അസ്ഥാനത്തും സംഗീതം കുത്തിനിറയ്ക്കുക. വകതിരിവില്ലാതെ കോമഡിയന്മാരെ രംഗത്തേക്ക്

അഴിച്ചുവിടുക. എന്നിട്ട് നാടകമെന്ന് പറഞ്ഞാൽ പാട്ടും ചിരിയും കൂത്തും നഗ്ന നൃത്തവുമാണെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുക. കള്ളുകച്ചവടംപോലെ; കാശുവാങ്ങി അവർക്ക് ലഹരി വില്ക്കുക... നിങ്ങൾ കലയുടെ കഴുത്തിന്ന് കത്തിവെയ്ക്കുകയാണ്.

പ്രൊപ്രൈറ്റർ: ഈ സമ്പ്രദായവുമായി പരിചയപ്പെടുമ്പോ നിങ്ങളുടെ അഭിപ്രായം മാറിക്കൊള്ളും.

വേണു: രണ്ടാമതും നിങ്ങളെന്നെ സമീപിച്ചത് എന്ത് പറഞ്ഞാണ്?

പ്രൊപ്രൈറ്റർ: നിങ്ങളെപ്പോലെ ഒരു നല്ല നടനെ ഞങ്ങൾക്ക് വേറെ കിട്ടാനില്ലെന്ന്.

വേണു: നിങ്ങളുടെ മുഖസ്തുതി കേട്ടിട്ടാണോ ഞാൻ വന്നത്? നിങ്ങൾ ഒരവധിക്കുമേലേ ലഹരിപിടിപ്പിക്കുന്ന യാതൊന്നും നാടകത്തിൽ ഉൾപ്പെടുത്തില്ലെന്ന് പറഞ്ഞില്ലേ?

പ്രൊപ്രൈറ്റർ: ഉവ്വ്.

വേണു: എന്നിട്ടെന്താണിന്ന് നടന്നത്? മറ്റൊക്കെ ഞാൻ മാപ്പാക്കാം. അവസാനരംഗത്ത് നാടകം അതിന്റെ ക്ലൈമാക്സിലേക്ക് നീങ്ങിക്കൊണ്ടിരിക്കുമ്പോൾ (ശങ്കരനെ ചൂണ്ടി) നിങ്ങളുടെ ഈ ചിരിക്കുന്ന മൃഗം-കഴുതയെന്നുതന്നെ പറയട്ടെ-അവിടെ ചാടിക്കടന്നുവന്ന് ആ രംഗം വഷളാക്കി.

പ്രൊപ്രൈറ്റർ: ഇനിയങ്ങനെ വരില്ല. (അനുനയഭാവത്തിൽ.) മിസ്റ്റർ വേണു, കലാകാരനെന്ന് പറഞ്ഞാൽ കുറച്ച് നേരമ്പോക്കും. പിന്നെ... (പറയാൻ മടിക്കുന്നു.)

വേണു: പിന്നെ?

പ്രൊപ്രൈറ്റർ: പിന്നെ കുറച്ച് ഹൃദയത്തിന്റെ വിശപ്പും. (ശൃംഗാരച്ചിരി) പിന്നെ, പ്രചോദനത്തിനുവേണ്ടി അല്പം വാട്ടീസെടുക്കലും എല്ലാം ചേർന്ന ഒരു നല്ല മനുഷ്യനാണെന്നാണ് ഞാൻ കരുതിയത്.

വേണു: ഹൃദയത്തിന്റെ വിശപ്പും, കള്ളിന്റെ ദാഹവും! മനുഷ്യാ, ഇതൊന്നും കലാകാരന്റെ ലക്ഷണമല്ല. പുരോഗതിക്കും സ്നേഹസമാധാനങ്ങൾക്കും വേണ്ടി പ്രയത്നിക്കുന്ന ഒരു കലാകാരനും ഒരിക്കലും ഒരു വിടനോ മദ്യപാനിയോ ആയിരുന്നിട്ടില്ല. റോമയിൻ റോളണ്ട്, മാക്സിംഗോർക്കി, മഹാകവി ടാഗോർ (അല്പം പരിഹാസത്തിൽ) അല്ലെങ്കിൽ ആരോടാണ് ഞാനീ പറയുന്നത്? നാടകം മാംസക്കച്ചവടമാണെന്ന് ധരിക്കുന്ന ഈ മനുഷ്യനോടോ!

പ്രൊപ്രൈറ്റർ: ക്ഷമിക്കു മിസ്റ്റർ വേണു. ഇനി ഈ കോമഡിയൽ നിങ്ങളുടെ രംഗത്ത് വരില്ല.

വേണു: ഇനി ഞാൻ നിങ്ങളുടെ നാടകരംഗത്തുണ്ടാവില്ല.

പ്രൊപ്രൈറ്റർ: അങ്ങനെ പറയരുത്. നിങ്ങളുടെ റോൾ ഇത്രയും ഭംഗിയായി അഭിനയിക്കാൻപറ്റിയ വേറൊരു നടനില്ല. (അടുത്തുചെന്ന് ട്രൗസറിന്റെ പോ

ക്കറ്റിൽനിന്ന് നോട്ടുകളെടുത്ത്) ഇതാ, ഇന്നത്തെ വിജയത്തിന്റെ പേരിൽ ഒരു ഇരുപത്തഞ്ചുറുപ്പികകൂടി.

വേണു: (നോട്ടുകെട്ട് വാങ്ങി വലിച്ചെറിയുന്നു. അവ ആകാശത്തിൽ പാറിവീഴുന്നു.) നിങ്ങളുടെ പ്രതിഫലം! മാംസക്കച്ചവടത്തിൽ നിന്ന് വീതം വാങ്ങാൻ ഉദ്ദേശിച്ചിട്ടില്ല. കലയെ ബഹുമാനിച്ച് അതിനെ സ്നേഹിച്ച് വല്ലവരും നാലുകാശു തരുന്നുണ്ടെങ്കിൽ അതാണ് കലാകാരനുള്ള പ്രതിഫലം… നിങ്ങളുടെ നോട്ടുകെട്ട്. നിങ്ങളുടെ ഈ കള്ളക്കച്ചവടത്തിൽ എനിക്ക് പങ്ക് വേണ്ട.

ജയശ്രീ: (പുറത്തുനിന്ന് വിളിക്കുന്നു) വേണു, വേണു… അകത്തേക്ക് വരട്ടേ?

വേണു: (പ്രയാസപ്പെട്ട് കോപം അടക്കി) ആരാണത്? വരൂ.

ജയശ്രീ കടന്നുവരുന്നു. വേണു അമ്പരന്ന് നോക്കുന്നു.

ജയശ്രീ: എന്താ ഇങ്ങനെ അമ്പരന്ന് നോക്കുന്നത്?

വേണു: ജ്യേഷ്ഠത്തി നാടകം കാണാനുണ്ടായിരുന്നോ?

ജയശ്രീ: ഉവ്വ്. വേണുവിന്റെ അച്ഛനും വന്നിട്ടുണ്ട്.

വേണു: അച്ഛനും വന്നിട്ടുണ്ടോ? (പ്രൊപ്രൈറ്ററെ പരിചയപ്പെടുത്തുന്നു.) ഇത് ഞങ്ങളുടെ പ്രൊപ്രൈറ്റർ.

ജയശ്രീ: നമസ്കാരം?

പ്രൊപ്രൈറ്റർ: നമസ്കാരം

വേണു: (ഗൗരിയെ ചൂണ്ടി) ഇത് ഞങ്ങളുടെ പ്രധാനനടി ഗൗരി.

പ്രൊപ്രൈറ്റർ: നമസ്കാരം!

പ്രൊപ്രൈറ്റർ: (എഴുന്നേറ്റ്) നമസ്കാരം!

ജയശ്രീ: ഞാൻ ധാരാളം കേട്ടിട്ടുണ്ട്. (അടുത്ത് ചെന്ന്) ഇന്ന് കാണാനും കഴിഞ്ഞു. അഭിനയം ഒന്നാന്തരമായിരുന്നു. കേട്ടോ?

ഗൗരി: താങ്ക്സ്!

വേണു: മറ്റുള്ളവരൊക്കെ പുറത്ത് പോയിരിക്കുന്നു. (ശങ്കരനെ ചൂണ്ടി) ഇത് പിന്നെ…

ജയശ്രീ: നമ്മുടെ ഡ്രൈവറല്ലേ? (ചിരിക്കുന്നു)

വേണു: ജ്യേഷ്ഠത്തിക്ക് മനസ്സിലായോ?

ജയശ്രീ: വേഷംകൊണ്ട് തിരിച്ചറിഞ്ഞില്ല. പക്ഷേ, ആ ശബ്ദം കേട്ടപ്പോൾ ഉറപ്പായി… (ചുറ്റുപാടും നോക്കി) വേണു, നാടകം എനിക്ക് നന്നേ പിടിച്ചു, കേട്ടോ? ഇത്രയധികം ഞാൻ പ്രതീക്ഷിച്ചില്ല.

വേണു: ഈ നാടകത്തിന്റെ പൂർണരൂപം ഇതല്ല ജ്യേഷ്ഠത്തീ. ഇതിൽ പണത്തിനു വേണ്ടി വഷളത്തരങ്ങൾ ധാരാളം കുത്തിച്ചെലുത്തീട്ടുണ്ട്.

ജയശ്രീ: അത് തോന്നി അതൊക്കെ ഉണ്ടായിട്ടും നാടകത്തിലെ സ്ഥായിയായ രസത്തെ കൊല്ലാൻ കഴിഞ്ഞിട്ടില്ല. ആരാണിതെഴുതിയത്?

വേണു: അത് കേട്ടാൽ ജ്യേഷ്ഠത്തിക്ക് അഭിപ്രായം പോകും.

ജയശ്രീ: പറയൂ.

വേണു: ഇതുവരേയും ആരേയും അറിയിച്ചിട്ടില്ല.

ജയശ്രീ: മനസ്സിലായി വേണു. അതിന്റെപേരിലും എന്റെ അഭിനന്ദങ്ങൾ! അവസാനരംഗത്തിൽ എന്റെ കണ്ണുകൾ നനഞ്ഞു. ഗദ്ഗദം നിയന്ത്രിക്കാൻ എനിക്കായില്ല.

വേണു: പക്ഷേ, ഇടയിൽ ഈ വഷളൻ ചാടി വന്നു.

ജയശ്രീ: ഞാനറിഞ്ഞതേയില്ല. മറ്റുള്ളവർ കാണാതെ കരയാൻ വളരെ പാടുപെടേണ്ടി വന്നു. പക്ഷേ, എന്റെ ചുറ്റിലിരുന്നവരും കരയുകയായിരുന്നു.

വേണു: എനിക്കത് വേണ്ടപോലെ ചെയ്യാൻ കഴിഞ്ഞില്ല. നാടകത്തിന്റെ അവസാനരംഗത്തിൽ ഞാൻ ചെറിയൊരു മാറ്റം വരുത്തീട്ടുണ്ട്. നായികയെ കഴുത്ത് ഞെരിച്ച് കൊല്ലാൻ വരുമ്പോൾ നായകൻ ബോധംകെട്ട നിലയിലാണ്.

ജയശ്രീ: അപ്പോൾ മദ്യത്തിന്റെ കൊള്ളരുതായ്മകൂടി ചിത്രീകരിക്കാൻ കഴിഞ്ഞു.

വേണു: മാത്രമല്ല, നായിക നിർദ്ദോഷിയാണെന്നും, തെറ്റിദ്ധാരണയും, സംശയവും മദ്യംകൊണ്ട് വന്നുചേർന്നതാണെന്നും, കൊലപാതകത്തിന് പ്രേരകമായ വസ്തു മദ്യമാണെന്നും തെളിയുന്നു.

ജയശ്രീ: ഈ പട്ടണത്തിൽ മാന്യരായി ഞെളിഞ്ഞുനടക്കുന്ന ചിലരുടെനേർക്ക് ഇതൊരു പ്രഹരമാണ്.

വേണു: നാടകം മനുഷ്യരെ നല്ല ലക്ഷ്യത്തിലേക്ക് നയിക്കുന്ന ഒരു രാജമാർഗവും കൂടിയാവണമെന്ന് ഞാനുദ്ദേശിച്ചിരുന്നു.

ജയശ്രീ: ആ ഉദ്ദേശം തികച്ചും വിജയിച്ചിട്ടുണ്ട്.

വേണു: സ്നേഹം-അതാണ് ഈ ലോകത്തിൽ ഏറ്റവും ദുർലഭ വസ്തു. അതിന്റെ അഭാവത്തിൽ സംഭവിക്കാൻ പാടില്ലാത്തതൊന്നുമില്ല. സ്നേഹത്തിന്റെ സന്ദേശം പ്രചരിപ്പക്കുകയെന്ന മഹത്തായ കടമയും കലാകാരനുണ്ട്.

ജയശ്രീ: വേണുവിന്റെ പരിശ്രമങ്ങൾ ഇനിയുമിനിയും വിജയിക്കട്ടെ... വീട്ടിലേക്ക് വരാറായില്ലേ? അച്ഛൻ പുറത്ത് കാത്തുനില്ക്കുന്നുണ്ട്.

വേണു: ഓ, അച്ഛനും നടകം കാണാനുണ്ടായിരുന്നുവല്ലോ എന്ത് പറഞ്ഞു?

ജയശ്രീ: ഒന്നും പറഞ്ഞില്ല. അത്രവേഗം പറയുന്ന കൂട്ടത്തിലല്ലല്ലോ അച്ഛൻ?

> പെട്ടെന്ന് പുറത്ത് ഡോക്ടർ ശ്രീധരന്റെ ശബ്ദം. 'ജയേ! ജയേ!'- ഭയങ്കരമായ കോപവും പകയും കലർന്ന വിളി. അതോടുകൂടി ഡോക്ടർ ശ്രീധരൻ പ്രത്യക്ഷപ്പെടുന്നു. കലങ്ങിച്ചുവന്ന കണ്ണുകൾ. തുടുത്ത മുഖം... ഡോക്ടർ ശ്രീധരനെ കണ്ടയുടനെ ശങ്കരൻ ബഫൂണിന്റെ കുപ്പായം ഊരിയെറിഞ്ഞ് ഓടിപ്പോകുന്നു. ഡോക്ടർ ശ്രീധരൻ രണ്ടടി മുൻപോട്ടുവന്ന് വേണുവിനേയും ജയശ്രീയേയും തുറിച്ചുനോക്കുന്നു; പിന്നെ രംഗത്തുള്ള എല്ലാവരേയും.

ജയശ്രീ: വേണുവിന്ന് താമസമുണ്ടെങ്കിൽ പിന്നാലെ വന്നോളൂ. അച്ഛൻ കാത്തു നില്ക്കുന്നുണ്ട്, ഞാൻ പോട്ടെ. (പോവാൻ തുടങ്ങുന്നു)

ഡോക്ടർ ശ്രീധരൻ: (അട്ടഹസിക്കുന്നു) നില്ക്കവിടെ; (ആടിക്കൊണ്ട് മുൻപോട്ടടുത്ത്) എന്തിന് ബദ്ധപ്പെടണം?

ജയശ്രീ: അച്ഛൻ കാത്തുനില്ക്കുന്നുണ്ട്.

ഡോക്ടർ ശ്രീധരൻ: അച്ഛനോ! അതെന്റെ അച്ഛനാണ്; മനസ്സിലായോ? അച്ഛനവിടെ നില്ക്കട്ടെ. നീയെന്തിനിവിടെ വന്നു?

ജയശ്രീ: നാടകം കാണാൻ.

ഡോക്ടർ ശ്രീധരൻ: (പല്ലു കടിച്ച് മുൻപോട്ടടുത്ത്) നാടകം കാണാൻ, അല്ലേ? നാടകം! നാടകപ്രേമംകൊണ്ടാണോ നീയിവിടെ വന്നത്? ആണോ?

ജയശ്രീ: പിന്നല്ലാതെ?

ഡോക്ടർ ശ്രീധരൻ: വേറെ പ്രേമമൊന്നുമില്ലേ നിനക്ക്?

ജയശ്രീ: എന്ത്?

ഡോക്ടർ ശ്രീധരൻ: നിനക്ക് ശുണ്ഠിവരുന്നുണ്ടോ? വേറെ പ്രേമമൊന്നുമില്ലേ നിനക്കെന്ന്?

ജയശ്രീ: ഭ്രാന്തുപറയുന്നവരോട് എനിക്കുത്തരം പറയാൻ വയ്യ. അച്ഛൻ കാത്തു നില്ക്കുന്നുണ്ട്; ഞാൻ പോട്ടെ, (മുൻപോട്ട് നീങ്ങി) വേണു, വേണുവിന് താമസമില്ലേ? (രംഗത്തുനിന്ന് മറുവശത്തേക്ക് നീങ്ങുന്നു.)

ഡോക്ടർ ശ്രീധരൻ: (തിരിഞ്ഞുനിന്ന്) നില്ക്കവിടെ!

ജയശ്രീ: എന്താണാവശ്യം? അച്ഛൻ കാത്തുനില്ക്കുന്നു.

ഡോക്ടർ ശ്രീധരൻ: അച്ഛനോ! അതെന്റെ അച്ഛനാണ്. കുറച്ചവിടെ കാത്ത് നില്ക്കട്ടെ. നീ, ചോദിച്ചതിനുത്തരം പറ.

ജയശ്രീ: എന്ത് പറയാൻ?

ഡോക്ടർ ശ്രീധരൻ: നീ എന്ത് പ്രേമവുംകൊണ്ടാണിങ്ങട്ട് വന്നത്?

ജയശ്രീ: പ്രേമമോ! എന്താണീ പറയുന്നത്?

ഡോക്ടർ ശ്രീധരൻ: പ്രേമംതന്നെ, നീയിങ്ങട്ട് പോന്നത് ഇതാ, ഇവനോട്... ഈ നില്ക്കുന്ന നടനോട്... (വേണുവും ജയശ്രീയും അമ്പരന്ന് നോക്കുന്നു.) എന്റെ പൊന്നനിയനോടുള്ള പ്രേമം കൊണ്ടല്ലേ?

ജയശ്രീ: ഓ! (ചെവി പൊത്തുന്നു)

വേണു: (ഗൗരവത്തോടെ) ജ്യേഷ്ഠൻ നിലവിട്ട് സംസാരിക്കരുത്.

ഡോക്ടർ ശ്രീധരൻ: ഓ, താക്കീതാണില്ലേ? എടാ, നിന്നെ ചോറുതന്ന് പോറ്റിയതിതിനാണല്ലേ?

വേണു: ജ്യേഷ്ഠാ, മറ്റുള്ളവരുടെ മുമ്പിൽവെച്ചെങ്കിലും അല്പം മര്യാദയോടെ പെരുമാറൂ. ഇവരെന്റെ ജ്യേഷ്ഠത്തിയാണ്; സ്വന്തം സഹോദരി.

ഡോക്ടർ ശ്രീധരൻ: സ്വന്തം സഹോദരി! എടാ, നാടകക്കാർക്ക് സഹോദരിയു ണ്ടോ? ഉണ്ടോ? (ജയശ്രീയെനോക്കി) എടീ, നിന്നെ ഞാൻ കൊല്ലും! (ജയശ്രീ യുടെ നേരെ അടുക്കുന്നു)

വേണു: (ചാടിവീണ്) തൊടരുത്! അവരെ തൊട്ടുപോവരുത്?

ഡോക്ടർ ശ്രീധരൻ: (പിടിച്ച് തള്ളുന്നു.) ഏങ് നീയാരെടാ അവളെ രക്ഷിക്കാൻ? ഈശ്വരൻ വിചാരിച്ചാലും അവളെ രക്ഷിക്കാൻ ഇനി കഴിയില്ല… എടീ, നിന്റെ സംഗീതഭ്രമം ഇതിനായിരുന്നു, അല്ലേ?

ജയശ്രീ: (ഒരടി മുൻപോട്ട് വെച്ച്) എന്നെ കൊന്നോളൂ. അതാണ് നല്ലത്. ഇത്ര യും ദയാശൂന്യമായി പെരുമാറുമെന്ന് ഞാൻ മനസ്സിലാക്കിയില്ല,

ഡോക്ടർ ശ്രീധരൻ: ഭേഷ്! പ്രസംഗം നന്നാവുന്നുണ്ട്. ഒരു നടിയാവാൻ പറ്റും.

ജയശ്രീ: ദൈവത്തെപ്പോലെ കരുതി ആരാധിച്ചതിനുള്ള പ്രതിഫലം എനിക്ക് കി ട്ടി. ഓ! സഹിക്കാത്ത വാക്കുകൾ! ഒരിക്കലും ഒരു സ്ത്രീയും ഇത് സഹിക്കില്ല. സ്വന്തം സഹോദരനെക്കൊണ്ട് അപവാദം പറയുക. സ്വന്തം ഭാര്യയെ കുറ്റപ്പെ ടുത്തുക… കൊന്നോളൂ! ആ കൈകൊണ്ട് മരിക്കുന്നതിൽ ഇനി എനിക്ക് വ്യസ നമില്ല.

വേണു: ജ്യേഷ്ഠത്തീ, തന്റേടംവിട്ട് എന്തെങ്കിലും പറയുന്നവരുടെ മുൻപിൽ നില്ക്കരു ത്. വരൂ, വീട്ടിലേക്ക് പോകാം.

ഡോക്ടർ ശ്രീധരൻ: വീടോ എത് വീടെടാ? നിനക്ക് വീടുണ്ടോ? ഇനി നീയും ഇവളും തെരുവിൽ.

വേണു: (തിരിഞ്ഞുനിന്ന്) ജ്യേഷ്ഠാ, എന്നെ എന്തുവേണമെങ്കിലും പറഞ്ഞോളൂ. ഒരു കുറ്റവും ചെയ്യാത്ത ഈ ജ്യേഷ്ഠത്തിയെ ആക്ഷേപിക്കരുത്. എന്നെ തെരു വിലിറക്കുകയോ, വീട്ടിൽ നിന്നകറ്റുകയോ, പരമാവധി കൊല്ലുകയോ ചെയ്യോ ളൂ. ഒരു കുഴപ്പവുമില്ല.

ഡോക്ടർ ശ്രീധരൻ: ഓ സമ്മതപത്രമാണോ? എടാ നീചാ, നിന്നെ കൊല്ലാൻ എനിക്ക് സമ്മതപത്രമൊന്നും വേണ്ട (മുൻപോട്ട് നടക്കുന്നു.) നില്ക്കവിടെ! എവിടേക്കാ പോകുന്നത്? എങ്? (മുൻപോട്ട് നടക്കുമ്പോൾ ഗൗരിയെ കാണു ന്നു. തെല്ലിട നില്ക്കുന്നു. അമ്പരന്ന് സൂക്ഷിച്ചുനോക്കി) ആര് കുമാരി ഗൗരിയോ? ഓ, നമസ്കാരം!

ഗൗരി: (പരുങ്ങി) നമസ്കാരം!

ഡോക്ടർ ശ്രീധരൻ: അപ്പോൾ-നിങ്ങൾ-കുമാരി-ഗൗരിയല്ലേ?

ഗൗരി: അതെ.

ഡോക്ടർ ശ്രീധരൻ: കുമാരി ഗൗരി-അല്ലേ, കുമാരി ഗൗരി-കേട്ടിട്ടുണ്ട്.

ഗൗരി പരുങ്ങുന്നു.

ഡോക്ടർ ശ്രീധരൻ: എന്താ മിണ്ടാത്തത്?

ഗൗരി: ഒന്നുമില്ല.

ഡോക്ടർ ശ്രീധരൻ: (ഒരു കസേര വലിച്ചിട്ട് ഇരിക്കുന്നു. പെട്ടെന്നെഴുന്നേറ്റ് ഗൗരിയോട്ട്) ഇരിക്കൂ.

ഗൗരി: വേണ്ട, ഇവിടെ നില്ക്കാം.

ഡോക്ടർ ശ്രീധരൻ: പാടില്ല, ഇവിടെ ഇരിക്കണം.

ഗൗരി: വേണ്ട.

ഡോക്ടർ ശ്രീധരൻ: എന്നാൽ ഞാനും നില്ക്കാം, ഏങ്... ധാരാളം കേട്ടിട്ടുണ്ട്.

ഗൗരി: ഉണ്ടാവാം.

ഡോക്ടർ ശ്രീധരൻ: എന്നെ കേട്ടിട്ടുണ്ടോ? (ഗൗരി മൗനം) ഡോക്ടർ ശ്രീധരൻ, എന്നുവെച്ചാൽ (വളരെ ആലോചിച്ച്) ഡോക്ടർ ശ്രീധരൻതന്നെ. ക്ലബ്ബിന്റെ പ്രസിഡണ്ടാണ്. മാന്യന്മാരുടെ ക്ലബ്ബിന്റെ. (ആലോചിച്ച്) ഡാൻസ് ചെയ്യാറുണ്ടോ?

ഗൗരി: ഉണ്ട്.

ഡോക്ടർ ശ്രീധരൻ: ഭേഷ് (ഇംഗ്ലീഷ് ട്യൂണ് ചൂളം വിളിച്ച് ഇംഗ്ലീഷ് ഡാൻസിന്റെ സ്റ്റെപ്പുകൾ വെക്കുന്നു. ചിരി) ക്ലബ്ബിലൊരു ഡാൻസ് വേണം. നല്ല ഡാൻസ്. എന്താ വിരോധമുണ്ടോ?

ഗൗരി: എനിക്കെന്ത് വിരോധം!

ഡോക്ടർ ശ്രീധരൻ: കുമാരി ഗൗരി ക്ലബ്ബിൽ ഡാൻസ് ചെയ്യണം. ഇംഗ്ലീഷ് ഡാൻസറിയാമോ?

ഗൗരി: ഇല്ല.

ഡോക്ടർ ശ്രീധരൻ: പഠിക്കണം. ഇങ്ങനെ... (എഴുന്നേറ്റ് ഡാൻസ് പോസിൽ മുന്നോട്ടടുക്കുന്നു)

ഗൗരി പരിഭ്രമിച്ച് പിന്നോട്ട് നീങ്ങുന്നു.

പ്രൊപ്രൈറ്റർ: (അടുത്തു ചെന്ന്) ഡോക്ടർ...

ഡോക്ടർ ശ്രീധരൻ: (തിരിഞ്ഞുനിന്ന്) നിങ്ങൾ?

പ്രൊപ്രൈറ്റർ: ഞാൻ പ്രൊപ്രൈറ്റർ.

ഡോക്ടർ ശ്രീധരൻ: വെരി ഗുഡ്, മിസ്റ്റർ പ്രൊപ്രൈറ്റർ, ഇംഗ്ലീഷ് ഡാൻസറിയാമോ?

പ്രൊപ്രൈറ്റർ: കുറച്ചൊക്കെ അറിയാം.

ഗൗരി പതുങ്ങിപ്പതുങ്ങി പോകുന്നു.

ഡോക്ടർ ശ്രീധരൻ: എക്സലന്റ്! (പിന്നെയും ഡാൻസ് പോസിൽ പ്രൊപ്രൈറ്ററോടടുക്കുന്നു)

(പ്രൊപ്രൈറ്റർ പരുങ്ങുന്നു.)

പ്രൊപ്രൈറ്റർ: ഡാൻസ് ക്ലബ്ബിൽവെച്ചല്ലേ വേണ്ടത്?

ഡോക്ടർ ശ്രീധരൻ: യേസ്… കുമാരി ഗൗരി ഡാൻസ് ചെയ്യണം. (തിരിഞ്ഞു് നോക്കുന്നു) എവിടെ കുമാരി ഗൗരി?

പ്രൊപ്രൈറ്റർ: വരൂ, ഞാൻ കാണിച്ചുതരാം.

ഡോക്ടർ ശ്രീധരൻ: വെരിഗുഡ്! എവിട്യാണ്?

പ്രൊപ്രൈറ്റർ: ഇങ്ങോട്ട് വരൂ.

പ്രൊപ്രൈറ്റർ മുൻപിലും ഡോക്ടർ ശ്രീധരൻ ഇംഗ്ലീഷ് ട്യൂണ് വിസിൽചെയ്തുകൊണ്ട് പിന്നിലുമായി പുറത്തേക്ക് പോകുന്നു.

— യവനിക —

— 6 —

രംഗം 5

ഡോക്ടർ ശ്രീധരന്റെ വീട്. ഒന്നാം രംഗത്തിലെ സജ്ജീകരണങ്ങൾ, രാവിലെ എട്ടരമണി. ഭാസി ഒരു സ്പോർട്സ് മാഗസിൻ വായിച്ചു കൊണ്ട് കസേരയിൽ ഇരിക്കുന്നു. ശങ്കരൻ മുട്ടുകുത്തി നിലത്തിരുന്ന് അതിന്റെ പുറത്തുള്ള ചിത്രങ്ങൾ നോക്കുന്നു.

ശങ്കരൻ: ഹായ് (സാദ്ഭുതം) ഇതാരാണ് തടിച്ച് നല്ല കുഭേരൻ!

ഭാസി: ആരാണെടോ? (മാസികയുടെ പുറംചട്ട നോക്കുന്നു.)

ശങ്കരൻ: ഇതാ, ഈ ചിത്രം! കുഭേരൻതന്നെ?

ഭാസി: അതൊരു റഷ്യൻ കോച്ചാണ്.

ശങ്കരൻ: വെറുതെയല്ല തടിച്ചത്. പണി കോച്ചലല്ലേ? (ഭാസി ചിരിക്കുന്നു.) ഈ റഷ്യൻ കോച്ചൽ എനിക്കൊന്ന് പഠിക്കണം. എന്നിട്ട് ആ പ്രൊപ്രൈറ്ററോടൊന്ന് പയറ്റിനോക്കണം. അങ്ങോർ മൂരാച്ചിയാണ്. പിരിവൊക്കെ അടിച്ചുവാരി കീശയിലാക്കും.

ഭാസി: ശങ്കരാ, 'കോച്ച് കോച്ചെ'ന്നിവിടെ പറഞ്ഞത് പോക്കറ്റടിയോ ആളെ ത്തോല്പിക്കലോ അല്ല.

ശങ്കരൻ: പിന്നെ?

ഭാസി: ഫുട്ബോൾ പഠിപ്പിക്കുന്നതിന്റെ പേരാണ്. ഇയാൾ നല്ല കളിക്കാരനാണ്.

ശങ്കരൻ: ഓഹോ! എന്നാൽ പോട്ടെ.

ഭാസി: ഏങ്? എന്താ? അത്ര നിസ്സാരമാക്കിത്തള്ളിയത്.

ശങ്കരൻ: എനിക്കീ ഫുട്ബോൾ കളി കണ്ടു കൂടാ.

ഭാസി: കാരണം?

ശങ്കരൻ: അത് കുറച്ചൊരന്തസ്സം മറ്റുമുള്ളവർക്ക് പറ്റിയ കളിയല്ല.

ഭാസി: വലിയ അന്തസ്സുകാരൻ! ശങ്കരാ, ഇന്ന് നല്ലൊരു ഫുട്ബോൾ കളിക്കാരന് ഒരു പ്രധാനമന്ത്രിയുടെ ബഹുമാനമാണ്.

ശങ്കരൻ: പിന്നെയല്ലാതെ?

ഭാസി: നല്ല കാര്യങ്ങളെന്തെങ്കിലും നീ വിശ്വസിച്ചിട്ടുണ്ടോ? എല്ലാം പോട്ടെ; പത്തോ ഇരുപതിനായിരമോ ആളുകളെ നീ ഒരുമിച്ച് കണ്ടിട്ടുണ്ടോ?

ശങ്കരൻ: (പാരവശ്യത്തോടെ) ഓ, അക്കഥമാത്രം എന്നെക്കൊണ്ട് പറയിക്കരുത്.

ഭാസി: ഏത് കഥ?

ശങ്കരൻ: അത് വിചാരിക്കുമ്പോ ശരീരം ആസകലം വിറയ്ക്കും. (കൈ വിറപ്പിച്ച്) കണ്ടോ, കണ്ടോ, വിയർപ്പ് കുത്തിയൊലിക്കും. (നെറ്റിയിൽനിന്ന് വിയർപ്പ് വടിക്കുന്നു.) ദാഹം വരും; കാഴ്ച കുറയും…

ഭാസി: ശങ്കരാ, നീ കാര്യം പറ.

ശങ്കരൻ: ഇരുപതിനായിരം ആളുകളെ ഒരുമിച്ചൊരു ദിവസം ഞാൻ കണ്ടു.

ഭാസി: എങ്ങനെ?

ശങ്കരൻ: ഒരു ദിവസം ഉച്ചയ്ക്ക് കാർ കൊണ്ടുചെന്ന് ഞാനൊരു കുട്ടിയുടെ മേല് മുട്ടിച്ചു. വന്നല്ലോ, നിങ്ങള് പറഞ്ഞ ഇരുപതിനായിരമാളുകളൊരുമിച്ച്! ചിലരുടെ കണ്ണ് ഓരോ മച്ചിങ്ങയോളമുണ്ട്-ചുകന്നിട്ട്. ചിലര് കുപ്പായത്തിന്റെ കൈ വലിച്ച് കേറ്റിയിരിക്കുന്നു. ചിലര് മുഷ്ടി ചുരുട്ടിപ്പിടിച്ചിരിക്കുന്നു. ശങ്കരനെ ബഹുമാനിക്കാൻ വരുന്നതാണ്!

ഭാസി: എന്നിട്ട്, ബഹുമാനിച്ചോ?

ശങ്കരൻ: അവിടെ ദൈവം തുണച്ചു. അതല്ലേ ഭാഗ്യം! അടുത്ത് വന്നാൽ ശങ്കരന്റെ രോമം തൊടാൻ ഒരാൾക്ക് ധൈര്യം വരില്ല.

ഭാസി: നിന്നെപ്പേടിച്ച് ജനങ്ങൾ തല്ലാതെ പോയെന്നോ?

ശങ്കരൻ: പേടിച്ചിട്ടുതന്നെ.

ഭാസി: നുണ.

ശങ്കരൻ: എന്നുവെച്ചാൽ ജനങ്ങൾ കാറിന് ചുറ്റും വന്ന് നോക്കുമ്പോൾ ശങ്കരൻ മരിച്ചിരിക്കുന്നു.

ഭാസി: എന്ത്?

ശങ്കരൻ: ഉം. മരിച്ചിരിക്കുന്നു. ശ്വാസംകൂടിയില്ല. എടുത്ത് വേഗം ആശുപത്രിയിലേല്പിച്ചു. പിന്നെ ബോധം വന്നത് ഒരാഴ്ച കഴിഞ്ഞിട്ടാണ്.

ഭാസി: ജനങ്ങൾ നിന്നെ തല്ലാതിരുന്നത് പേടിച്ചിട്ടുതന്നെ; സമ്മതിച്ചു. പക്ഷേ, ഞാനിവിടെ പറഞ്ഞ ആളുകൾ വേറെയാണ്. ഫുട്ബോൾകളിക്കാരനെ സ്നേഹിക്കുകയും അവനെ ബഹുമാനിക്കുകയും നിരത്ത് നീളെ തോളിലേറ്റിക്കൊണ്ട് നടക്കുകയും ചെയ്യുന്ന ജനങ്ങൾ ഒരു ദിവസം നീ കാണും ശങ്കരാ.

ശങ്കരൻ: എന്ത്?

ഭാസി: ഈ നിരത്തിലൂടെ ജനങ്ങൾ എന്നെ തോളിലേറ്റി ആവേശപൂർവം ആർപ്പും വിളിച്ച് പോകുന്നത്.

ശങ്കരൻ: തോളിലെടുക്കാൻ സമ്മതിക്കരുത് കേട്ടോ?

ഭാസി: അതെന്താ?

ശങ്കരൻ: ആവേശം വന്ന ജനങ്ങളെ വിശ്വസിക്കാൻ പറ്റില്ല; ആവേശം തണിഞ്ഞാൽ അവർ താഴത്തിടും. അപ്പൊ ഊര ഡാമേജാവുകയും ചെയ്യും.

വൃദ്ധൻ അകത്തുനിന്ന് കടന്നുവരുന്നു. ഭാസി വൃദ്ധനെ കണ്ടയുടനെ എഴുന്നേറ്റ് അകത്തേക്ക് പോകുന്നു.

വൃദ്ധൻ: (ശങ്കരനോട്) ഇന്ന് ശ്രീധരൻ വീട്ടിലേക്ക് വരുന്നില്ലേ?

ശങ്കരൻ: എന്നോട്ട് കാത്തുനില്ക്കേണ്ടെന്ന് പറഞ്ഞു.

വൃദ്ധൻ: വല്ല സ്ഥലത്തും പോകാനുദ്ദേശിക്കുന്നുണ്ടോ?

ശങ്കരൻ: അറിഞ്ഞുകൂടാ.

വൃദ്ധൻ: ശരി (ഒരിടത്ത് ചെന്ന് മെല്ലെ ആലോചനാമഗ്നനായി ഇരിക്കുന്നു. ശങ്കരൻ അകത്തേക്ക് പോകാൻ തുടങ്ങുന്നു.) നീ കാർത്ത്യായനിയോടിങ്ങട്ട് വരാൻ പറ.

ശങ്കരൻ തിരിഞ്ഞുനിന്ന് തലകുലുക്കി പോകുന്നു. വൃദ്ധൻ പിന്നേയും ആലോചനാമഗ്നനാവുന്നു. കാർത്ത്യായനി അമ്മ പ്രവേശിക്കുന്നു.

കാർത്ത്യായനി അമ്മ: എന്തേ വിളിച്ചത്?

വൃദ്ധൻ: ഇന്ന് ആകെക്കൂടി ഒരു പന്തികേട്.

കാർത്ത്യായനി അമ്മ: ആർക്ക്?

വൃദ്ധൻ: ഈ വീടിന്ന്, വേണു വന്നില്ലേ?

കാർത്ത്യായനി അമ്മ: അവനകത്തെന്തോ വായിച്ചുകൊണ്ടിരിക്കുയാണ്.

വൃദ്ധൻ: ശ്രീധരൻ മാത്രം വന്നില്ല, അല്ലേ?

കാർത്ത്യായനി അമ്മ: ഇല്ല.

വൃദ്ധൻ: അവനെന്താ വരാത്തത്?

കാർത്ത്യായനി അമ്മ: ഞാനെങ്ങനെ അറിയും?

വൃദ്ധൻ: (അസ്വസ്ഥതയോടെ എഴുന്നേറ്റ്) പോകുമ്പോൾ നിന്നോടവൻ വല്ലതും പറഞ്ഞോ?

കാർത്ത്യായനി അമ്മ: നിങ്ങൾക്കെന്താ ഒരു പരിഭ്രമം?

വൃദ്ധൻ: നീ ചോദിച്ചതിനുത്തരം പറഞ്ഞാൽ മതി.

കാർത്ത്യായനി അമ്മ: എന്നോടൊന്നും പറഞ്ഞിട്ടില്ല. പറയുന്ന പതിവുമില്ല.

വൃദ്ധൻ: പതിവിനെപ്പറ്റി ഞാൻ ചോദിച്ചില്ല.

കാർത്ത്യായനി അമ്മ: ഇല്ലെങ്കിൽ വേണ്ട (പോകാൻ തുടങ്ങുന്നു.)

വൃദ്ധൻ: അവിടെ നില്ല്... ജയശ്രീ ചെന്ന് കിടന്നോ?

കാർത്ത്യായനി അമ്മ: ഇല്ല; അടുക്കളയിലുണ്ട്.

വൃദ്ധൻ: എന്തു ചെയ്യുന്നു?

കാർത്ത്യായനി അമ്മ: അങ്ങട്ടു ചെന്നു നോക്കൂ. ഇന്നെന്താ എല്ലാവരേയും ഒരു ഹാജരു് വിളിക്കല്!

വൃദ്ധൻ: കാർത്ത്യായനീ, ആ സത്യം ഞാൻ തുറന്നു പറയുന്നു.

കാർത്ത്യായനി അമ്മ: ഏതു് സത്യം?

വൃദ്ധൻ: ശ്രീധരൻ സംശയിക്കുന്നുണ്ട്.

കാർത്ത്യായനി അമ്മ: എന്തു്?

വൃദ്ധൻ: നിനക്ക് ബുദ്ധിയില്ലേ? അവന് ജയശ്രീയുടെ പേരിലും വേണുവിന്റെ പേരിലും...

കാർത്ത്യായനി അമ്മ: ഇതൊക്കെ നിങ്ങളിരുന്ന് ഊഹിച്ചുണ്ടാക്കുന്ന കാര്യങ്ങളാണ്. വയസ്സുകാലത്തു് വേറേ തൊഴിലൊന്നുമില്ലല്ലോ!

വൃദ്ധൻ: ആ സംശയം... അതീ കുടുംബത്തെ നശിപ്പിക്കും. അതിന്റെ സമയവും അടുത്തെത്തിക്കഴിഞ്ഞു.

കാർത്ത്യായനി അമ്മ: അങ്ങനെ വല്ലതും ശ്രീധരനഭിപ്രായമുണ്ടെങ്കിൽ വേണുവെന്തിന്ന് ഈ വീട്ടിൽ നില്ക്കണം?

വൃദ്ധൻ: പിന്നെ അവനെന്തു് ചെയ്യണം?

കാർത്ത്യായനി അമ്മ: രാജ്യം വിട്ടു് പോകരുതേ? വല്ല സ്ഥലത്തും ചെന്ന് മാന്യമായ തൊഴിലിലേർപ്പെടരുതേ?

വൃദ്ധൻ: ഒരു സത്യം കൂടി ഞാൻ പറയുന്നു. നീയൊരമ്മയല്ല.

കാർത്ത്യായനി അമ്മ: അല്ലെങ്കിൽ വേണ്ട.

വൃദ്ധൻ: അമ്മമാരുടെ കൈയിൽ സ്നേഹം തൂക്കുന്ന ഒരു പൊൻതുലാസ്സാണുള്ളത്. പക്ഷഭേദമില്ലാതെ ഉള്ളതത്രയും മകൾക്ക് തൂക്കി വീതിച്ചുകൊടുക്കുക. നീയതു് വലിച്ചെറിഞ്ഞു. ആളെ നോക്കി വാരിക്കൊടുക്കുകയാണ് നിന്റെ പതിവ്.

കാർത്ത്യായനി അമ്മ: നിങ്ങൾക്ക് ഭ്രാന്തുണ്ടോ?

വൃദ്ധൻ: എന്റെ മനശ്ശക്തികൊണ്ടു് എനിക്ക് ഭ്രാന്തെടുക്കുന്നില്ല. ഈ കുഴപ്പത്തിന്റെ മുഴുവൻ അടിസ്ഥാനകാരണം നീയാണ്.

കാർത്ത്യായനി അമ്മ: മക്കളെ ശാസിച്ച് വളർത്താനറിയാതെ താന്തോന്നികളാക്കിയിട്ടു് അവരെക്കൊണ്ടു് ശല്യമായപ്പോൾ എന്റെ പേരിൽ കുറ്റം ചുമത്തുക!

വൃദ്ധൻ: കുറ്റം ചുമത്തിയതുകൊണ്ടൊന്നും ഇനി കാര്യമില്ല. നീ നിന്റെ മനഃസ്സാക്ഷിയോട് ചോദിക്കൂ. ഈ മൂന്നു മക്കളേയും ഒപ്പം സ്നേഹിക്കാനുള്ള കഴിവ് നിനക്കിന്നുണ്ടോ? ശ്രീധരന്റെ പദവിയിലും അവന്റെ പണത്തിലും നിന്റെ സ്നേഹം മുഴുവൻ അങ്ങോട്ടു് ചോർന്നുപോയില്ലേ? നീയൊരമ്മയാണോ?

കാർത്ത്യായനി അമ്മ: ഞാൻ സന്ന്യസിക്കാനൊന്നും ഉദ്ദേശിച്ചിട്ടില്ല. അവൻ

അദ്ധ്വാനിക്കുന്നവനാണ്; കുടുംബം പുലർത്തുന്നവനാണ്. അവനോടല്പം പ്രത്യേകത കാണിക്കുന്നതിൽ തെറ്റില്ല.

വൃദ്ധൻ: ആ പ്രത്യേകത, അതാണ് കുടുംബത്തിന്റെ നാശം. നിന്റെ മുമ്പിൽവെച്ചു തന്നെ ഈ കുടുംബം നശിക്കും. നീയതു നോക്കി നില്ക്കും.

കാർത്ത്യായനി അമ്മ: നിങ്ങൾക്ക് വേറെ വല്ലതും പറയാനുണ്ടോ?

വൃദ്ധൻ: ആ ശങ്കുണ്ണിനായര്, പാവം! അയാൾക്കീ ലോകത്തോട്ട് ഒരേയൊരു ബന്ധമുള്ളത് ആ മകളാണ്. കാർത്ത്യായനീ, ആ വൃദ്ധന്റെ ഒരേയൊരു ശാപം മതി, നമ്മളൊക്കെ വെന്തു വെണ്ണീറാവാൻ.

കാർത്ത്യായനി അമ്മ: സന്നിജ്വരം പിടിച്ചപോലെ അവിടെ നിന്ന് പിറുപിറുത്തോളൂ. (പോകുന്നു.)

വൃദ്ധൻ: പാവം! ഓമനിച്ച് വളർത്തിയമകൾ. അവളെ ഒരു കാട്ടാളന്റെ കൈയിലേല്പിച്ചു. (ഉറക്കെ) വേണൂ... വേണൂ...

വേണു: (അകത്തുനിന്ന്) എന്താണച്ഛാ?

വൃദ്ധൻ: ഇവിടെ വാ.

വേണു പ്രവേശിക്കുന്നു.

വേണു: എന്താണച്ഛാ?

വൃദ്ധൻ: നിന്നോട്ട് എനിക്ക് പറയാൻ മടിയുണ്ട്.

വേണു: അച്ഛൻ പറയണം.

വൃദ്ധൻ: ഇന്നീ വീട്ടിൽ എന്തൊക്കെയോ സംഭവിക്കുമെന്ന് എനിക്കൊരു തോന്നൽ.

വേണു: കാരണം?

വൃദ്ധൻ: അതൊന്നും നീയെന്നോടു ചോദിക്കരുത്. നീയെന്റെ മകനല്ലേ?

വേണു: ഇതെന്തു ചോദ്യം?

വൃദ്ധൻ: നിനക്ക് ബുദ്ധിയില്ലേ? നല്ല വഴി ചൂണ്ടിത്തന്നാൽ അതിലേ പോവാൻ നിനക്ക് മടിയുണ്ടോ?

വേണു: ഇല്ലച്ഛാ, ഒരിക്കലുമില്ല.

വൃദ്ധൻ: എന്നാൽ... (പറയാൻ വിഷമിക്കുന്നു)

വേണു: എന്നാൽ?

വൃദ്ധൻ: നീ... (പരുങ്ങുന്നു)

വേണു: അച്ഛൻ പറയണം. എന്തുതന്നെയായാലും പറയണം.

വൃദ്ധൻ: ഈ കുടുംബത്തിന്റെ രക്ഷയ്ക്കു വേണ്ടി നീയീ (തൊണ്ടയിടറുന്നു) വീട്ടു വിട്ടു പോകണം.

വേണു: എന്നെന്നേക്കുമായി പോവണോ അച്ഛാ?

വൃദ്ധൻ: വേണ്ട കുട്ടീ... താല്ക്കാലികമായി നീയൊന്ന് വിട്ടുനില്ക്കണം... ഇവിടെ എന്തൊക്കെയോ സംഭവിക്കും. എന്തെന്ന് പറയാൻ വയ്യ. പലതും വിങ്ങി നില്ക്കുകയാണ്. ഒരു ചെറിയ ചലനംകൊണ്ട് എല്ലാം പൊട്ടും. പൊട്ടിയാൽ പിന്നെ ഒന്നും ബാക്കിനില്ക്കില്ല. അതുകൊണ്ട് എന്റെ കുട്ടി ഒന്ന് വിട്ടുനില്ക്കണം. (അസ്വസ്ഥതയോടെ നടക്കുന്നു) നിനക്കൊരു ജോലിയില്ല. ജീവിക്കാൻ മാർഗ മില്ല... നീ കഷ്ടപ്പെടും... എന്നാലും കുറച്ചുകാലം... ഈ കുടുംബത്തിനുവേണ്ടി... എനിക്കു വേണ്ടി...

വേണു: മതിയച്ഛാ... ഞാൻ സന്തോഷത്തോടെ പോകാം... എന്നെന്നേക്കുമായി, വേണമെങ്കിൽ-

വൃദ്ധൻ: ഓ, അതൊന്നും പറയല്ലേ-

വേണു: അച്ഛൻ വ്യസനിക്കരുത്. അച്ഛന്റെ ഏതാഗ്രഹവും സാധിപ്പിക്കാൻ ഞാ നൊരുക്കമാണ്. ഒരു വേദനമാത്രം... നിങ്ങളെയൊക്കെ വിട്ടുപിരിഞ്ഞ് നില്ക്കു ന്നതിൽ... ഈ വീട്ടിൽ സമാധാനം നിലനിന്നുകാണാൻ ഞാനും ആഗ്രഹിക്കു ന്നു.

> അതുപറഞ്ഞവസാനിക്കുന്നതിനുമുൻപ് ഡോക്ടർ ശ്രീധരൻ, കോട്ട ഴിച്ച് തോളിൽ തൂക്കി, അല്പം വിചാരമഗ്നനും കുറഞ്ഞൊരു മത്തുള്ള വനുമായി കടന്ന് വരുന്നു. ആരേയും ശ്രദ്ധിക്കാതെ അകത്തേക്ക് പോകാനാണ് ഭാവം.

വേണു: (അല്പമൊന്ന് നിർത്തി വീണ്ടും ആരംഭിക്കുന്നു.) അച്ഛാ, അതിനുവേ ണ്ടി-ഈ വീട്ടിലെ സമാധാനത്തിനും, നിങ്ങളുടെയൊക്കെ സുഖത്തിനും വേണ്ടി- ഞാനെന്തും ചെയ്യാൻ തയ്യാറാണ്. (ഡോക്ടർ ശ്രീധരൻ തിരിഞ്ഞുനില്ക്കുന്നു- പകുതി മാത്രം.) അച്ഛന്റെ അഭിപ്രായം ഞാൻ സന്തോഷത്തോടെ സ്വീകരിച്ചു.

വൃദ്ധൻ: (വേദനയോടെ) മോനേ, ഒരച്ഛനെ എത്രമാത്രം വേദനിപ്പിക്കുന്ന കാര്യ മാണിതെന്ന് നീ മനസ്സിലാക്കുന്നുണ്ടോ ഈ അച്ഛൻ-

വേണു: അതെ അച്ഛാ. അച്ഛന്റെ ധർമ്മസങ്കടം ഞാൻ മനസ്സിലാക്കുന്നുണ്ട്. ഞാ നിപ്പോൾത്തന്നെ പോകാം.

ഡോക്ടർ ശ്രീധരൻ: (കുറച്ചുകൂടി അടുത്തുവന്ന് ചാഞ്ഞുനോക്കി) അവളെയും കൂ ട്ടണം. (വൃദ്ധൻ ഞെട്ടുന്നു. എന്താണ് ചെയ്യേണ്ടതെന്നറിയാതെ പരുങ്ങുന്നു.) ആ മുധേവിയില്ലേ?-അവളെ, അവൾ പാടും, അവൾ പാടട്ടെ. പാട്ടും ആട്ടവും. നിങ്ങൾ രണ്ടാളും ചേരും.

വൃദ്ധൻ: (ആവുന്നത്ര ശക്തി ഉപയോഗിച്ച്) ശ്രീധരാ!

ഡോക്ടർ ശ്രീധരൻ: (ശ്രദ്ധിക്കാതെ) എന്താ നടനൊന്നും പറയാത്തത്?

വേണു: ജ്യേഷ്ഠാ, ആദ്യമൊക്കെ ഇത് കേൾക്കുമ്പോൾ എനിക്കൊരു ഞെട്ടലുണ്ടാ യിരുന്നു. ഇപ്പോഴതില്ല. ജ്യേഷ്ഠനെന്ത് വേണമെങ്കിലും പറഞ്ഞോളൂ.

ഡോക്ടർ ശ്രീധരൻ: നിന്റെ സമ്മതം തരലാണ് പറ്റാത്തത്. പറയാനും ചെയ്യാനുമൊക്കെ എനിക്കെന്തിനെടാ നിന്റെ സമ്മതം? ഏങ്!

വൃദ്ധൻ: എടാ ശ്രീധരാ, മനുഷ്യരായാൽ കുറച്ചെങ്കിലും ബുദ്ധി വേണം. ആ പാവപ്പെട്ട പെൺകുട്ടിയെ പഴിക്കാൻ നിനക്കെങ്ങനെ നാക്ക് പൊങ്ങുന്നു?

ഡോക്ടർ ശ്രീധരൻ: ബുദ്ധി... അച്ഛാ, ബുദ്ധിയാണെന്നെ കുഴപ്പത്തിൽ ചാടിച്ചത്. അതില്ലെങ്കിൽ ആയുഷ്കാലം മുഴുവൻ അവളെന്നെ വഞ്ചിക്കുമായിരുന്നു.

വൃദ്ധൻ: ദുഷ്ടാ!-പരമദുഷ്ടാ!

ഡോക്ടർ ശ്രീധരൻ: അതെ, അച്ഛനും എനിക്കെതിരാണ്. നിങ്ങളെല്ലാവരും യോജിച്ച് എന്നെ തുലയ്ക്കാനുള്ള ഭാവമാണ്. (തിരിഞ്ഞു് രണ്ടടി നടന്ന് ആലോചനാപൂർവം ഒരിടത്തുനിന്ന് ഉറക്കെ വിളിക്കുന്നു.) അമ്മേ... അമ്മേ...

കാർത്ത്യായനി അമ്മ: (അകത്തുനിന്ന്) എന്താ മോനേ?

ഡോക്ടർ ശ്രീധരൻ: ഇങ്ങട്ടു വരൂ അമ്മേ. (കാർത്ത്യായനി അമ്മ അകത്തുനിന്ന് വരുന്നു. പിന്നിൽ ജയശ്രീയുമുണ്ട്. ജയശ്രീ വാതിലിന്നടുത്ത് ശങ്കിച്ച് നില്ക്കുന്നു.) ഇവിടെ എല്ലാവരും എനിക്കെതിരാണ്.

കാർത്ത്യായനി അമ്മ: അയ്യയ്യോ! എന്താ ശ്രീധരാ, നീയിപ്പറയുന്നത്!

ഡോക്ടർ ശ്രീധരൻ: അതെ അമ്മെ, എല്ലാവരും എതിരാണ്. ഞാനിനി ഇവിടെ താമസിക്കില്ല.

കാർത്ത്യായനി അമ്മ: നീയെങ്ങട്ട് പോവാൻ?

വൃദ്ധൻ: അവൻ ഈ അച്ഛന്റെ പിണ്ഡംവെക്കാൻ പുറപ്പെട്ടതാണ്.

ഡോക്ടർ ശ്രീധരൻ: അമ്മേ, ഞാനിന്ന് ഈ വീട് വിട്ട് പോകും.

കാർത്ത്യായനി അമ്മ: എങ്ങട്ട്?

ഡോക്ടർ ശ്രീധരൻ: അമ്മേ, ഞാൻ പൂവ്വും. (ഉറക്കെ) ശങ്കരാ... ശങ്കരാ...

ശങ്കരൻ: (അകത്തുനിന്ന്) ഓ!

ഡോക്ടർ ശ്രീധരൻ: ഇവിടെ വാടാ! ഈ വീട്ടിലെ മുഴുവൻ സാധനങ്ങളും എടുത്ത് കെട്ടണം.

ശങ്കരൻ: എന്ത്?

ഡോക്ടർ ശ്രീധരൻ: ചെവിട് കേൾക്കില്ലേടാ? ഇല്ലേ? അകത്ത് ചെന്ന് സാധനങ്ങളൊക്കെ കെട്ടണം. തയ്യാറാക്കാൻ! (തിരിഞ്ഞ്) അമ്മേ, അമ്മ എന്റെ കൂടെ വരാനൊരുക്കമുണ്ടോ?

കാർത്ത്യായനി അമ്മ: എങ്ങട്ട് മോനേ?

ഡോക്ടർ ശ്രീധരൻ: എങ്ങട്ടായാലും അമ്മയ്ക്ക് വന്നൂടെ?

കാർത്ത്യായനി അമ്മ: അതിലെന്താ സംശ്യം? ജയകൂടി വരണ്ടേ?

ഡോക്ടർ ശ്രീധരൻ: ജയയോ? ആരാണ് ജയ?

കാർത്ത്യായനി അമ്മ: നീ ഭ്രാന്തുപറയുകയാണോ?

വൃദ്ധൻ: നിനക്കിപ്പഴേ അത് മനസ്സിലായിട്ടുള്ളൂ? നന്നായി! ഇപ്പോഴെങ്കിലും മനസ്സിലായല്ലോ?

കാർത്ത്യായനി അമ്മ: ജയയും വന്നോട്ടെ മോനേ.

ഡോക്ടർ ശ്രീധരൻ: ഞാനങ്ങനെയൊരുത്തിയെ അറിയില്ല.

ജയശ്രീ: (മുൻപോട്ടുവന്ന്) എന്നാൽ അറിയാത്തവരെ എന്തിനിവിടെ നിർത്തണം. (ഡോക്ടർ ശ്രീധരൻ ശ്രദ്ധിക്കാതെ മുഖം തിരിക്കുന്നു.) ഈ പുച്ഛവും അവഹേളനവുമൊന്നും സഹിച്ച് എനിക്കിവിടെ പാർക്കേണ്ട ആവശ്യമില്ല. എനിക്കൊരു വീടുണ്ട്. എന്നെ അങ്ങട്ടയച്ചേയ്ക്കൂ.

വൃദ്ധൻ: മോളേ മോളെന്തിനാ ഈ ബഹളത്തിലേക്ക് വന്നത്?

ജയശ്രീ: (അല്പം തേങ്ങി) അച്ഛാ, കുറെയേറെ ഞാനിത് സഹിച്ചു. ആരും കാണാതെ, ആരുമറിയാതെ, ഞാനെത്രയോ? കണ്ണീരൊഴുക്കിയിട്ടുണ്ട്! ഇതെന്തിനുവേണ്ടി ഞാൻ സഹിക്കണമച്ഛാ? അച്ഛൻ പറയൂ. സ്നേഹത്തിന്റെ പ്രതിഫലം ഇതാണോ ആരാധനയുടെ പ്രതിഫലം ഇതാണോ? ആണോ അച്ഛാ?

വൃദ്ധൻ: മോളേ, വിവേകം നശിച്ചാൽ ഇങ്ങനെ പലതുമുണ്ടാവും.

ജയശ്രീ: ഞാനിനി സഹിക്കാനൊരുക്കമില്ല. പാവം എന്നെപ്പിരിഞ്ഞ് ഒരുനിമിഷം കഴിച്ചുകൂട്ടാൻ എന്റെ അച്ഛന് വിഷമമാണ്. ഞാനവിടെച്ചെന്ന് എന്റെ അച്ഛനെ ശുശ്രൂഷിച്ച് കഴിഞ്ഞുകൊള്ളാം.

ഡോക്ടർ ശ്രീധരൻ: ആ തന്തയ്ക്ക് നിന്റെ ശവം പാഴ്സലാക്കേണ്ടതായിരുന്നു. പക്ഷേ, ഞാനത് ചെയ്യുന്നില്ല. നീ ജീവിക്കണം.

ജയശ്രീ: എന്നെ കൊന്നോളൂ. ഇതിലും ഭേദം മരണമാണ്.

ഡോക്ടർ ശ്രീധരൻ: പാടില്ല, നീ ജീവിക്കണം. എന്നിട്ട് എന്റെ ഉയർച്ച കണ്ട് നീ അസൂയപ്പെടണം. നീ വ്യസനിക്കണം. (കോട്ട് വലിച്ച് മേശപ്പുറത്ത് എറിയുന്നു. അകത്തേക്ക് ബദ്ധപ്പെട്ട് പോകുന്നു.)

വൃദ്ധൻ: (സാവകാശം രണ്ടടി നടന്ന്) വേണു, ഈ കുഴപ്പം കണ്ടറിയാൻ എനിക്ക് താമസം പറ്റി.

വേണു: അച്ഛാ, അച്ഛനെ വേദനിപ്പിക്കേണ്ടിവന്നതിൽ ഞാൻ ലജ്ജിക്കുന്നു.

വൃദ്ധൻ: നീ എന്തിന് ലജ്ജിക്കണം?

ജയശ്രീ: അച്ഛാ, ഇതിൽ ഒരാൾ മാത്രമേ ലജ്ജിക്കേണ്ടതുള്ളൂ.

വൃദ്ധൻ: അവന് ലജ്ജയില്ല; മോളേ.

വേണു: ഇതൊരു വല്ലാത്ത പ്രശ്നമായി... ഈ ജ്യേഷ്ഠത്തിയുടെ കാര്യമാലോചിക്കുമ്പോൾ...

ജയശ്രീ: ഇല്ല വേണു; എനിക്കൊന്നുമില്ല. എന്റെ അച്ഛനെ ശുശ്രൂഷിക്കാനുള്ള സൗകര്യമാണെനിക്കിപ്പോൾ കിട്ടുന്നത്. ഞാനതിൽ സന്തോഷിക്കുന്നു. പിന്നെ ഈ അപവാദത്തിന്റെ കാര്യം, അത് സാരമില്ല.

വേണു: അങ്ങനെ തള്ളിക്കളയാനെളുപ്പമാണോ?

ജയശ്രീ: ഞാൻ ഇതിലും വലിയ അപവാദം സഹിക്കാനൊരുക്കമാണ്. പക്ഷേ, അദ്ദേഹത്തിന്റെ അധഃപതനം അതെന്നെ വേദനിപ്പിക്കുന്നു. ആരംഭം മുതല്ക്ക് സർവ്വശക്തിയുമുപയോഗിച്ച് ഞാനതിനെ ചെറുത്തു. പക്ഷേ, പരാജയപ്പെടുകയാണുണ്ടായത്. തീർച്ചയായും ഞാൻ കൊള്ളാവുന്നൊരു ഭാര്യയല്ല. (തേങ്ങുന്നു) എനിക്കദ്ദേഹത്തെ രക്ഷിക്കാൻ കഴിഞ്ഞില്ല.

വൃദ്ധൻ: നീ കരയരുത് ജയേ, നിന്റെ കണ്ണീരുകൂടി കാണുമ്പോൾ അച്ഛന്റെ ഹൃദയം തകരുന്നു. ആരും ആരേയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അങ്ങനെ ചിന്തിക്കുമ്പോൾ ഇതെന്റെ കുറ്റമാണ്. അവൻ എന്റെ മകനല്ലേ? അവനെ നിയന്ത്രിച്ച് വളർത്തേണ്ട ചുമതല എനിയ്ക്കില്ലേ?

കാർത്ത്യായനി അമ്മ: ഓ, അവൻ അകത്തേക്ക് പാഞ്ഞുപോയതെന്തിനാവോ? വല്ല അവിവേകവും കാണിക്ക്യോ!

വൃദ്ധൻ: അവൻ അവിവേകമല്ലാതെ വല്ലതും കാണിച്ചിട്ടുണ്ടോ? ചെന്ന് നോക്കൂ. അതിലൊരു പങ്ക് നിനക്കും അനുഭവിക്കാം.

കാർത്ത്യായനി അമ്മ: നിങ്ങളെല്ലാവരും ആ പങ്കനുഭവിക്കുന്നുണ്ട്. (അകത്തേക്ക് ഓടിപ്പോകുന്നു.)

ജയശ്രീ കരയുന്നു.

വൃദ്ധൻ: ജയേ! നീ കരയുന്നതെന്തിന്?

ജയശ്രീ: എനിക്കദ്ദേഹത്തെ രക്ഷിക്കാൻ കഴിഞ്ഞില്ല.

വൃദ്ധൻ: നിനക്കെന്നല്ല; ആര് വിചാരിച്ചാലും അവനെ രക്ഷിക്കാൻ സാദ്ധ്യമല്ല.

വേണു: അച്ഛാ, അച്ഛൻ മറ്റുള്ളവർക്കൊരു മാതൃകയാണ്. ഞാനാവട്ടെ, അച്ഛന്റെ കാല്പാടുകളിലൂടെ നടക്കാൻ ശ്രമിക്കുകയുമാണ്. സദാചാരത്തിനും സൗഹൃദത്തിനും വേണ്ടി വീട്ടിലും പുറത്തും നടത്തിയ എന്റെ എല്ലാ പരിശ്രമങ്ങളും പരാജയപ്പെട്ടു.

വൃദ്ധൻ: ഭീരു! ഈ ഘട്ടത്തിലാണോ നീ തന്റേടം വിടുന്നത്? നല്ല വഴി തെളിക്കാനുള്ള പരിശ്രമം ഒരു കാലത്തും പരാജയപ്പെടില്ല... ജയേ?

ജയശ്രീ: അച്ഛാ!

വൃദ്ധൻ: കണ്ണു തുടയ്ക്കൂ. ഇനി കരയരുത്. ഉറച്ച് നില്ക്കൂ.

ജയശ്രീ: ഇല്ലച്ഛാ, ഇനി ഞാൻ കരയില്ല.

ഡോക്ടർ ശ്രീധരൻ ഒന്നു രണ്ട് പെട്ടിയും മറ്റും തൂക്കിയെടുത്ത് കടന്നുവരുന്നു. അവ കീഴെ വെയ്ക്കുന്നു.

വേണു: ജ്യേഷ്ഠാ, ജ്യേഷ്ഠനിങ്ങനെ വിഷമിക്കേണ്ട. അതൊക്കെ ഞാൻ ചുമന്നുകൊള്ളാം.

ഡോക്ടർ ശ്രീധരൻ: വിട്ടുനില്ക്കെടാ! എന്നെ വേഗത്തിൽ പറഞ്ഞയയ്ക്കണമല്ലേ?

വേണു: ജ്യേഷ്ഠനോടാരും അങ്ങനെ പറഞ്ഞിട്ടില്ലല്ലോ!

ഡോക്ടർ ശ്രീധരൻ: പിന്നെ നീയെന്നെ സഹായിക്കാനുദ്ദേശിച്ചതാണോ? ആണോ? (മുൻപോട്ടടുക്കുന്നു.) എന്റെ ക്ഷമ നീ പരിശോധിക്കരുത്!

വൃദ്ധൻ: (മുൻപോട്ടു നീങ്ങി) ശ്രീധരാ, നീയവനെ തൊടരുത്. തൊട്ടാൽ കാര്യം വഷളാവും.

കാർത്ത്യായനി അമ്മ ഓടിവരുന്നു.

കാർത്ത്യായനി അമ്മ: അയ്യോ മക്കളേ, പറഞ്ഞുപറഞ്ഞു കയ്യാങ്കളിക്കുള്ള വട്ടാണോ (വേണുവിനെ ഈർഷ്യയോടെ നോക്കി) ഓ! ചുറ്റിപ്പറ്റി നില്ക്കുന്നു. ആപത്തുണ്ടാക്കാൻ!

വൃദ്ധൻ: ഓ! മക്കളോടുള്ള നിന്റെ വാത്സല്യം, കാർത്ത്യായനീ!

കാർത്ത്യായനി അമ്മ: മക്കളെല്ലാംകൂടി തല്ലിച്ചാവുന്നത് നിങ്ങൾക്ക് കാണണം.

വൃദ്ധൻ: മദ്യപിച്ച് മൃഗങ്ങളാവുന്നതിലും ഭേദം തല്ലിച്ചാവുന്നതാണ്.

അകത്തുനിന്ന് ശങ്കരന്റെ കരച്ചിൽ. എല്ലാവരും അങ്ങോട്ടു ശ്രദ്ധിക്കുന്നു. ശങ്കരൻ കരഞ്ഞുകൊണ്ട് വരുന്നു.

ഡോക്ടർ ശ്രീധരൻ: എന്തിനാടാ കരയുന്നത്?

ശങ്കരൻ: (കരഞ്ഞുംകൊണ്ട്) എന്നെ...

ഡോക്ടർ ശ്രീധരൻ: നിന്നെ?

ശങ്കരൻ: തല്ലി.

ഡോക്ടർ ശ്രീധരൻ: ആരു തല്ലിയെടാ? ഇവിടെ ആർക്കാണ് നിന്നെ തല്ലാൻ ധൈര്യം. അതാണെനിക്കറിയേണ്ടത്.

ഭാസി പെട്ടെന്ന് വാതിൽക്കൽ പ്രത്യക്ഷപ്പെടുന്നു.

ഭാസി: ഞാനാണ്.

എല്ലാവരും അമ്പരക്കുന്നു.

ഡോക്ടർ ശ്രീധരൻ: നീയോ.

ഭാസി: അതെ.

ഡോക്ടർ ശ്രീധരൻ: നിനക്കതിനുള്ള തന്റേടമുണ്ടോ?

ഭാസി: ഉണ്ട്. അതുകൊണ്ടാണ് തല്ലിയത്.

കാർത്ത്യായനി അമ്മ: മോനേ, ഭാസീ!

ഭാസി: മിണ്ടാതിരിക്കു അമ്മേ.

ഡോക്ടർ ശ്രീധരൻ: ഇന്നുവരെ നീയെന്റെ മുഖത്തുനോക്കി സംസാരിച്ചിട്ടില്ല.

ഭാസി: ഇല്ല, ഞാൻ വിചാരിച്ചു നിങ്ങളെ നേർവഴികാട്ടാൻ ഈ ജ്യേഷ്ഠത്തിയമ്മ മതിയെന്ന്. പക്ഷേ, മതിയായില്ല... നിങ്ങൾ ജ്യേഷ്ഠത്തിയമ്മയുടെ അപേക്ഷകൾ ശ്രദ്ധിച്ചില്ല. അവരെ നിങ്ങളവഗണിച്ചു. ഒരു മാന്യന് നിരക്കാത്തവിധം നിങ്ങളവരെ അപമാനിക്കുകയും ചെയ്തു.

ഡോക്ടർ ശ്രീധരൻ: (മുൻപോട്ടടുത്ത്) എടാ, നീയതിന് സമാധാനം ചോദിക്കാൻ വന്നതാണോ?

ഭാസി: ഇങ്ങോട്ടടുക്കരുത് ഞാനൊരു ഫുട്ബോൾകളിക്കാരനാണ്. എതിരിടുന്നതാരായാലും ഞാൻ പിന്മടങ്ങില്ല. പിന്നെ നിങ്ങളേക്കാൾ കൂടുതൽ ബലവുമെനിക്കുണ്ട്. (ഡോക്ടർ ശ്രീധരൻ സ്തംഭിച്ചുനില്ക്കുന്നു. സാവകാശം മുൻപോട്ട് നീങ്ങി പതുക്കെ) അച്ഛാ, ക്ഷമിക്കണം. അച്ഛനുള്ളപ്പോൾ ഇവിടെ ഒരു പന്തുകളിക്കാരന്റെ ഭരണം പാടില്ലാത്തതാണ്.

വൃദ്ധൻ: നീയെന്താണെടാ ഈ കാണിക്കുന്നത്?

ഭാസി: അച്ഛന്റെ അന്തസ്സിന് നിരക്കാത്ത യാതൊന്നും ഞാൻ കാണിക്കില്ല. ഒരു നിമിഷം ഈ വീട്ടിന്റെ ഭരണം ഞാനേറ്റെടുക്കുന്നു. ഇവിടെ ഞാൻ ഫുട്ബോളിന്റെ തത്ത്വശാസ്ത്രമാണ് പ്രയോഗിക്കാൻ പോകുന്നത്. (ഉറക്കെ) അമ്മേ!

കാർത്ത്യായനി അമ്മ: എന്താ ഭാസീ?

ഭാസി: അല്പം മുൻപ് അമ്മ ഈ വീട്ട് വിട്ട് പോകാമെന്ന് ജ്യേഷ്ഠനോട് സമ്മതിച്ചില്ലേ?

കാർത്ത്യായനി അമ്മ: സമ്മതിച്ചു.

ഭാസി: അതു നടപ്പില്ലമ്മേ. അമ്മ അകത്ത് ചെന്നിരിക്കണം. വേഗം!

കാർത്ത്യായനി അമ്മ: അപ്പോൾ ശ്രീധരൻ?

ഭാസി: ഇനിയൊരക്ഷരം ഇക്കാര്യത്തിൽ സംസാരിക്കരുത്.

ഡോക്ടർ ശ്രീധരൻ: നീയാരാണെടാ കല്പിക്കാൻ?

ഭാസി: ഞനോ? ഞാൻ അച്ഛന്റെ അനുവാദത്തോടുകൂടി ഇപ്പോൾ ഈ വീട്ടിന്റെ ഭരണം നടത്തുന്നവനാണ്.

ഡോക്ടർ ശ്രീധരൻ: നിന്റെ ഭരണം! അത് ഞാൻ കാട്ടിത്തരാം. (മുൻപോട്ടടുക്കുന്നു.)

ഭാസി: നേർത്തേ പറഞ്ഞ കാര്യം ജ്യേഷ്ഠൻ മറക്കരുത്. ഞാൻ ഒരു ഫുട്ബോൾ കളിക്കാരനാണ്. മത്സരത്തിലേർപ്പെട്ടാൽ ജീവനുപേക്ഷിച്ചും ഞാൻ കളിക്കും. (ഡോക്ടർ ശ്രീധരൻ സ്തംഭിച്ച് നില്ക്കുന്നു.) അമ്മ കേട്ടില്ലേ പറഞ്ഞത്. അകത്തേക്ക് പോകു. (കാർത്ത്യായനി അമ്മ പതുക്കെ പോകാൻ തുടങ്ങുന്നു.) ജ്യേഷ്ഠത്തിയമ്മേ, നിങ്ങളും എങ്ങും പോകരുത്. എല്ലാം നാളെ നമുക്ക് കൂടിയിരുന്നാലോചിക്കാം.

ജയശ്രീ: എനിക്ക് നിങ്ങളെയൊന്നും വിട്ടുപോകണമെന്നില്ല. പക്ഷേ, ഭാസീ, എന്റെ സദാചാരംപോലും ചോദ്യംചെയ്യപ്പെട്ടിരിക്കയാണ്.

ഭാസി: അതിന്റെ ഗൗരവം ഞാൻ മനസ്സിലാക്കിട്ടുണ്ട്. തല്ക്കാലം ജ്യേഷ്ഠത്തിയമ്മ അകത്തേക്ക് പോകൂ.

വേണു: (മുൻപോട്ട് വന്ന്) പൊട്ടിപ്പോയതു് ഏച്ചുകെട്ടീട്ടെന്താണ് ഭാസീ?

ഭാസി: ഇതു് ഫുട്ബോളിന്റെ തത്ത്വശാസ്ത്രമാണ്.

വേണു: ഏതു് തത്ത്വശാസ്ത്രമായാലും സമാധാനത്തിനുള്ള വഴിയുണ്ടാക്കണം.

ഭാസി: ഇതു പരീക്ഷണമാണ്. ജ്യേഷ്ഠത്തിയമ്മ ഇനിയും പോയില്ലേ?

ജയശ്രീ: ഞാൻ പോകാം. (പോകുന്നു.)

ഭാസി: ഈ വീട്ടിൽനിന്ന് അച്ഛൻ ജീവിച്ചിരിക്കുമ്പോൾ ആരും എവിടെയും പോവാൻ പാടില്ല. ഈ വീട്ടിൽനിന്ന് യാതൊരു സാധനവും എടുത്തുമാറ്റാൻ ആർക്കും അവകാശവുമില്ല. (ശങ്കരനോട് കേട്ടോടാ?)

ശങ്കരൻ: എന്നെ ഇനി തല്ലരുത്. ഞാൻ പൊയ്ക്കോളാം.

ഭാസി: നീയും പോവാൻ പാടില്ല. സാധനങ്ങളൊന്നും എടുത്തു മാറ്റരുത്.

ഡോക്ടർ ശ്രീധരൻ: ഞാനെടുക്കും. ഇവിടെയുള്ളത്രയും എനിക്കവകാശപ്പെട്ടതാണ്.

ഭാസി: തീർച്ചയായും അച്ഛനും, ഞാനും, ഈ ജ്യേഷ്ഠനും എല്ലാവരും നിങ്ങൾക്കവകാശപ്പെട്ടതാണ്. എടുക്കുമ്പോൾ എല്ലാം ഒന്നിച്ചെടുക്കണം. അല്ലെങ്കിൽ ഇവിടെ മത്സരക്കളി നടക്കും. തീർച്ച.

ഡോക്ടർ ശ്രീധരൻ അസ്വസ്ഥനായി ഒരിടത്തിരിക്കുന്നു.

വേണു: നിന്റെ തത്ത്വശാസ്ത്രംകൊണ്ട് ഈ വീട്ടിൽ സമാധാനമുണ്ടാവുമെന്ന് നീ വിശ്വസിക്കുന്നുണ്ടോ?

ഭാസി: ജ്യേഷ്ഠാ, ഏതു് മത്സരമായാലും മാന്യതയോടെ കളിക്കണം. കളിക്കാർ പരുക്കുപറ്റി പുറത്തുപോയാലും വീറോടെ കളിക്കണം. പക്ഷേ, പകയും വിദ്വേഷവും പാടില്ല. അതു് കളിക്കാർക്ക് യോജിച്ചതല്ല.

വൃദ്ധൻ: നിന്റെ കളിക്കാരുടെ പ്രശ്നം ഇവിടെ വരുന്നില്ലല്ലോ.

ഭാസി: അച്ഛനെപ്പോഴും പറയാറില്ലേ, എല്ലാം കളിയാണെന്ന്. കളിയിൽ ജയവും പരാജയവും പതിവാണ്. അതിൽ പരിഭവിക്കാൻ ആർക്കും അവകാശമില്ല. സ്പോർട്സ്മേൻ സ്പിരിട്ടെന്താണെന്നോ? ജയിച്ചവനും തോറ്റവനും പരസ്പരം കൈകൊടുക്കുക (മുൻപോട്ടുനീങ്ങി) ജ്യേഷ്ഠാ! (ഡോക്ടർ ശ്രീധരന്റെ നേരെ കൈ നീട്ടി കാണിക്കുന്നു.)

— യവനിക —

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.